സബ്മിഷൻ

## <u>സ്രവ, രക്ത സാമ്പിൾ പരിശോധന</u>

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): സർ, മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽവച്ച് നെടുമങ്ങാട് സ്വദേശിയായ മധു ഇക്കഴിഞ്ഞ ദിവസം മരണപ്പെട്ടു. ഹാന്റാ വൈറസ് ബാധിച്ചാണ് മരണമുണ്ടായതെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഡെങ്കിപ്പനി, പക്ഷിപ്പനി, എലിപ്പനി എന്നിവ പടർന്നുപിടിച്ചപ്പോൾ രക്ത-സ്രവ പരിശോധനയ്ക്ക് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തി യിരുന്നു. ആർ.ജി.സി.ബി-യുടെ ലാബിലാണ് ഇത്തരം പരിശോധനകൾ നടന്നുകൊണ്ടിരിക്കുന്നത്. മരിച്ച മധുവിന്റെ സ്രവപരിശോധന ഡിസംബർ 10 -നും രക്തപരിശോധന ഡിസംബർ 28-നും നടക്കുകയുണ്ടായി. പരിശോധന യിൽ മധുവിന് ഹാന്റാ വൈറസ് ബാധമൂലമുള്ള രോഗമാണെന്ന് തെളിഞ്ഞു. ഇക്കാര്യം ഉറപ്പാക്കുന്നതിന് ജനുവരി 6-ാം തീയതി വീണ്ടും രക്തപരിശോധന നടത്തി. ഇക്കാര്യം മെഡിക്കൽ കോളേജിലെ എ.സി.ആർ. ലാബിനെ അറിയി ച്ചുവെന്ന് മാത്രമല്ല, ആർ.ജി.സി.ബി.-യിലെ ശാസ്ത്രജ്ഞർ ആരോഗ്യ വകുപ്പ് അധികൃതരുമായി ഇക്കാര്യത്തിൽ നിരന്തര ചർച്ചകളും നടത്തിക്കൊണ്ടിരു ന്നു. എന്നിട്ടും സർക്കാർ ഈ വസ്തുത ഗൗരവമായി എടുത്തില്ല. ഹാന്റാ വൈറസ് ബാധയ്ക്ക് യാതൊരുവിധ ചികിത്സയും നിലവിലില്ല. മധുവിന്റെ മരണം ഹാന്റാ വൈറസ് ബാധയെത്തുടർന്നാണെന്ന വാർത്ത പുറത്തുവന്ന തിനെത്തുടർന്ന് ഇനി മുതൽ രക്ത-സ്രവ സാമ്പിളുകൾ പരിശോധനയ്ക്ക് ആർ.ജി.സി.ബി.-യിലേയ്ക്ക് നൽകേണ്ടതില്ലെന്നാണ് ആരോഗ്യ വകുപ്പ് അധികൃതർ നിർദ്ദേശം നൽകിയിരിക്കുന്നത്. കഴിഞ്ഞ രണ്ട് ദിവസമായി

സർക്കാർ ആശുപത്രികളിൽ നിന്ന് രക്തസാമ്പിളുകൾ ആർ.ജി.സി.ബി.-ക്ക് നൽകുന്നില്ല. എലിപ്പനി, ഡെങ്കിപ്പനി, എച്ച്1എൻ1, പക്ഷിപ്പനി എന്നിവയ്ക്കുള്ള ടെസ്റ്റുകൾക്ക് ആർ.ജി.സി.ബി.-യിൽ 700-800 രൂപ ഈടാക്കുമ്പോൾ തിരുവനന്തപുരത്തെ സ്വകാര്യ ലാബുകൾ 4000-5000 രൂപയാണ് ഈടാക്കുന്നത്. സാധാരണക്കാരായ രോഗികളെ കൊള്ളയടിക്കാൻ സ്വകാര്യ ലാബുകൾക്ക് അവസരമുണ്ടാക്കുന്നതിനാണ് സർക്കാർ ആർ.ജി.സി.ബി.-യെ ഒഴിവാക്കിയിരിക്കുന്നത്. ആർ.ജി.സി.ബി.-യുടെ പരിശോധനാ ഫലങ്ങൾ തക്കസമയത്ത് സ്വീകരിച്ച് നടപടിയെടുക്കുന്നതിന് പരാജയപ്പെട്ട സർക്കാർ ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ് വരുത്തിയത്. ആർ.ജി.സി.ബി.-ക്ക് രക്തസാമ്പിളുകൾ വീണ്ടും പരിശോധനയ്ക്ക് നൽകുന്നതിന് നടപടിയെടുക്കണമെന്നും പരിശോധനാ ഫലം യഥാസമയം പഠിച്ച് നടപടിയെടുക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥന്മാർക്കെതിരെ കർശന നടപടിയെടുക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, മെഡിക്കൽ കോളേജ്, എസ്.എ.ടി. ആശുപത്രി എന്നിവിടങ്ങളിലെ ലബോറട്ടറികളിലാണ് സ്രവ രക്ത സാമ്പിളുകൾ സാധാരണഗതിയിൽ പരിശോധിച്ചുവരുന്നത്. എന്നാൽ എല്ലാവിധ പരിശോധനകൾക്കുമുള്ള സൗകര്യം ഈ ലാബുകളിൽ ലഭ്യമല്ല. അങ്ങനെയുള്ള സന്ദർഭങ്ങളിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ന്റെ കീഴിലുള്ള എ.സി.ആർ ലാബിലേയ്ക്ക് സാമ്പിളുകൾ പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. വളരെ ഗൗരവമേറിയ രോഗങ്ങളായ $H_1N_1$, എലിപ്പനി, ചിക്കൻഗുനിയ, ചെള്ളുപനി, ഹെപ്പറ്റൈറ്റിസ്-ബി, ഹാന്റ വൈറസ് പോലുള്ള പനികൾക്ക് പൂർണ്ണതോതിലുള്ള

ടെസ്റ്റുകൾക്കുള്ള പി.സി.ആർ.ടെസ്റ്റ് സൗകര്യം അവിടെയില്ല. ഈ രോഗങ്ങളുമായി ബന്ധപ്പെട്ട പ്രാഥമിക ടെസ്റ്റുകൾ മാത്രമേ എ.സി.ആർ ലാബിൽ നടത്തേണ്ട സൗകര്യമുള്ളൂ. അങ്ങനെയുള്ള സന്ദർഭങ്ങളിൽ സ്ഥിതീകരണ പരിശോധനയ്ക്കുവേണ്ടി രാജീവ് ഗാന്ധി സെന്ററിലേയ്ക്കാണ് ഈ ടെസ്റ്റുകൾ നടത്തുന്നതിനുവേണ്ടി അയയ്ക്കുന്നത്. ഇതിനായി എ.സി. ആർ ലാബും, രാജീവ് ഗാന്ധി സെന്ററും തമ്മിൽ ധാരണ ഉണ്ടാക്കിയിട്ടുണ്ട്. ഇത് ഇന്നും തുടർന്നു വരുന്നു. സാമ്പിളുകൾ പരിശോധനയ്ക്കായി രാജീവ് ഗാന്ധി സെന്ററിലേയ്ക്ക് അയയ്ക്കേണ്ട എന്നുള്ള യാതൊരുവിധ നിർദ്ദേശവും സർക്കാർ നൽകിയിട്ടില്ല.

മി. സ്പീക്കർ: പത്രങ്ങളിൽ വാർത്ത വന്നിരുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: പത്രങ്ങളിൽ ഹാന്റ വൈറസുമായി ബന്ധപ്പെട്ട് വാർത്തകൾ വന്നപ്പോൾ തന്നെ ഉന്നതതല യോഗം വിളിച്ചു. ആ യോഗത്തിൽ ആരോഗ്യവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്മാർ അറിയിച്ചിട്ടുള്ളത്, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോ ടെക്നോളജി നടത്തിയത് ഹാന്റ വൈറസുമായി ബന്ധപ്പെട്ട പൂമാല ഐ. ജി. എം എന്ന പ്രാഥമിക പരിശോധന മാത്രമാണ്. തുടർ പരിശോധനകളായ പി.സി.ആർ, കൾച്ചർ എന്നിവ കൂടി നടത്തിയാലേ രോഗം സ്ഥിരീകരിക്കാൻ സാധിക്കുകയുള്ളൂ. അതിന് അധികാരപ്പെട്ട സ്ഥാപനം പൂനെയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയാണ്. രാജ്യത്ത് പുതിയ രോഗം കണ്ടെത്തിയാൽ അത് പ്രഖ്യാപിക്കാൻ അധികാരം നൽകിയിട്ടുള്ളത് ഈ സ്ഥാപനത്തിനാണ്. അമേരിക്കയിലെ അറ്റ്ലാന്റയിലുള്ള സെന്റർ ഫോർ ഡിസീസ് കൺട്രോളിന്റെ ടെസ്റ്റും കിറ്റും മാത്രമാണ് ലോകാരോഗ്യ സംഘടന ഹാന്റ വൈറസ് സ്ഥിരീകരിക്കുന്നതിനായി അംഗീകരിച്ചിട്ടുള്ളത്. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോ

ടെക്നോളജിയുടെ പ്രാഥമിക പരിശോധനയിൽ സ്ക്രബ് ടൈഫസും ഹാന്റാ വൈറസും പോസിറ്റീവായി കണ്ട രക്ത സാമ്പിൾ തുടർ പരിശോധനകൾക്കും രോഗ സ്ഥിതീകരണത്തിനുമായി പൂനയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന് ലഭ്യ മാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതുംകൂടി ലഭ്യമായാൽ മാത്രമേ ഇത് ഹാന്റാ വൈറസാണോ എന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ പാലോടുള്ള മധു മരിച്ചതുമായി ബന്ധപ്പെട്ട് ഇതിന്റെ സ്ക്രബ് ടൈഫസും, ഹാന്റാ വൈറസും പോസിറ്റീവായി കണ്ടു എന്നുള്ളത് യാഥാർത്ഥ്യമാണ്. അതുമായി ബന്ധപ്പെട്ട് മെഡിക്കൽ സംഘം മരണപ്പെട്ട വ്യക്തിയുടെ വീടും സ്ഥലവും പരിശോധിച്ച് കാര്യങ്ങൾ വിലയിരുത്തിയിട്ടുണ്ട്. അവിടെ രോഗം പകരാനുള്ള യാതൊരു സാധ്യതയും സംഘം കണ്ടെത്തിയിട്ടില്ല. ഈ പ്രദേ ശത്ത് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുന്നുണ്ട്. നടത്താനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത്തരത്തിലുള്ള നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഒരു പുതിയ വൈറസ് കണ്ടെത്താൻ അതിനു വേണ്ടുന്ന എല്ലാവിധ പഠനങ്ങളും നടത്തി സ്ഥിരീകരിച്ചതിനുശേഷം മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. എന്തായിരുന്നാലും രാജീവ് ഗാന്ധി സെന്ററുമായി ബന്ധപ്പെട്ടുള്ള ഒരു കരാർ നിലനിൽക്കുന്നുണ്ട്. അവിടെ ഇന്നും സാമ്പിളു കൾ അയയ്ക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു നിർദ്ദേശവും ഗവൺമെന്റ് നൽകിയിട്ടില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, കഴിഞ്ഞ തവണയും പറഞ്ഞ തിനുശേഷം ഇറങ്ങിപ്പോയി. അതുകാരണം.... റബ്ബറിന്റെ വിലയടിവി നെക്കുറിച്ച് വളരെ ഗൗരവമായി ചർച്ച ചെയ്ത പ്രശ്നമാണ്. റബ്ബറിന് കിലോയ്ക്ക് ഒരു രൂപ വർദ്ധിപ്പിച്ചതായിട്ടാണ് കേട്ടത്. അതുകൊണ്ട് റബ്ബ റിന്റെ വിലയിടിവിൽ നിന്ന് റബ്ബർ കൃഷിക്കാർക്ക് രക്ഷപ്പെടാൻ കഴിയുമോ?

അത് ധനകാര്യവകുപ്പുമന്ത്രി കാണുന്നില്ല. സീരിയസായിട്ടുള്ള ഒരു പ്രശ്ന മായി അവതരിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ അത് ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുമെന്ന് ഞാൻ ആശിക്കുകയാണ്.

മി. സ്പീക്കർ: വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം.

**പാൻ മസാല വിപണനം ചെയ്യുന്നവർക്ക് ജയിൽ ശിക്ഷ**

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ വിദ്യാർത്ഥികളെയും യുവനങ്ങളെയും സാരമായി ബാധിക്കുന്ന ഒരു പ്രശ്നമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കേരളത്തിൽ 2006-ലെ ഭക്ഷ്യ സുരക്ഷാ നിയമപ്ര കാരം പാൻമസാല പോലുള്ള ലഹരി പദാർത്ഥങ്ങൾ നിരോധിച്ചിട്ടുണ്ട്. വിദ്യാലയങ്ങളുടെ 400 കിലോമീറ്റർ ചുറ്റളവിൽ ഇത്തരത്തിലുള്ള യാതൊരു ലഹരി പദാർത്ഥങ്ങളും വിൽപ്പന നടത്താൻ പാടില്ലായെന്നാണ് നിയമത്തിൽ പറയുന്നത്. ഈ നിയമം കർശനമായി നടപ്പിലാക്കാൻ വേണ്ടി സംസ്ഥാന നിലവാരത്തിൽ ഒരു സമിതി ഒരു റെയ്ഡ് സ്ക്വാഡിനെ തീരുമാനിച്ചു. ആ സ്ക്വാഡ് ഇപ്പോൾ പ്രവർത്തനരഹിതമാണ്. ഈ നിയമത്തിന്റെ ശിക്ഷാ വിധികൾ പരിശോധിച്ചാൽ കുറ്റവാളികളെ 6 കൊല്ലത്തെ കഠിന തടവിന് ശിക്ഷിക്കാം പക്ഷെ, കേരളത്തിൽ ഒരാളിനെപ്പോലും ഈ നിയമത്തിന്റെ മുൻപിൽ കൊണ്ടുവന്നിട്ടില്ല. ധാരാളം റെയ്ഡ് നടന്നുവെന്ന് അവകാശപ്പെടു ന്നു, ശരിയാണ്. ടൺ കണക്കിന് പാൻമസാല പിടിച്ചെടുത്തത് പലയിടത്തും ഡംബ് ചെയ്തിട്ടിരിക്കുകയാണ്. അത് വീണ്ടും കച്ചവടത്തിന് ഉപയോഗിക്കു കയാണ്. ഇതിന്റെ പ്രാക്ടിക്കലായിട്ടുള്ള പ്രശ്നം പിടിച്ചെടുത്ത പാൻമസാല എന്ത് ചെയ്യണമെന്ന് ഒരു പിടിയുമില്ല. പോലീസ് സ്റ്റേഷനുകളിൽ അപകട ത്തിൽപ്പെടുന്ന വാഹനങ്ങൾ കുന്നുകൂടുന്നതുപോലെ പിടിക്കപ്പെട്ട പാൻ

മസാല വീണ്ടും കമ്പോളത്തിലേയ്ക്ക് വരികയാണ്. ഇത് കസ്റ്റഡിയിലെടുത്താൽ നശിപ്പിക്കാൻ എന്തെങ്കിലും നിയമങ്ങൾ ഉണ്ടോ? ഇത് എവിടെയാണ് പോകുന്നത്? ചെക്ക് പോസ്റ്റ് വഴിയും, അയൽ സംസ്ഥാനങ്ങളിൽ നിന്നുമാണ് ഏറ്റവും കൂടുതൽ ഇത് വരുന്നത്. ഈ നിയമം നടപ്പിലാക്കാൻ തുടങ്ങിയതിന്റെ ഫലമായി ചെറിയ തോതിൽ ഫലങ്ങളുണ്ടായിട്ടുണ്ട്. പക്ഷേ, പുകയില കുത്തക കമ്പനിക്കാർ ഇതിനെതിരായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. തീരുവയും കാര്യങ്ങളും ലൈസൻസുമുള്ള ഒരു ഉല്പന്നമാണെന്നും ഇത് വിറ്റഴിക്കാനുള്ള സ്വാതന്ത്ര്യം അവർക്ക് നൽകണമെന്നും കോടതിയിൽ അവകാശപ്പെട്ടിരിക്കുകയാണ്. ചുരുക്കത്തിൽ, നമ്മുടെ പുതിയ തലമുറയെ ഗൗരവമായി ബാധിക്കുന്ന...... കേരളത്തിൽ മദ്യ നിരോധനമുണ്ട്. മദ്യ നിരോധനത്തിന്റെ സ്ഥിതി ഇപ്പോൾ എന്താണെന്ന് അറിയാം. മദ്യം വിൽക്കുന്നതിന് നിയന്ത്രണങ്ങളുണ്ട്. കേരളത്തിലെ വലിയൊരു ശാപമമായി മാറിയിരിക്കുകയാണ്. തിരുവനന്തപുരത്തെ ചില സ്ഥലങ്ങളിൽ കഞ്ചാവ് കൃഷി നടന്നതായി ഇന്നലെ പത്രങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനെക്കാൾ, ഏറ്റവും അപകടകരമായിട്ടുള്ളത്, കുട്ടികൾ പാൻമസാല ഉപയോഗിക്കാൻ നിർബന്ധിതരാകുന്നുവെന്നതാണ്. വിദ്യാഭ്യാസ വകുപ്പും, ആരോഗ്യവകുപ്പും, പോലീസും, എക്സൈസും, റവന്യൂവും കൂടി അടങ്ങുന്ന ഒരു ഉന്നതതല സമിതിയ്ക്കല്ലാതെ കേരളത്തിൽ പാൻമസാല നിരോധനം ഫലപ്രദമായി നടപ്പിലാക്കാൻ സാധ്യമല്ല. ഗൗരവമുള്ള ഒരു സാമൂഹ്യ പ്രശ്നമായി ബഹുമാനപ്പെട്ട മന്ത്രി ഇത് പരിഗണിക്കണം, പരിശോധിക്കണം, നടപടി സ്വീകരിക്കണം എന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേ

ഷമാണ് പുകയില ഉൽപ്പന്നങ്ങൾ അടങ്ങിയിട്ടുള്ള പാൻ മസാലയും ഫുഡ്ഗയും കേരളത്തിൽ നിരോധിക്കുന്നതിന് തീരുമാനമെടുത്തത്. ഇത്തരത്തിലുള്ള തീരുമാനമെടുത്ത ഇന്ത്യയിലെ രണ്ടാമത്തെ സംസ്ഥാനമാണ് കേരളം. അതിന്റെ അടിസ്ഥാനത്തിൽ പുകയിലയും നിക്കോട്ടിനും അടങ്ങിയ പാൻ മസാല എത് പേരിലറിയപ്പെട്ടാലും അവയുടെ സംഭരണം, ഉൽപ്പാദനം, വിതരണം എന്നിവ സംസ്ഥാനത്ത് പൂർണ്ണമായും നിരോധിച്ച് അതിനുവേണ്ട നടപടികളുമായി മുന്നോട്ടുപോകുകയാണ്. അതിനുശേഷം കേന്ദ്ര ഭക്ഷ്യ സുരക്ഷാ നിലവാര റെഗുലേഷന്റെ റൂൾ 2,3,4 പ്രകാരം രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും സുപ്രീം കോടതിയുടെ ഇടപെടലിലൂടെ പുകയിലയും നിക്കോട്ടിനും അടങ്ങിയ പാൻ മസാലകൾ നിരോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പാൻ മസാല നിരോധനം ഫലപ്രദമായി നടപ്പിലാക്കാൻ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെയും പോലീസ്, റവന്യൂ, ആരോഗ്യം എന്നീ വകുപ്പുകളിലെയും ഉദ്യോഗസ്ഥരുമടങ്ങിയ സംയുക്ത സ്ക്വാഡുകൾക്ക് രൂപം കൊടുത്തിട്ടുണ്ട്. അത്തരം സ്ക്വാഡുകൾ സംസ്ഥാന വ്യാപകമായി പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. നിരോധിച്ച പാൻ മസാല വിൽക്കുന്നത് സംബന്ധിച്ച് കിട്ടുന്ന രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തി നിരോധിച്ച ഉൽപ്പന്നങ്ങൾ പിടിച്ചെടുത്ത് നശിപ്പിക്കുകയും ഉത്തരവാദികളായി കണ്ടെത്തുന്നവരിൽ നിന്നും പിഴ ഈടാക്കുകയും ചെയ്യാറുണ്ട്. സംസ്ഥാനത്തിനകത്ത് നിരോധിത പാൻമസാല ഉൽപ്പന്നങ്ങൾ കടത്തികൊണ്ടു വരുന്നത് ചരക്കുലോറികൾ, പാഴ്സൽ സർവ്വീസുകൾ, അന്തർ സംസ്ഥാന ലക്ഷ്വറി ബസ്സുകൾ എന്നിവ മുഖാന്തിരമാണ്. നിരോധിത വസ്തുക്കൾ കൊണ്ടുവരുന്നത് തടയാൻ പോലീസ്, വാണിജ്യ

നികുതി, എക്സൈസ് എന്നീ വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ലക്ഷകണക്കിന് രൂപയുടെ നിരോധിത ഉൽപ്പന്നങ്ങൾ ഇതിനകം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്ന പ്രദേശങ്ങളിലാണ് നിരോധിത ഉൽപ്പന്നങ്ങളുടെ ഉപയോഗം കൂടുതലായി കണ്ടെത്തിയിട്ടുള്ളത്. ആയത് അന്യദേശ തൊഴിലാളികൾ അവരവരുടെ സംസ്ഥാനങ്ങളിൽ പോയിവരുമ്പോൾ അമിതലാഭത്തിനുവേണ്ടി കൊണ്ടുവരുന്നതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ക്വാഡുകൾ അതിനുവേണ്ട കർശന നടപടികളെടുക്കുന്നുണ്ട്. നിരോധന ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലെ സെക്ഷൻ 58 നിഷ്കർഷിച്ചിട്ടുള്ള 2 ലക്ഷം രൂപ വരെയുള്ള പിഴ ശിക്ഷ ഈടാക്കിവരുന്നു. കേന്ദ്ര സർക്കാർ പാസ്സാക്കിയ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള ശിക്ഷാ നടപടികൾ മാത്രമേ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർക്ക് നിയമപരമായി സ്വീകരിക്കാൻ കഴിയുകയുള്ളൂ. ശിക്ഷ സംബന്ധിച്ച് ഭേദഗതികൾ കൊണ്ടുവരാനുള്ള അധികാരം കേന്ദ്ര സർക്കാരിൽ മാത്രം നിക്ഷിപ്തമായിട്ടുള്ളതാണ്. എന്നാൽ, ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു യോഗം വിളിച്ചുചേർത്തിരുന്നു. ആ യോഗത്തിന്റെ തീരുമാനമനുസരിച്ച് നിരോധിത ഉൽപ്പന്നങ്ങൾ വിൽക്കുന്നവർക്കെതിരെ പോലീസ് ആക്ട് പ്രകാരം കർശന നടപടി സ്വീകരിക്കാൻ പോലീസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വളരെ ശക്തമായ നടപടികളാണ് സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുപോകുന്നത്.

**കളിമൺ തൊഴിൽ മേഖലയിലെ പ്രതിസന്ധി**

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പരമ്പരാഗതമായി കളിമണ്ണുകൊണ്ട് പാത്രങ്ങളുണ്ടാക്കി വീടുവീടാന്തരം നടന്ന് അത് വിറ്റ് ഉപജീവനം നടത്തുന്ന കേരളത്തിലെ പതിനായിരകണക്കിന് വരുന്ന മൺപാത്ര നിർമ്മാണ തൊഴിലാളികളെ സംരക്ഷിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് കളിമൺ ഉപയോഗിച്ചുകൊണ്ട് പാത്രങ്ങൾ നിർമ്മിച്ച് ഉപജീവനം കഴിയുന്ന ലക്ഷകണക്കിന് വരുന്ന മൺപാത്ര നിർമ്മാണ തൊഴിലാളികളുണ്ട്. അതൊരു കുടിൽ വ്യവസായമാണ്. ഇന്നത് വലിയ പ്രതിസന്ധിയിലാണ്. കാരണം പ്രധാനമായും കളിമൺ കിട്ടാനില്ലാത്തതാണ്. കളിമൺ കണ്ടെത്തി സ്ഥലം ഐഡന്റിഫൈ ചെയ്തു കൊടുക്കുവാൻ പല ഘട്ടങ്ങളായി അവരുടെ തൊഴിലാളി സംഘടനകൾ ആവശ്യപ്പെടുന്നതാണ്. ഇതുവരെ കളിമൺ ഖനനത്തിനുള്ള സ്ഥലം ഐഡന്റിഫൈ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഏതെങ്കിലും പ്രദേശത്ത് നിന്ന് കളിമൺ എടുത്താൽ പാവപ്പെട്ട ആളുകളെ പോലീസ് പീഡിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ആ രംഗത്ത് വലിയ സ്തംഭനാവസ്ഥ നിലനിൽക്കുകയാണ്. കളിമൺ തൊഴിലാളികളെ സംരക്ഷിക്കുവാൻ വേണ്ടിയുള്ള ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടിയാണ് മൺപാത്ര നിർമ്മാണ വികസന കോർപ്പറേഷൻ രൂപീകരിച്ചത്. മൺപാത്ര നിർമ്മാണ വികസന കോർപ്പറേഷൻ രൂപീകരിച്ച് രണ്ടു വർഷമായിട്ടും ഇതുവരെ ബോർഡ് രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ല. മതിയായ സ്റ്റാഫിനെ അതിനു വേണ്ടി നൽകാനും കഴിഞ്ഞിട്ടില്ല. രണ്ടുഘട്ടങ്ങളായി സർക്കാർ മൂന്ന് കോടി രൂപ മൺപാത്ര നിർമ്മാണ വികസന കോർപ്പറേഷന് നൽകിയെങ്കിലും ഇതു

വരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മൂന്ന് കോടി രൂപ നൽകിയതിൽ ഏതാണ്ട് 35 ലക്ഷം രൂപ മാത്രമാണ് ഇതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. കോർപ്പറേഷന്റെ പ്രവർത്തനം അവതാള ത്തിലാണ്. കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ പാവപ്പെട്ട തൊഴിലാളികൾക്ക് അതിന്റെ പ്രയോജനം ലഭിക്കും. അതുപോലെ തന്നെ ഇവർ വിദ്യാഭ്യാസപരമായും സാംസ്കാരികമായും സാമ്പത്തികമായും വളരെ പിന്നോക്കാവസ്ഥയിലാണ്. നാം ഇവിടെ മത്സ്യത്തൊഴിലാളി കളെക്കുറിച്ചും ആദിവാസികളെക്കുറിച്ചും ചർച്ച ചെയ്യുകയാണ്. അവരെ ക്കാൾ കഷ്ടമായ സ്ഥിതിയാണ് കേരളത്തിലെ മൺപാത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളികളെ സംബന്ധിച്ചുള്ളത്. അവരെ വിദ്യാഭ്യാസ രംഗത്ത് വളർത്തിയെടുക്കാനും തൊഴിൽ രംഗത്ത് മുന്നോട്ട് കൊണ്ടുവരാനും കഴിയുന്ന രീതിയിലുള്ള സംവിധാനം ഉണ്ടാക്കാൻ കഴിയണം. അവരുടെ സംഘടന പല നിവേദനങ്ങളും സമർപ്പിച്ചിട്ടുണ്ട്. കളി മൺ പാത്ര നിർമ്മാണ തൊഴിലാളി യൂണിയന്റെ ആഭിമുഖ്യത്തിൽ ധർണ്ണയും പിക്കറ്റിംഗും സമരവും നടത്തുകയും ഗവൺമെന്റിലേക്ക് വിവിധ ഘട്ടങ്ങളിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവർ ആവശ്യപ്പെടുന്നത് 3 ശത മാനം സംവരണം വേണമെന്നാണ്. പ്രത്യേക സംവരണം നൽകിയെങ്കിലും ഈ പാവപ്പെട്ട ആളുകളെ മുഖ്യധാരയിലേക്ക് ഉയർത്തിയെടുക്കേണ്ടതുണ്ട്. മൺപാത്ര നിർമ്മാണ വികസന കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. ഗവൺമെന്റ് ഇക്കാര്യത്തിൽ ശരിയായ രീതിയിൽ ഇട പെടണം. അവർക്ക് കളിമൺ ലഭ്യമാക്കണം. ഞാൻ കളിമൺ വ്യവസായ ലോബിക്കുവേണ്ടിയല്ല വാദിക്കുന്നത്. അത് പ്രത്യേകമായി എടുത്തു പറ

യാൻ ആഗ്രഹിക്കുകയാണ്. അവരെ പോലീസ് പീഡിപ്പിക്കുന്ന സ്ഥിതി ഒഴിവാക്കണം. അതുപോലെ തന്നെ അവർക്ക് ആവശ്യത്തിന് വിറകും വേണം. അതിന് ആവശ്യമായ സംവിധാനമൊരുക്കണമെന്ന് ഗവൺമെന്റിനോട് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, പരമ്പരാഗതമായി കളിമൺപാത്ര നിർമ്മാണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ചത്. അവർക്ക് കളിമൺ ലഭിക്കുന്നില്ല എന്ന പ്രശ്നംകൊണ്ടാണ് ഈ ഫയൽ എനിക്ക് വന്നത്. അവരുടെ ക്ഷേമനിധി പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ലേബർ ഡിപ്പാർട്ടുമെന്റിൽ ഇഷ്യു ഉണ്ട്. പുതിയ കോർപ്പറേഷന്റെ കാര്യത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. പി അനിൽ കുമാർ പറഞ്ഞത് അതിന്റെ നടപടികൾ അവസാനഘട്ടത്തിലാണ് ഉടനെയാകുമെന്നാണ്. പരമ്പരാഗതമായി കളിമൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഈ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി എന്ത് നടപടിയെടുക്കാനും ഗവൺമെന്റ് തയ്യാറാണ്. കളിമൺപാത്ര നിർമ്മാണത്തിന് കളിമൺ കിട്ടുന്നില്ലെന്നുള്ള കാര്യം തൃശ്ശൂർ ജില്ലയിൽ നിന്നുള്ള എം.എൽ.എമാർ എന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 2/01/2013-ൽ ഒരു യോഗം വിളിച്ചുകൂട്ടിയിരുന്നു. അതിൽ കളക്ടറും മറ്റും പങ്കെടുത്തിരുന്നു. കളിമണ്ണായതുകൊണ്ട് നൂറ് തടസ്സങ്ങളാണ് ഉള്ളത്. അവരെ സംബന്ധിച്ച് അത് കിട്ടാതെ വരാൻ പാടില്ലെന്നുള്ള നിലയ്ക്ക് വളരെ ഗൗരവമായി ഗവൺമെന്റ് അത് കണക്കിലെടുത്ത് മൈനിംഗ് ജിയോളജി വകുപ്പിന് അന്നു തന്നെ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അസംസ്കൃത വസ്തു കുറവ് വരാതിരി

ക്കാൻ വേണ്ടി ഓർഡർ ഇളവ് നൽകി കൊടുത്തിട്ടുണ്ട്. എന്തെങ്കിലും പ്രശ്ന ങ്ങളുണ്ടെങ്കിൽ ഇനിയും ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. കളിമൺപാത്ര നിർമ്മാണ വികസന കോർപ്പറേഷന്റെ നടത്തിപ്പ് അവസാന ഘട്ടത്തിലാണെന്നാണ് പിന്നോക്ക സമുദായ ക്ഷേമ വകുപ്പിൽ നിന്ന് പറ ഞ്ഞത്.

ശ്രീ. കെ. രാധാകൃഷ്ണൻ: കളിമൺപാത്ര നിർമ്മാണ വികസന കോർപ്പ റേഷൻ രൂപീകരിച്ചിട്ടുണ്ട്. അതിന് ബോർഡാണ് വേണ്ടത്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും

വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കും കളിമൺപാത്ര വ്യവസായത്തിന്റെ പ്രാരംഭമായ സഹായത്തിന് വേണ്ടി 25,000 രൂപ പിന്നോക്ക ക്ഷേമ വകുപ്പ് കൊടുത്തു തുടങ്ങിയിട്ടുണ്ട്

## ഇരിങ്ങാലക്കുടയിൽ ഇൻഡസ്ട്രിയൽ പാർക്ക്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, എന്റെ നിയോജക മണ്ഡലത്തിൽ അനുവദിച്ച കിൻഫ്രാ പാർക്ക് തുടങ്ങാൻ കഴിയാത്ത അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്താനാണ് ഈ സബ്മിഷൻ. 2012-2013 ലെ ബഡ്ജ റ്റിൽ ഇരിങ്ങാലക്കുടയിൽ കിൻഫ്രാ പാർക്ക് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഉണ്ടായിരുന്നു. എടതിരിഞ്ഞി വില്ലേജിലെ 80 ഏക്കർ സ്ഥലം ഇതിലേക്ക് കണ്ടെത്തുകയും കണ്ടെത്തിയ സ്ഥലം റവന്യൂ ഡിപ്പാർട്ടുമെന്റും മറ്റ് മേഖലാ ഉദ്യോഗസ്ഥൻമാരും പരിശോധന നടത്തുകയും കിൻഫ്രാ ആ സ്ഥലം പര്യാ പ്തമാണെന്ന് കണ്ടെത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ

കിൻഫ്രായ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു. സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള അക്വിസേഷൻ ഉത്തരവും ലഭിക്കുകയുണ്ടായി. കണ്ടെത്തിയ സ്ഥലം അനേക വർഷമായി പുരയിടമായി കിടക്കുന്നതാണെങ്കിൽപ്പോലും റവന്യൂ രേഖകളിൽ നിലമായതുകൊണ്ട് ആ സ്ഥലത്തിന് ആവശ്യമായ അനുവാദം ലഭിക്കണമെന്നുള്ളതുകൊണ്ട് ലോ ലെവൽ കമ്മിറ്റിയിലും സ്റ്റേറ്റ് ഹൈ ലെവൽ കമ്മിറ്റിയിലും ഇതു സംബന്ധിച്ചുള്ള പെറ്റീഷൻസ് കിൻഫ്രാ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ കണ്ടീഷനോടുകൂടി ആ സ്ഥലത്തിന് അനുവാദം ലഭിക്കുകയും ചെയ്തു. ഇപ്പോൾ അവിടെയുള്ള വലിയ വിഷയം, ആ സ്ഥലം വേമ്പനാട്ട് കായലിന്റെ ക്യാച്ച്മെന്റ് ഏരിയയായി കണ്ടെത്തിയിട്ടുണ്ട്. അവിടം റാംസർ മേഖലയായി വരുന്നതുകൊണ്ട് അവിടെ ഇത്തരത്തിലുള്ള പ്രവൃത്തികൾ ചെയ്യുന്നത് ബുദ്ധിമുട്ടാണെന്നുള്ള പരിസ്ഥിതി വകുപ്പിന്റെ അറിയിപ്പ് ലഭിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ആ സ്ഥലം ചതുപ്പ് പ്രദേശമല്ല. കണ്ടെത്തിയത് ശരിയല്ല എന്നുള്ള നിലയിൽ ഞാൻ അത് സൂചിപ്പിക്കുകയും ചെയ്തു. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും വ്യവസായ വകുപ്പുമന്ത്രിയോടും ഇക്കാര്യം പറയുകയും അതിന്റെ അടിസ്ഥാനത്തിൽ യോഗം വിളിച്ചുകൂട്ടുകയും ഇപ്പോൾ ഉണ്ടായിട്ടുള്ള സാങ്കേതിക തടസ്സങ്ങൾ നീക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തിട്ടുള്ളതാണ്. അക്കാര്യത്തിൽ വേണ്ടത്ര വേഗത ഇപ്പോഴും ഉണ്ടായിട്ടില്ല കിൻഫ്രാ പാർക്കിന് വേണ്ടിയുള്ള പ്രവൃത്തിയുടെ അവസാന ഘട്ടത്തിൽ ഉണ്ടായ ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കിതത്തരണമെന്നാണ് എനിക്ക് സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, രാംസർ കൺവെൻഷൻ ഏരിയ എന്നുപറഞ്ഞു കൊണ്ട് ആ മേഖലയിൽ മുഴുവൻ പ്രോബ്ലം വന്നു. അതുകൊണ്ടാണ് ആമ്പ ല്ലൂർ പാർക്ക്, കിൻഫ്രാ പാർക്ക് ഇവയക്ക് പ്രശ്നം വന്നത്. നമുക്ക് ഇപ്പോൾ ഒരുപാട് പ്രശ്നങ്ങളാണ്. കടൽക്കരയിലാകുമ്പോൾ CRZ നിയമം, ചതുപ്പ് നിലത്തിലാകുമ്പോൾ അതിന്റേതായ പ്രശ്നങ്ങൾ, wetland issue, paddy Act, മലമ്പ്രദേശങ്ങളിലേക്ക് പോകുമ്പോൾ കസ്തൂരിരംഗൻ റിപ്പോർട്ട് ഇങ്ങനെ ഏത് ഏരിയയിലോട്ട് പോയാലും ഇതു പോലയുള്ള പ്രശ്നങ്ങൾ പരിസ്ഥിതി വകുപ്പ് ഉന്നയിക്കുന്നുണ്ട്. പരിസ്ഥിതി വകുപ്പിൽ നിന്ന് ക്ലിയ റൻസ് കിട്ടുന്നതിന് വലിയ കാലതാമസവും പ്രശ്നങ്ങളുമാണ്. എന്നാൽ അത് വേണ്ടയെന്ന് പറയാൻ കഴിയുകയുമില്ല. ഇതാണ് കിൻഫ്രാ പാർക്കിനു മുണ്ടായത്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ജലസ്രോത സ്സിന് കേട് വരാത്തവിധം ഇത് അനുവദിക്കണമെന്ന തീരുമാനമെടുത്ത് ഈ പാർക്കിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാനുള്ള നടപടികളെടുക്കു കയാണ്. അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റ് അക്വിസിഷന് വേണ്ടി ചെന്നപ്പോൾ റിജക്ട് ചെയ്യുകയാണ് ചെയ്തത്. രണ്ടാമത് ടേക്ക് അപ് ചെയ്ത് ശരിയാക്കി യിട്ടുണ്ട്. ഇനി സ്പീഡ് അപ് ചെയ്യാം. പല പദ്ധതികൾക്കും ഇതേ പ്രശ്നമു ണ്ട്. ചിലതൊക്കെ പബ്ലിക് പർപ്പസാക്കണമെന്നുള്ള നിർദ്ദേശമുണ്ട്. ഒരു പാക്കേജായി അത് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

## കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. കെ. കെ. നാരായണൻ: സർ, കൈത്തറി വ്യവസായം ഇന്ന് വലിയ പ്രതിസന്ധിയിലാണ്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി

കണ്ണൂരിലെ കൈത്തറി സഹകരണസംഘത്തിന്റെ ഡയറക്ടർമാരും തൊഴിലാളികളും ജില്ലാ കളക്ട്രേറ്റിനു മുന്നിൽ ഇന്ന് സമരം നടത്തുകയാണ്. ബാങ്കിൽ നിന്നുമെടുത്ത വായ്പ തിരിച്ചടയ്ക്കാൻ സംഘങ്ങൾക്ക് കഴിയുന്നില്ല. കൃത്യമായി റിബേറ്റുകൾ ലഭിക്കുന്നില്ല എന്ന നില ഇപ്പോഴുണ്ട്. നൂലിന് നൽകിയിരുന്ന 10% പ്രൈസ് സബ്സിഡി ഇപ്പോൾ നിർത്തിയിരിക്കുകയാണ്. നേരത്തെ ലഭിച്ചിരുന്ന കയറ്റുമതി സൗകര്യം ഇന്ന് കൈത്തറിക്ക് ലഭിക്കുന്നില്ല. ആഭ്യന്തര കമ്പോളത്തെ ആശ്രയിച്ചുമാത്രമാണ് ഇന്ന് ഈ വ്യവസായം നിൽക്കുന്നത്. പി.എഫ്., ഇ.എസ്.ഐ. വിഹിതം സംഘങ്ങൾക്ക് അടയ്ക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. സംഘങ്ങളെല്ലാം ഇ.എസ്.ഐ. കുടിശ്ശിക വരുത്തിയിരിക്കുകയാണ്. ബാങ്ക് കടം എഴുതിത്തള്ളുന്നതിനുവേണ്ടി കേന്ദ്രസർക്കാർ കൊണ്ടുവന്ന പദ്ധതിക്ക് നബാർഡിന്റെ ചില നിബന്ധനകൾ മൂലം മിക്ക സംഘങ്ങൾക്കും ഈ ആനുകൂല്യം ലഭിച്ചില്ല. സംസ്ഥാനത്ത് 700-ൽപ്പരം കൈത്തറി സംഘങ്ങളാണ് നിലവിലുള്ളത്. അതിൽ 124 സംഘങ്ങൾക്ക് മാത്രമാണ് ഈ ആനുകൂല്യം കിട്ടിയത്. റിബേറ്റ് സംഖ്യ ഇപ്പോൾ കൃത്യമായി കൊടുക്കുന്നില്ല. കണ്ണൂരിലെ കൈത്തറി സംഘങ്ങൾക്ക് മാത്രം ആറരക്കോടി രൂപയുടെ റിബേറ്റ് കുടിശ്ശിക ഇപ്പോൾ നിലവിലുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളം ഭരിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽ ഒരു വർഷം 128 ദിവസം റിബേറ്റ് അനുവദിച്ചിരുന്നു. ഇപ്പോൾ വർഷത്തിൽ 56 ദിവസം മാത്രമാണ് റിബേറ്റ് അനുവദിക്കുന്നത്. നേരത്തെ കേന്ദ്രം 10 ശതമാനവും സംസ്ഥാനം 10 ശതമാനവും എന്ന രീതിയിൽ സംഘങ്ങൾക്ക് 20% റിബേറ്റ് ലഭിച്ചിരുന്നു. ഇപ്പോൾ കേന്ദ്രം റിബേറ്റ് കൊടുക്കുന്നില്ല. ഇൻകം സപ്പോർട്ട് സ്കീമനുസരിച്ച് 150

രൂപയാണ് 100 ദിവസം എന്ന് കണക്കാക്കി തൊഴിലാളികൾക്ക് കൊടുക്കുന്നത്. അത് മിനിമം 300 രൂപയാക്കി 240 ദിവസമെങ്കിലും കൊടുക്കാൻ അവസരം വേണമെന്നാണ് തൊഴിലാളികൾ ആഗ്രഹിക്കുന്നത്. മിനിമം വേതനം പുതുക്കി നിശ്ചയിച്ച് ഇപ്പോൾ അഞ്ചുവർഷം പൂർത്തിയായി. വളരെ തുച്ഛമായ കൂലിയാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് മിനിമം കൂലി പുതുക്കാൻ സംവിധാനം വേണം. സ്കൂൾ യൂണിഫോം പദ്ധതി നേരത്തെ നടപ്പിലാക്കുമെന്ന് പറഞ്ഞുവെങ്കിലും നടപ്പാക്കിയിട്ടില്ല. സ്കൂൾ കുട്ടികൾക്ക് കൈത്തറി ധരിക്കാൻ അവസരമുണ്ടാക്കിക്കൊടുക്കണം. അതുപോലെ, ആഴ്ചയിൽ രണ്ടുദിവസം സർക്കാർ ജീവനക്കാർ കൈത്തറി ധരിച്ചതുപോലെ സ്കൂൾ കുട്ടികൾക്ക് കൈത്തറി ധരിക്കാൻ അവസരമുണ്ടാക്കിക്കൊടുക്കണം. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ പ്രധാനപ്പെട്ട നഗരങ്ങളിൽ സ്ഥിരമായി കൈത്തറി ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുവാനും വില്പന നടത്തുവാനുമുള്ള സംവിധാനമുണ്ടാക്കിക്കൊടുക്കണം. അങ്ങനെ കൈത്തറി വ്യവസായത്തെ സംരക്ഷിക്കുവാനുള്ള പദ്ധതി വേണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ധാരാളം പ്രശ്നങ്ങളുണ്ട്. പ്രശ്നപരിഹാരത്തിനായി കാലാകാലങ്ങളിലുള്ള ഇൻകം സപ്പോർട്ട് സ്കീം പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി, ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയ പേരിലുള്ള അനേകം പദ്ധതികളുണ്ട്. അതുപോലെ ഉത്സവസീസണുകളിൽ വില്പനമേളകൾ സംഘടിപ്പിക്കുക, റിബേറ്റ് കൊടുക്കുക, പുതിയ ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിന് അധികം മൂല്യവർദ്ധനയുണ്ടാക്കുന്നതിനുള്ള നടപടികൾ,

പ്രൊഡക്ഷൻ ഡിസൈൻ തുടങ്ങിയ നിരവധി പദ്ധതികളുണ്ട്. അതുകൂടാതെ, കൈത്തറി സൊസൈറ്റികളുടെ കടബാധ്യത തീർക്കാനായി ഇപ്പോൾ 'Revival, Reform and Restructuring' എന്ന കേന്ദ്രസർക്കാരിന്റെ പദ്ധതി നടപ്പിലാക്കുന്നു ണ്ട്. ഈ പദ്ധതി പ്രകാരം 124 കൈത്തറി സംഘങ്ങൾക്കും 1112 വ്യക്തിഗത കൈത്തറി നെയ്ത്തുക്കാർക്കും പുനരുദ്ധാരണ പാക്കേജിന്റെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം ഇതിനായി മൊത്തം 29 കോടി രൂപ അനുവദിച്ചു. സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് ഈ കേന്ദ്ര സർക്കാർ പദ്ധതിയുടെ നിബന്ധനകളിൽ മാറ്റം വരുത്തിയിട്ടുണ്ട്. അതായത്, കേന്ദ്ര ഗവൺമെന്റുകൾ ധാരാളം നിബന്ധനകൾ വച്ചിരുന്നു, അതിൽ ഇപ്പോൾ മാറ്റം വരുത്തിയിട്ടുണ്ട്. ആ ആനുകൂല്യം ഇപ്പോൾ പുതുതായി കിട്ടിയിട്ടുണ്ട്. പുതുക്കിയ നിബന്ധനകൾ അനുസരിച്ച് നെയ്ത്തുകാർ 255 പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റക്സ് എന്നിവയ്ക്ക് പദ്ധതിയുടെ കീഴിൽ ആനുകൂല്യം കിട്ടും. അത് ഉറപ്പുവരുത്തിയിട്ടുണ്ട്. മാത്രമല്ല, കൈത്തറി മേഖലയിലെ റിബേറ്റ് കുടിശ്ശിക കൊടുത്തു തീർക്കാനായി അടുത്ത സാമ്പത്തികവർഷത്തിലേയ്ക്ക് ഈ ബഡ്ജറ്റിൽ 7 കോടി രൂപ വക യിരുത്തിയിട്ടുണ്ട്. കൈത്തറി മേഖലയുടെ പരിരക്ഷയ്ക്കാവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് എടുക്കും. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാ ണിച്ച പ്രശ്നം ശ്രദ്ധിക്കും.

## അനധികൃത ഖനനം

ശ്രീ. വി. ശശി: സർ, ഞാൻ 6.7.2012-ലും ഇതേ വിഷയം ഈ സഭയിൽ ഉന്നയിച്ചതാണ്. എന്റെ നിയോജകമണ്ഡലത്തിലെ മംഗലപുരം ഗ്രാമപഞ്ചായത്തിലെ 8 വാർഡുകളിൽ പ്രവർത്തിക്കുന്ന ക്ലേ മൈനിംഗ് കമ്പനികൾ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളും അതുമൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾക്കും പരിഹാരം കാണണമെന്നുള്ളതാണ് ഞാൻ ഈ സഭയിൽ ആവശ്യപ്പെടുന്നത്. ഇവിടത്തെ പ്രശ്നങ്ങൾ യഥാസമയം പരിശോധിക്കുവാനും അവയ്ക്കാവശ്യമായ പരിഹാരങ്ങൾ കാണുവാനും 30.08.2007-ലെ ഉത്തരവ് പ്രകാരം കളക്ടർ ചെയർമാനായ ഒരു കമ്മിറ്റിയെ സർക്കാർ തന്നെ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ലോക് ആയുക്തായുടെ ഇടപെടലിനുശേഷം 11.10.2011-ൽ ഒരേ ഒരു പ്രാവശ്യമാണ് ഈ കമ്മിറ്റിയുടെ യോഗം ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിൽ പരാതിയിൽ ഉന്നയിച്ച വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിനെ ചുമതലപ്പെടുത്തി. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ നാളിതുവരെ അതിന്മേൽ ഒരു നടപടിയും സ്വീകരിച്ചു കണ്ടില്ല. റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. 11.10.2011-നുശേഷം ജില്ലാ കളക്ടർ ചെയർമാനായ ഈ കമ്മിറ്റി വീണ്ടും യോഗം കൂടിയിട്ടില്ല ഇപ്പോൾ രണ്ടരവർഷം കഴിഞ്ഞു. അവിടെയുള്ള ജനങ്ങൾ സംഘടിച്ച് സർവ്വകക്ഷി പ്രതിരോധസമിതി രൂപീകരിച്ച് സമരത്തിന്റെ പാതയിലാണ്. അവരുടെ ആവശ്യമെന്താണെന്നുള്ളത് മനസ്സിലാക്കാനും അവരുമായി ചർച്ച നടത്തി ഇതിന് പരിഹാരം കാണുവാനും ഈ ജില്ലാ മോണിറ്ററിംഗ് കമ്മിറ്റിയെ അടിയന്തിര

മായി ചുമതലപ്പെടുത്തണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, അങ്ങനെ ചെയ്യാം. കളക്ടർ അദ്ധ്യക്ഷനായി 2007–ൽ രൂപീകരിച്ച സമിതി യോഗം ചേർന്നില്ല എന്നുള്ള കാര്യം ഗവൺമെന്റ് വളരെ ഗൗരവപൂർവ്വം അന്വേഷിക്കും. ഈ ഗവൺമെന്റ് വന്നതിനുശേഷം മംഗലപുരം പഞ്ചായത്തിൽ കളിമൺ ഖനനം അനുവദിച്ചിട്ടില്ല. അത് അവിടെ വലിയ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. പുതിയതായി അവിടെ അനുമതിയൊന്നും കൊടുക്കുന്നില്ല, കൊടുത്തിട്ടുമില്ല. അവിടെയുണ്ടാകുന്ന പ്രശ്നങ്ങളുടെ വിശദാംശങ്ങൾ എം.എൽ.എ.–യുമായി ചർച്ച ചെയ്ത് ശക്തമായ നടപടികൾ എടുക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് യാതൊരു ഹെസിറ്റേഷനുമില്ല. ആലോചിച്ച് നടപടികളെടുക്കാം.

**ബോർഡർ സെക്യൂരിറ്റി ഫോഴ്സിൽ നിന്ന് വിരമിച്ചവർക്ക് ആനുകൂല്യം**

ശ്രീമതി ഇ.എസ്.ബിജിമോൾ: സർ, ബോർഡർ സെക്യൂരിറ്റി ഫോഴ്സിൽ നിന്നും വിരമിച്ച 8000–ത്തോളം വിമുക്തഭടന്മാരാണ് കേരളത്തിലുള്ളത്. പ്രതികൂല കാലാവസ്ഥയിലും രാജ്യത്തിന്റെ അതിർത്തി (സമാധാനകാലത്തും യുദ്ധകാലത്തും) സംരക്ഷിക്കുന്ന ഇവരെ സംബന്ധിച്ചിടത്തോളം വിമുക്തഭടന്മാർക്കുള്ള യാതൊരുവിധ ആനുകൂല്യങ്ങളും ലഭിക്കാത്ത ഒരു സാഹചര്യം നമ്മുടെ രാജ്യത്തുണ്ടായിരുന്നു. എന്നാൽ 2012 നവംബർ 12–ന് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറ്റ് വിമുക്തഭടന്മാർക്ക് കൊടുക്കുന്ന എല്ലാ ആനുകൂല്യങ്ങളും അർദ്ധസൈനികവിഭാഗ

ത്തിൽപ്പെട്ട ഇവർക്കുക്കൂടി നൽകുന്നതിനുവേണ്ടി ഉത്തരവിട്ടുണ്ട്. ബി.എസ്.എഫ്.-ൽ നിന്നും വിരമിച്ചവർക്ക് മറ്റു വിമുക്തഭടന്മാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നൽകണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ആവശ്യപ്പെടുന്നത്. ബി.എസ്.എഫ്-ൽ നിന്നും വിരമിച്ചവർക്ക് വീട്ടുകരം ഇളവ് ചെയ്യുക, ബി.എസ്.എഫ്. ക്യാന്റീനിൽ നിന്ന് ലഭ്യമാകുന്ന സാധനങ്ങൾക്ക് ആർമി ക്യാന്റീന് തുല്യമായി ടാക്സിൽ ഇളവ് നൽകുക, വിമുക്തഭടന്മാരുടെ പുനരധിവാസ പ്രക്രിയയിൽ ഇവരെക്കൂടി ഉൾപ്പെടുത്തുക, കോർപ്പറേഷനിൽ ബി.എസ്.എഫ്. പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി പുനഃക്രമീകരിക്കുക, അർദ്ധ സൈനിക വിമുക്തഭടന്മാരുടെ ബോർഡ് രൂപീകരിക്കുക. മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയുണ്ടാകണം. ഈ വിഭാഗത്തിന്റെ പ്രശ്നങ്ങൾ നേരിട്ട് അറിവുള്ള; ഇവരുമായി ബന്ധം പുലർത്തുന്നയാളാണ് അങ്ങ് എന്ന് എനിക്ക് ഉത്തമബോദ്ധ്യമുണ്ട്. ഇക്കാര്യത്തിൽ തീർച്ചയായും ഗവൺമെന്റിന്റെ ഇടപെടലുണ്ടാകണമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കേന്ദ്ര ആഭ്യന്തര മന്ത്രാലയം 2012 നവംബർ 23-നാണ് 27011/100/2012 ആർ.& ഡബ്ള്യു. നമ്പർ ഓഫീസ് മെമ്മോറാണ്ടപ്രകാരം അർദ്ധസൈനിക വിഭാഗങ്ങളിൽ നിന്ന് വിരമിച്ചവർക്ക് സി.ആർ.പി.എഫ്., ബി.എസ്.എഫ്., സി.ഐ.എസ്.എഫ്., ഐ.റ്റി.ബി.പി. & എസ്.എസ്.ബി. വിമുക്തഭടൻ എന്ന പദവി നൽകി ഉത്തരവാകുകയും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സൈനിക വിമുക്തഭടന്മാർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ നൽകു

വാനും ആവശ്യപ്പെട്ടിരുന്നു. ഈ കാര്യം പരിശോധിക്കുകയും സൈന്യത്തെയും അർദ്ധസൈന്യത്തെയും തുല്യമായി പരിഗണിക്കാൻ കഴിയാത്തതിനാലും വിമുക്തഭടന്മാർക്ക് നൽകിവരുന്ന സംവരണത്തിൽ നിന്നും അർദ്ധസൈനികർക്കായി മാറ്റിവയ്ക്കാൻ കഴിയാത്തതിനാലും; സംസ്ഥാന സർക്കാർ തന്നെ പോലീസ് സേന, അഗ്നിശമന സേന, എക്സൈസ്, ജയിൽ മുതലായ വകുപ്പുകളിൽ നിന്ന് വിരമിക്കുന്നവരും ഇത്തരം ആവശ്യങ്ങൾ ഉന്നയിച്ചുവരുന്നതിനാലും സർക്കാരിന് വലിയ സാമ്പത്തിക ബാധ്യതയുണ്ടാകുന്നതിനാലും ഇക്കാര്യലുള്ള വിയോജിപ്പ് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനെ അറിയിക്കുകയുണ്ടായി. ഇതേത്തുടർന്ന് പാരാമിലിട്ടറിയുമായി ബന്ധപ്പെട്ട് വിവിധ സംഘടനകളുടെയും വ്യക്തികളുടെയും നിരവധി നിവേദനങ്ങൾ ലഭ്യമാകുകയും ഈ കാര്യം മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് ഗവൺമെന്റ് പരിശോധിച്ചുവരികയുമാണ്. പെട്ടെന്ന് അത് നമുക്ക് നടപ്പാക്കാനുള്ള ചില ബുദ്ധിമുട്ടുകളുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് സർക്കാർ ഈ കാര്യത്തിൽ പരിശോധിച്ച് വേണ്ടത് ചെയ്യുന്നതാണ്.

**കൂത്തമ്പലത്തിലെ തീപിടിത്തം**

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:</u> സർ, തൃശ്ശൂർ രാമനിലയം കോമ്പൗണ്ടിൽ ടൂറിസം വകുപ്പിനായി നിർമ്മിച്ചിരുന്ന കൂത്തമ്പലം 12.12.2011 വെളുപ്പിന് കത്തിയെരിഞ്ഞു. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ മേൽനോട്ടത്തിൽ വിലപിടിപ്പുള്ള മരം കൊണ്ടാണ് ഈ കൂത്തമ്പലം നിർമ്മിച്ചിട്ടുള്ളത്. പണി പൂർത്തിയാകാൻ മാസങ്ങൾമാത്രം അവശേഷിച്ചിരിക്കെ ദുരൂഹമായ സാഹചര്യത്തിലാണ് ഈ കൂത്തമ്പലം കത്തി ചാമ്പലായത്. ഒരു

കോടിയിലധികം രൂപ നഷ്ടമുണ്ടായി. സംഭവസ്ഥലത്ത് കണ്ട പൊട്ടാസ്യം ക്ലോറൈറ്റ്, പൊട്ടാസ്യം നൈട്രേറ്റ് എന്നീ രാസവസ്തുക്കളുടെ അവശിഷ്ട ങ്ങൾ പല സംശയങ്ങളും ഉയർത്തുന്നതാണ്. മന:പൂർവ്വം തീവെച്ച് നശിപ്പിച്ച താണോ; തീവ്രവാദപ്രവർത്തനങ്ങളുമായി ബന്ധമുണ്ടോയെന്നൊക്കെ നാട്ടുകാർക്ക് ബലമായ സംശയമുണ്ട്. 19–12–2012–ൽ ഇതുസംബന്ധിച്ച് ഒരു സബ്മിഷൻ അവതരിപ്പിച്ചപ്പോൾ ഈ കേസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചു വെന്നാണ് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത്. ഒരു വർഷം കഴിഞ്ഞിട്ടും ഇതിന്മേൽ യാതൊരു പുരോഗതിയുമുണ്ടായില്ല. ഒരു കോടിയില ധികം രൂപ നഷ്ടം വരുന്ന ഈ തീപിടുത്തത്തിന്റെ യഥാർത്ഥ കാരണങ്ങൾ കണ്ടുപിടിക്കാൻ കഴിയാത്തതിൽ ജനങ്ങൾക്ക് അങ്ങേയറ്റത്തെ പ്രതിഷേധ മുണ്ട്. അത്യന്തം ദുരൂഹത നിറഞ്ഞ ഈ സംഭവത്തെപ്പറ്റിയുള്ള അന്വേഷണ ത്തിനുള്ള വീഴ്ച ഭരണകൂടത്തിന് തന്നെ അപമാനമാണ്. ഈ കാര്യത്തിൽ വിദഗ്ദ്ധമായ ഏജൻസിയെക്കൊണ്ട് സമഗ്രമായ ഒരന്വേഷണം നടത്തി സത്യസ്ഥിതികൾ പുറത്തുകൊണ്ടുവരണമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, തീർച്ചയായിട്ടും വളരെ ഗൗരവമുള്ള കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഇവിടെ ഉന്നയിച്ചത്. തൃശ്ശൂർ രാമനിലയം കോമ്പൗണ്ടിൽ പുതുതായി നിർമ്മാണത്തിലിരിക്കുന്ന കൂത്തമ്പലം 12–12–2011 പുലർച്ചെ മൂന്നുമണിക്കും നാലുമണിക്കുമിടയിൽ കത്തിനശിച്ചു. ഇതുസംബ ന്ധിച്ച് കൂത്തമ്പലത്തിന്റെ നിർമ്മാണത്തിന്റെ ചുമതലയുണ്ടായിരുന്ന കേരള

സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ നാരായണന്റെ പരാതിപ്രകാരം ഫയർ ഒക്കറൻസ് ക്രൈം 2461/11 ആയി തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. തീപിടിത്ത ത്തിൽ ഒരു കോടി രൂപയുടെ നഷ്ടം ഉണ്ടായതായി പരാതിപ്പെട്ടിട്ടുണ്ട്. 2006 –ൽ ആരംഭിച്ച പ്രസ്തുത നിർമ്മാണപ്രവർത്തനത്തിന്റെ സിവിൽ വർക്ക് സുരേഷ് എന്നയാൾക്ക് 27 ലക്ഷം രൂപയ്ക്കും മരപ്പണി വാജീദ് എന്നയാൾക്ക് 67 ലക്ഷം രൂപയ്ക്കുമാണ് കോൺട്രാക്ട് നൽകിയിരുന്നത്. 2010 ജനുവരി മാസംവരെ പണി പലപ്പോഴായി നടത്തിവരികയും അക്കൗണ്ടിൽ പണം ഇല്ലാതിരുന്നതിനാൽ പിന്നീട് താല്ക്കാലികമായി പണി നിർത്തിവയ്ക്കുകയും ചെയ്തു. പണിചെയ്ത വകയിൽ സുരേഷിനും വാജീദിനുമായി 82 ലക്ഷം രൂപ നൽകിയിട്ടുണ്ട്. 08–12–2012–ൽ പണി പുനരാരംഭിച്ചുവരുമ്പോഴാണ് തീ കത്തി നശിച്ചതെന്നും ഇലക്ട്രിക്കൽ കണക്ഷൻ ഇല്ലാതിരുന്നതിനാൽ ജനറേറ്റർ ഉപയോഗിച്ചാണ് പണികൾ നടത്തിവന്നതെന്നും അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയറുടെ പരാതിയിൽ പറഞ്ഞിട്ടുണ്ട്. കേസന്വേഷണത്തിന് നേതൃത്വം നൽകിയ തൃശ്ശൂർ ഈസ്റ്റ് സർക്കിൾ ഇൻസ്പെക്ടർ, ഫോറൻസിക് സയൻസ് ലബോറട്ടറി ഡയറക്ടർ, സയന്റിഫിക് അസിസ്റ്റന്റ്, ഫോറസ്റ്റ് റിസർച്ച് ഓഫീസർ, ബോംബ് ഡിറ്റക്ഷൻ സ്ക്വാഡ്, എക്സ്പ്ലോസീവ് അസിസ്റ്റന്റ് ഡയറക്ടർ, പോലീസ് ഫോട്ടോഗ്രാഫർ എന്നിവരുടെ സേവനം വിനിയോഗിച്ച് തെളിവെടുപ്പു നടത്തുകയും; സാമ്പിളുകൾ രാസപരിശോധ നയ്ക്ക് വിധേയമാക്കുകയും ചെയ്തു. ഡോഗ് സ്ക്വാഡിന്റെ സേവനം വിനി യോഗിച്ചു. സാമ്പിളുകളുടെ പരിശോധനയിൽ പൊട്ടാസ്യം ക്ലോറേറ്റ്, പൊട്ടാസ്യം നൈട്രേറ്റ്, അലൂമിനിയം എന്നിവയുടെ സാന്നിദ്ധ്യം കണ്ടെത്തി.

ഈ വസ്തുക്കളൊഴികെ പെട്ടെന്ന് തീപിടിക്കാവുന്ന മറ്റ് വസ്തുക്കളൊന്നും അവിടെ കണ്ടെത്തിയിട്ടില്ലെന്നും ഫോറൻസിക് സയന്റിഫിക് അസിസ്റ്റന്റ് (കെമിസ്ട്രി)-യുടെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. പ്രസ്തുത രാസവസ്തുക്കൾ അവിടെ സൂക്ഷിക്കേണ്ടതായ ആവശ്യം വന്നിട്ടില്ലാത്തതിനാൽ ഇത് ആരോ മന:പൂർവ്വം തീയിട്ടതാണെന്ന നിഗമനത്തിൽ ഐ.പി.സി. 346-ാം വകുപ്പ് ചേർത്ത് കേസന്വേഷണം തുടർന്നിരുന്നു. കൂത്തമ്പലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരെയും പരിസരവാസികളെയും ചോദ്യം ചെയ്തു. നിർമ്മാണവുമായി ബന്ധപ്പെട്ട കരാറുകാരനായ വാജിദിന്റെ ടെലഫോൺകാൾ ഡീറ്റെയിൽസ് എടുത്ത് പരിശോധിച്ചു. ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ പുരോഗതി ഉണ്ടാകാത്ത സാഹചര്യത്തിൽ സംസ്ഥാന പോലീസ് മേധാവി കേസ് ഏറ്റെടുക്കുകയും 27-10-2012 ഡി-5 289/12 ഉത്തരവുപ്രകാരം 15-11-2012- മുതൽ ക്രൈംബ്രാഞ്ച് അന്വേഷണം ആരംഭിച്ചതുമാണ്. പ്രസ്ത്രുത കേസ് 853/സി.ആർ.ഒ.സി.ഡബ്ള്യു 3 പി.കെഡി/12 ആയി റീ നമ്പർ ചെയ്ത് ഇപ്പോൾ ടി.എസ്.ആർ.ഒ.സി.ഡബ്ള്യു.3 സബ് യൂണിറ്റിൽ ഡിറ്റക്ടീവ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരുന്നു. നാളിതുവരെ 25 -ഓളം സാക്ഷികളെ കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. കോൺട്രാക്ടർ വാജീദിനെ നുണപരിശോധനയ്ക്ക് വിധേയനാക്കുന്നതിന് അനുമതിക്കായി ബഹുമാനപ്പെട്ട തൃശ്ശൂർ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി -1 മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കേസ് ഊർജിതമായി മുന്നോട്ടുകൊണ്ടുപോകാനും നടപടികൾ സ്വീകരിക്കാനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**എസ്.എഫ്.ഐ. പ്രവർത്തകരെ ആക്രമിച്ച**
**പോലീസുകാർക്കെതിരെ നടപടി**

ശ്രീ. രാജു എബ്രഹാം: സർ, പത്തനംതിട്ടയിൽ പോലീസ് കിരാതമായ നരനായാട്ട് നടത്തുകയാണ്. ഇന്നലെ പുലർച്ചെമുതൽ എസ്.എഫ്.ഐ.- ഡി. വൈ.എഫ്.ഐ. പ്രവർത്തകർക്കുനേരെ ആരംഭിച്ച അതിക്രമമാണ്. എസ്. എഫ്.ഐ. ഏരിയ പ്രസിഡന്റായ അനീഷിന്റെ വീട് പുലർച്ചെ 12.30-ന് പോലീസുകാർ ചവിട്ടിപ്പൊളിച്ച് അകത്തുകയറി കിടക്കപ്പായയിൽ നിന്ന് ഉടുപ്പിടാൻ പോലും അനുവദിക്കാതെ പിടിച്ചുകൊണ്ടുപോയി. തടയാൻ ചെന്ന മാതാവിനെ ഒരു പോലീസുകാരൻ വലിച്ചെറിയുകയും ചെയ്തു. ഇവി ടെനിന്നും രക്തദാഹികളായ പോലീസുകാർ പോയത് കോളേജിൽ **ക്ലാസ്** റെപ്രസെന്റേറ്റീവായി മിനിഞ്ഞാന്ന് തെരഞ്ഞെടുക്കപ്പെട്ട രതീഷ് എന്ന വിദ്യാർത്ഥിയുടെ വീട്ടിലാണ്. പോലീസുകാർ വാതിൽ ചവിട്ടിയപ്പോൾ തുറ ക്കാത്തതുകൊണ്ട് തൊട്ടടുത്ത് കിടന്ന തൂമ്പയെടുത്ത് വാതിൽ വെട്ടിപ്പൊളിച്ച് അകത്തുകയറി മാതാപിതാക്കളെ തട്ടിമാറ്റിയാണ് രതീഷിനെ അവിടെ നിന്ന് പിടിച്ചുകൊണ്ടുപോയത്. താഴെവെട്ടിപ്പുറത്തുള്ള ഡി.വൈ.എഫ്.ഐ.യുടെ ഏരിയാ കമ്മിറ്റി അംഗമായ ജോൺസണിന്റെ വീട് പൂർണ്ണമായും പോലീസ് നശിപ്പിച്ചു. വീട്ടിലുള്ള ഫ്രിഡ്ജ്, ഫർണിച്ചർ, ടി.വി. മുതലായവ അടിച്ചുത കർക്കുകയും ചെയ്തു. ഇത്രയും കിരാതമായ അക്രമണം നടത്താനുള്ള എന്തെങ്കിലും സാഹചര്യമുണ്ടോ? മൂന്നാം തീയതി കാതൊലിക്കേറ്റ് കോളേ ജിലെ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ പുറത്തുനിന്നുള്ള ഏഴ് യൂത്ത് കോൺഗ്രസ്സുകാർ ക്യാമ്പസിൽ കയറി അവിടെയുണ്ടായിരുന്ന അഞ്ച് എസ്. എഫ്.ഐ.ക്കാരെ അതിഭീകരമായി മർദ്ദിച്ചു. ആ വിദ്യാർത്ഥികളുടെ മൊഴി

പോലീസ് ഇതുവരെയും രേഖപ്പെടുത്തിയിട്ടില്ല. ഞാൻ ഈ വിഷയം ഇവിടെ അവതരിപ്പിക്കുമ്പോൾപോലും പരിക്കേറ്റവരുടെ മൊഴി രേഖപ്പെടുത്തിയിട്ടില്ല. ഇവരെ ജനറൽ ആശുപത്രിയിൽ കൊണ്ടുവന്നിട്ടും, അവിടെനിന്നും മൊഴി രേഖപ്പടുത്തിയിട്ടില്ല. എസ്.പി. ഉൾപ്പെടെയുള്ള പോലീസുകാർ അവരെ അവിടെ വന്ന് വിരട്ടിയോടിക്കുകയാണ് ചെയ്തത്. കോളേജിൽവച്ച് മർദ്ദിച്ച യൂത്ത് കോൺഗ്രസ്സുകാർ വീണ്ടും അവിടെ വന്നപ്പോൾ അവരുടെ കൂടെ ആയുധങ്ങളുമായി കുറേ ആളുകൾ വന്നു. ആയുധങ്ങളുമായി വന്നത് എസ്. എഫ്.ഐ.ക്കാർ ചൂണ്ടിക്കാട്ടിയപ്പോൾ ആയുധധാരികളായ രണ്ട് യൂത്ത് കോൺഗ്രസ്സുകാരെ പോലീസ് അറസ്റ്റ് ചെയ്തു. അവിടെ എത്തിയ ഡി.സി. സി. പ്രസിഡന്റ് ഉടൻത്തന്നെ പോലീസ് സ്റ്റേഷനിലേയ്ക്ക് ഫോൺ ചെയ്യുകയും ആയുധധാരികളായ യൂത്ത് കോൺഗ്രസ്സുകാരെ കേസ്സെടുക്കാതെ വെറുതെ വിടുകയും ചെയ്തു. അതിനുശേഷം പത്തനംതിട്ട മുനിസിപ്പൽ ചെയർമാൻ അവിടെയെത്തി. അറുപതോളം യൂത്ത്കോൺഗ്രസ്സ്-എൻ. ഡി.എഫ്. പ്രവർത്തകരും അദ്ദേഹത്തിന്റെ ഒപ്പമുണ്ടായിരുന്നു. പത്തനംതിട്ട മുനിസിപ്പൽ ചെയർമാനും എസ്.എഫ്.ഐ.ക്കാരും ഹോസ്പിറ്റലിന്റെ അകത്ത് നിൽക്കുമ്പോൾ റോഡിൽ നിന്ന അറുപതോളം ആളുകൾ ആശുപത്രിക്ക് അകത്തേയ്ക്ക് കല്ലെറിഞ്ഞു. കല്ലേറിൽ മുനിസിപ്പൽ ചെയർമാനുൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് പരിക്കേൽക്കുകയും ചെയ്തു. മാധ്യമം, കൗമുദി ഉൾപ്പെടെയുള്ള പത്ര ലേഖകന്മാർ അവിടെ ഉണ്ടായിരുന്നു. അവർ നേരിട്ട് സംഭവം റിപ്പോർട്ട് ചെയ്യുകയും ചെയ്തു. അവർ പറഞ്ഞത്, പുറത്തുനിന്നും എറിഞ്ഞ കല്ലാണ് മുനിസിപ്പൽ ചെയർമാന് കൊണ്ടതെന്നാണ്. ഇതിന്റെ പേരിലാണ് ഈ വലിയ അതിക്രമം അവിടെ നടത്തിയിട്ടുള്ളത്. ആയുധധാരികളെ കയ്യോടെ പിടിച്ചിട്ടും കേസില്ല, കോളേജ് ക്യാമ്പസിൽ യൂത്ത് കോൺഗ്ര

സ്സുകാർ കയറി അതിഭീകരമായി വിദ്യാർത്ഥികളെ മർദ്ദിച്ചതിലും കേസില്ല റോഡിൽ നിന്ന് കല്ലെറിഞ്ഞതിനും കേസില്ല. എന്ത് അരാചകത്വമാണ് ഇവിടെ നടന്നിരിക്കുന്നത്. ഈ പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ കർശനമായ നട പടിയെടുക്കാൻ അങ്ങ് തയ്യാറാകുമോ?

ആഭ്യന്തരവും വിജലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പത്തനംതിട്ട കാതൊലിക്കേറ്റ് കോളേജിൽ 03.02.2014-ൽ നടന്ന കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നടന്ന സംഘർഷങ്ങ ളിൽ മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോളേജിലെ വിഷയവുമായി ബന്ധപ്പെട്ട് പരിക്കേറ്റ് പത്തനംതിട്ട ജനറൽ ആശുപത്രിയിൽ അഡ്മിറ്റായവരെ സന്ദർശിക്കാനെത്തിയ ഇരുവിഭാഗത്തിലുമുള്ള പ്രവർത്തകർ തടിച്ചുകൂടി വാക്കുതർക്കമുണ്ടായ അവസരത്തിൽ സംഘർഷം ഒഴിവാക്കുന്നതിനായി കെ. എസ്.യു. ക്കാരായ സഫ്രിൻ, രാഹുൽ എന്നീ രണ്ട് വിദ്യാർത്ഥികളെ ഡ്യൂട്ടി യിലുണ്ടായിരുന്ന പത്തനംതിട്ട സബ് ഇൻസ്പെക്ടർ മനുരാജ് കരുതൽ അറസ്റ്റ് നടത്തുകയും ക്രൈം.നം. 205/2014 u/s 151 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കാതൊലിക്കേറ്റ് കോളേജ് ഇലക്ഷനു മായി ബന്ധപ്പെട്ട സംഘർഷത്തിൽ മർദ്ദനമേറ്റ കെ.എസ്.യു. ജില്ലാ സെക്രട്ടറി അഫ്സൽ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ചികിത്സയ്ക്കെത്തിയ പ്പോൾ രാത്രി 7.00 മണിക്ക് എസ്.എഫ്.ഐ.ക്കാർ ആക്രമിച്ചത് സംബന്ധിച്ച് അൻസിൽ, അനീഷ്, അഖിൽ, വിഷ്ണു, ശരത്, ശ്രീജു എന്നിവരെ ക്രൈം.നം. 207/14 u/s 143, 147, 148, 149, 307 IPC പ്രകാരം പ്രതികളാക്കിയിട്ടുള്ളതാണ്. അവരിൽ അനീഷ്, ശ്രീജു എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പത്തനംതിട്ട

ജനറൽ ആശുപത്രിയിൽ പരിക്കേറ്റവരെ സന്ദർശിക്കാനെത്തിയ നേതാക്കന്മാരും അനുയായികളും തമ്മിൽ ആശുപത്രി മുറ്റത്ത് തടിച്ചുകൂടി പരസ്പരം തർക്കിച്ച് നിൽക്കുന്ന സമയത്ത് പ്രവർത്തകരെ പുറത്താക്കാൻ പോലീസ് ശ്രമിക്കവെ എൽ.ഡി.എഫ്. പ്രവർത്തകർ ഭീകരാന്തരീക്ഷം സൃഷ്ടിച്ച് കല്ലെറിയുകയും കല്ലേറിൽ പത്തനംതിട്ട മുനിസിപ്പൽ ചെയർമാൻ സുരേഷ്കുമാറിന്റെ മുഖത്തും ചുണ്ടിനും, കൗൺസിലർ ശ്രീ. ജാസിൻകുട്ടിക്ക് കാലിനും പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ആറന്മുള എസ്.ഐ. വിനോദ് കുമാറിനും പരിക്കേറ്റിട്ടുള്ളതാണ്. അൻസിൽ, അഖിൽ, നന്ദു, അനൂപ് തുടങ്ങിയ കണ്ടാലറിയാവുന്ന പത്തോളം പേരെ പ്രതിയാക്കി ക്രൈം നം. 206/14 u/s 143, 147, 148, 149, 307, 332 IPC; 3, 2 (e) of PDPP act പ്രകാരം കേസ്സെടുക്കുകയും നാല് പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പത്തനംതിട്ടയിലെ എസ്.എഫ്.ഐ. പ്രവർത്തകരുടെ വീടുകൾക്ക് നേരെ അക്രമം നടത്തിയതായി പരാതികളൊന്നും പോലീസിന് ലഭിച്ചിട്ടില്ല. എസ്.എഫ്.ഐ. പ്രവർത്തകരെ കള്ളക്കേസിൽ കുടുക്കിയിട്ടുമില്ല. ഇതുസംബന്ധിച്ച് പോലീസുകാർക്കെതിരെ നടപടികളൊന്നും എടുത്തിട്ടില്ല.

**പുതിയ പോലീസ് സ്റ്റേഷൻ**

ശ്രീ. മോൻസ് ജോസഫ്: സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുമായി ബന്ധപ്പെട്ടുള്ള ആവശ്യങ്ങളാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. മാഞ്ഞൂർ കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനും കടുത്തുരുത്തി സർക്കിൾ ഇൻസ്പെക്ടർ ഓഫീസിന് പുതിയ മന്ദിരവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുമുള്ളതാണ് പ്രധാനമായും ആവശ്യപ്പെടു

ന്നത്. നിലവിലുള്ള കടുത്തുരുത്തി പോലീസ് സ്റ്റേഷന്റെയും കുറവിലങ്ങാട് പോലീസ് സ്റ്റേഷന്റെയും പരിധിയിൽ വരുന്നത് വളരെ വിസ്തൃതമായ പ്രദേശങ്ങളാണ്. ഇതുമൂലം രണ്ട് പോലീസ് സ്റ്റേഷനുകളിലും ജോലി ഭാരം കൂടുതലായതുകൊണ്ടുള്ള ബുദ്ധിമുട്ടും സമയത്ത് നീതിനിർവ്വഹണം നടപ്പാക്കാൻ പോലീസ് ഉദ്യോഗസ്ഥർക്ക് കഴിയാത്ത സാഹചര്യമാണുള്ളത്. പൊതുജനങ്ങളുടെ പരാതികൾ വേണ്ടത്ര ശ്രദ്ധയോടെ പരിഹരിക്കുന്നതിന് കാലതാമസം നേരിടുന്ന സ്ഥിതി രണ്ട് പോലീസ് സ്റ്റേഷനുകളിലും നിലനിൽക്കുകയാണ്. നിയമപരിപാലന കാര്യത്തിൽ ജനങ്ങൾക്ക് സമയത്ത് നീതി ലഭ്യമാക്കാൻ കഴിയുന്ന നിലയിൽ കടുത്തുരുത്തി–കുറവിലങ്ങാട് പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങൾ പുനഃക്രമീകരിച്ച് മാഞ്ഞൂർ പഞ്ചായത്ത് കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കടുത്തുരുത്തി പോലീസ് സ്റ്റേഷന്റെ പരിധിയിലുള്ള മാഞ്ഞൂർ പഞ്ചായത്തും കുറവിലങ്ങാട് പോലീസ് സ്റ്റേഷന്റെ പരിധിയിലുള്ള കാണക്കാരി പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളെയും ഉൾപ്പെടുത്തി മാഞ്ഞൂർ പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്നുള്ളതാണ് പ്രധാനമായും ഞാൻ ഉന്നയിക്കുന്നത്. അതോടൊപ്പം കടുത്തുരുത്തി സർക്കിൾ ഇൻസ്പെക്ടർ ഓഫീസിന് ആവശ്യമായ സൗകര്യമില്ലാതെ ബുദ്ധിമുട്ടുകയാണ്. പോലീസുകാർക്ക് വിശ്രമിക്കാൻ തയ്യാറാക്കിയ കെട്ടിടത്തിലാണ് ഇപ്പോൾ കടുത്തുരുത്തി സർക്കിൾ ഓഫീസ് പ്രവർത്തിക്കുന്നത്. അതോടൊപ്പം തന്നെ പോലീസുകാരുടെ ക്വാർട്ടേഴ്സ് തീർത്തും ശോച്യാവസ്ഥയിലാണ്. ഈ ദുരവസ്ഥ പരിഹരിക്കുന്നതിനായി കടുത്തുരുത്തി സർക്കിൾ ഇൻസ്പെക്ടർ ഓഫീസിന് പുതിയ മന്ദിരം നിർമ്മിക്കുന്നതിനും കടുത്തുരുത്തിയിൽ പുതിയ പോലീസ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനും ഈ വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ

പ്രൊവിഷൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചേർത്തിട്ടുള്ളതാണ്. കടുത്തുരുത്തിയിൽ കെട്ടിടനിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാണ്. ഈ സാഹചര്യം കണക്കിലെടുത്ത് കടുത്തുരുത്തി സർക്കിൾ ഇൻസ്പെക്ടർ ഓഫീസും പോലീസ് ക്വാർട്ടേഴ്സിനുവേണ്ടി പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ടും നടപടികളും സ്വീകരിക്കണമെന്നു ള്ളതും ഇതോടൊപ്പം ഉന്നയിക്കുകയാണ്. അതോടൊപ്പം കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ വരുന്ന പ്രദേശങ്ങൾ കുറവിലങ്ങാട് പോലീസ് സ്റ്റേഷനുൾപ്പെടെ ഏറ്റുമാനൂർ, കോട്ടയം ഡിവൈ.എസ്.പി., സി.ഐ. തലത്തിൽ നിൽക്കുന്നതുകൊണ്ട് വളരെയേറെ ബുദ്ധിമുട്ട് നിൽക്കുകയാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഇതുസംബന്ധിച്ച് നിവേദനം നൽകിയിരുന്നു. കുറവിലങ്ങാട് പോലീസ് സ്റ്റേഷൻകൂടി കടുത്തുരുത്തി സർക്കിൾ ഇൻസ്പെക്ടറുടെ കീഴിലേയ്ക്ക് ഭരണപരമായി പുന:ക്രമീകരി ക്കുന്നതിനും ഉഴവൂർ കേന്ദ്രമായി ഔട്ട്പോസ്റ്റ് അനുവദിക്കണമെന്ന ആവശ്യമുൾപ്പടെ കടുത്തുരുത്തി മണ്ഡലവുമായി ബന്ധപ്പെട്ട കാര്യത്തിൽ അങ്ങയുടെ അനുകൂലമായ നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, നിലവിലുള്ള കടുത്തുരുത്തി പോലീസ് സ്റ്റേഷന്റെയും കുറവിലങ്ങാട് പോലീസ് സ്റ്റേഷന്റെയും പരിധിക്കുള്ളിൽവരുന്ന പ്രദേശം വളരെ വിസ്തൃത മായതിനാൽ യഥാസമയം നീതിനിർവ്വഹണം നടപ്പാക്കാൻ പോലീസുദ്യോഗ സ്ഥന്മാർക്ക് ബുദ്ധിമുട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. ഇക്കാര്യം എനിക്കും ബോധ്യമുള്ളതാണ്. കടുത്തുരുത്തി പോലീസ് സ്റ്റേഷൻ പരിധിയിലുള്ള മാഞ്ഞൂർ പഞ്ചായത്തും കുറവിലങ്ങാട്

പോലീസ് സ്റ്റേഷൻ പരിധിയിലുള്ള കാണക്കാരി പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഉൾപ്പെടുത്തി മാഞ്ഞൂരിൽ ഒരു പുതിയ പോലീസ് സ്റ്റേഷൻ രൂപീകരിക്കുന്ന വിഷയം വകുപ്പുതലത്തിൽ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഈ സാമ്പത്തിക വർഷത്തിൽ കടുത്ത വ്യയ നിയന്ത്രണമുള്ളതിനാൽ അടുത്ത സാമ്പത്തിക വർഷത്തിന്റെ ആദ്യദിവസങ്ങളിൽത്തന്നെ ഇത് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. കടുത്തുരുത്തി സർക്കിൾ ഇൻസ്പെക്ടർ ഓഫീസിന്റെ കെട്ടിട നിർമ്മാണവും പോലീസ് ക്വാർട്ടേഴ്സി നുവേണ്ടിയുള്ള കെട്ടിട സമുച്ചയവും നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് പരിഗ ണിക്കാവുന്നതാണ്.

**കൊങ്ങാട് ഫയർ സ്റ്റേഷൻ**

ശ്രീ. കെ. വി. വിജയദാസ്: സർ, 2011–ൽ പുതിയതായി രൂപീകരിക്കപ്പെട്ട മണ്ഡലമാണ് കൊങ്ങാട് മണ്ഡലം. കൊങ്ങാട് മണ്ഡലത്തിലെ കൊങ്ങാട് പഞ്ചായത്തിൽ കൈമാറ്റം ചെയ്തുകിട്ടിയ അമ്പത് സെന്റ് സ്ഥലത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെ ടുന്നത്. പശ്ചിഘട്ട മലനിരകളാൽ നിബിഡമായ കൊങ്ങാട് മണ്ഡലം ഒരു മലയോര പ്രദേശമാണ്. ഇടയ്ക്കിടയ്ക്ക് കാട്ടുതീ പടർന്നുപിടിച്ചും മൺപാത്ര നിർമ്മാണത്തിനായി മണ്ണെടുക്കുമ്പോൾ മണ്ണിടിഞ്ഞുവീണും കാലവർഷം കൂടുമ്പോൾ ഉരുൾപ്പൊട്ടലുണ്ടായും മലയിടിച്ചിൽ മൂലവും മരണങ്ങൾ ഇവിടെ സാധാരണമാണ്. അടുത്തകാലത്ത് പടക്കനിർമ്മാണ ശാലയിൽ തീപി ടിച്ച് രണ്ട് കേന്ദ്രങ്ങളിൽ അപകടമരണങ്ങളുണ്ടായി. അതുമാത്രമല്ല എൻ.എച്ച്. 213–ന്റെ വലിയ ഒരു ഭാഗം ഈ മണ്ഡലത്തിലൂടെയാണ് കടന്നുപോകുന്നത്.

അവിടെ മണ്ണാർക്കാട് മൊട്ടമല വളവിലും പന്നിയംപാടം വളവിലും മാസത്തിൽ രണ്ടുതവണയെങ്കിലും ഗ്യാസ് ടാങ്കർ ലോറികൾ മറിഞ്ഞുവീഴുന്നത് സാധാരണയാണ്. ഈ സമയത്ത് 34 കി.മീ ദൂരെനിന്ന് ഫയർസർവ്വീസ് എത്തുമ്പോഴേയ്ക്കും നാശനഷ്ടം പൂർണ്ണമായിരിക്കും. ഈ സാഹചര്യത്തിലാണ് കൊങ്ങാട് കേന്ദ്രമാക്കി ഒരു ഫയർ സ്റ്റേഷൻ വേണമെന്ന് ആവശ്യപ്പെടുന്നത്. കൊങ്ങാട് കാഞ്ഞിക്കൽ മെയിൻ റോഡിന്റെ അരികിൽ അമ്പത് സെന്റ് സ്ഥലം ഇതിനായി കണ്ടെത്തിയിട്ടുണ്ട്. മനിക്കശ്ശേരി പുഴയിൽ നിന്ന് ധാരാളം വെള്ളം അഗ്നിശമന സേനയ്ക്ക് ലഭിക്കുകയും ചെയ്യും. പാലക്കാട്, ഷൊർണ്ണൂർ ഫയർ സ്റ്റേഷനുകളിൽ നിന്ന് 35 കി.മീ ദൂരെ സ്ഥിതി ചെയ്യുന്നതാണ് നിർദ്ദിഷ്ട കൊങ്ങാട് ഫയർസ്റ്റേഷൻ. ഈ സ്ഥലത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലമാണെന്ന് പാലക്കാട് ഫയർ ആന്റ് റസ്ക്യൂ സർവ്വീസിലെ അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ആയതുകൊണ്ട് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി കൊങ്ങാട് ഫയർ സ്റ്റേഷൻ യാഥാർത്ഥ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കൊങ്ങാട് ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കണമെന്ന് ബഹുമാനപ്പെട്ട കെ. വി. വിജയദാസ് എം.എൽ.എ. ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കമാന്റന്റ് ജനറലിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. കൊങ്ങാട് ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി കൊങ്ങാട് വില്ലേജ് 1–ൽ റീസർവ്വേ നം.305/17 ൽ ഉൾപ്പെട്ട 95 സെന്റ് സ്ഥല

ത്തിൽനിന്ന് 50 സെന്റ് സ്ഥലം വിട്ടുനൽകണമെന്ന് കൊങ്ങാട് പഞ്ചായത്ത് സെക്രട്ടറി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ത്വരിതപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു. മേൽസൂചിപ്പിച്ച സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് നടപടികൾ പൂർത്തിയാക്കി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പരവൂർ ഫയർസ്റ്റേഷന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ**

ശ്രീ. ജി. എസ്. ജയലാൽ: സർ, എന്റെ മണ്ഡലത്തിലെ പരവൂർ നഗരസഭയിൽ 2008-ൽ ആരംഭിച്ച ഫയർ സ്റ്റേഷൻ എല്ലാവിധത്തിലുമുള്ള അപര്യാപ്തതകൾ മൂലം ബുദ്ധിമുട്ടുകയാണ്. സ്വന്തമായി കെട്ടിടമില്ല. കെട്ടിടം നിർമ്മിക്കാൻ ഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി നിരവധി അപേക്ഷകൾ നൽകിയിട്ടുണ്ടെങ്കിലും ഭൂമി ലഭ്യമായില്ല. പരവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലെ ഭൂമി ലഭ്യമാക്കുന്നതിനാവശ്യമായ അപേക്ഷയാണ് നൽകിയത്. അഗ്നിശമനരക്ഷാസേന വകുപ്പുമേധാവി അന്വേഷണം നടത്തുകയും പ്രസ്തുത സ്ഥലം അനുയോജ്യമാണെന്ന് ബന്ധപ്പെട്ടവർക്ക് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് പോലീസ് ചീഫിന്റെ സമ്മതപത്രം ആവശ്യമാണെന്നാണ് അറിയുന്നത്. ഈ സാങ്കേതികത്വം പറഞ്ഞ് 2009 മുതൽ ഈ ഫയർസ്റ്റേഷന് സ്ഥലം ലഭ്യമാക്കാൻ കഴിയാതെയിരിക്കുകയാണ്. പലതവണ ഇത്തരം വിഷയങ്ങൾ നിയമസഭയിൽ കൊണ്ടുവരികയും നിരവധി അപേക്ഷകൾ മന്ത്രിമാർക്ക് സമർപ്പിക്കുകയും ചെയ്തെങ്കിലും ഇതുവരെയും അതിനാവശ്യമായ സ്ഥലം ലഭ്യമാക്കാൻ കഴിഞ്ഞില്ല. സ്ഥലം ലഭ്യമാക്കാൻ കഴിയാതെ വന്നാൽ ഫയർസ്റ്റേഷൻ വേറെ

സ്ഥലത്തേയ്ക്ക് പോകുമെന്ന രീതിയിലുള്ള ആശങ്ക അവിടെ നിലനിൽക്കുന്നുണ്ട്. പരവൂർ മുനിസിപ്പാലിറ്റി ഇതുമായി ബന്ധപ്പെട്ട പ്രമേയങ്ങൾ പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. അത്യാവശ്യ കാര്യങ്ങൾക്കുപോലും ഉപയോഗിക്കാൻ കഴിയാത്ത തരത്തിലുള്ള പഴയ വാഹനങ്ങളാണ് അവിടെയുള്ളത്. ഈയടുത്ത ദിവസം പരവൂർ നഗരസഭയിലുള്ള നെടുങ്കോലം ആശുപത്രി കോമ്പൗണ്ടിൽ തീപിടിത്തമുണ്ടായപ്പോൾ കൊല്ലത്ത് നിന്ന് ഫയർ എഞ്ചിൻ വന്നാണ് തീ അണച്ചത്. അത്തരത്തിലുള്ള പഴകിയ വാഹനങ്ങളാണ് അവിടെ ഉപയോഗിക്കുന്നത്. കെട്ടിടം വയ്ക്കുന്നതിനാവശ്യമായ ടോക്കൺ പ്രൊവിഷനെല്ലാം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥലം ഇല്ലാത്തതുകൊണ്ട് നടപടിയിലേയ്ക്ക് പോകാൻ കഴിയുന്നില്ല. ഫയർ സ്റ്റേഷന് ആവശ്യമായ സ്ഥലം പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ തന്നെയുണ്ട്. ആ സാങ്കേതികത്വം നീക്കി സ്ഥലം ലഭ്യമാക്കാൻ അങ്ങ് സഹായിക്കണം. അവിടെ അത് ഫലപ്രദമായി വിനിയോഗിക്കുന്നതിനാവശ്യമായ പുതിയ സംവിധാനം ഒരുക്കുന്നതിനും അങ്ങയുടെ ശ്രദ്ധ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കൊല്ലം ജില്ലയിലെ പരവൂരിൽ ഒരു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ഇപ്പോൾത്തന്നെ നിലവിലുണ്ട്. അതിന് സ്വന്തമായി കെട്ടിടമില്ല എന്നുള്ളതാണ് ശ്രീ. ജി. എസ്. ജയലാൽ ഇവിടെ ഉന്നയിച്ച വിഷയം. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലാണ് മിച്ചമായ സ്ഥലമുള്ളത്. ഈ സ്ഥലം ഇതുവരെയും ലഭ്യമായിട്ടില്ല. അത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പരവൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ ഒരു മൊബൈൽ ടാങ്ക് യൂണിറ്റാണ് ഇപ്പോൾ

നിലവിലുള്ളത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയ വാഹനങ്ങൾ വാങ്ങുകയും പരവൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ കൂടി അഡീഷണൽ വാഹനങ്ങൾ അനുവദിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണ്. സ്ഥലം ലഭ്യമായാൽ മാത്രമേ കെട്ടിടം പണി ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് സത്വരമായ നടപടികൾ സ്വീകരിക്കുന്നതാണെന്നുകൂടി ഞാൻ ചൂണ്ടിക്കാണിക്കുന്നു.

<u>**കൊല്ലങ്കോട് ഫയർ സ്റ്റേഷൻ**</u>

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: സർ, നെന്മാറ മണ്ഡലത്തിൽ കൊല്ലങ്കോട് പുതിയതായി ഒരു ഫയർസ്റ്റേഷൻ ആരംഭിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. കേരളത്തിന്റെ അതിർത്തി പ്രദേശമായ തമിഴ്നാടിനോട് അതിർത്തി പങ്കിടുന്ന സ്ഥലമാണിത്. തമിഴ്നാടിന്റെ കാലാവസ്ഥയാണ് ഈ പ്രദേശത്ത് പൊതുവെയുള്ളത്. വേനൽക്കാലത്ത് നിരവധി തീ പിടുത്തങ്ങൾ ഉണ്ടാകാറുണ്ട്. ഫയർ ആന്റ് റെസ്ക്യൂവിന്റെ സഹായം കിട്ടാത്തതിന്റെ ഭാഗമായി എല്ലാം കത്തി നശിച്ചതിനുശേഷമാണ് ചിറ്റൂരിൽ നിന്നും പാലക്കാട് നിന്നുമൊക്കെ ഫയർ എഞ്ചിൻ എത്തുക. കൊല്ലങ്കോട് ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കണമെന്നത് ആ പ്രദേശക്കാരുടെ വളരെക്കാലമായുള്ള ആവശ്യമാണ്. ഇവിടെ പല എം.എൽ.എ. മാരും സൂചിപ്പിച്ചതുപോലെ സ്ഥലമില്ലെന്നുള്ള പ്രശ്നമില്ല. അവിടെ സ്ഥലം അനുവദിച്ച് കിട്ടിയിട്ടുണ്ട്. ഭരണാനുമതി കിട്ടിയാൽ കെട്ടിടവും മറ്റ് സൗകര്യങ്ങളുമൊക്കെ ഉണ്ടാക്കാൻ അടുത്ത സാമ്പത്തിക വർഷത്തിൽ എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടോ ആസ്തി വികസനഫണ്ടോ അനുവദിക്കാൻ തയ്യാറാണ്. മറ്റ് പലയിടത്തും സ്ഥലമില്ല

എന്നതാണ് പ്രശ്നം. നമുക്ക് സ്ഥലം കിട്ടിയിട്ടുണ്ട്. അതുകൊണ്ട് ബഹുമാന്യനായ മന്ത്രി ഇതിനനുകൂലമായ ഒരു സമീപനം സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. വി. ചെന്താമരാക്ഷൻ ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഇവിടെ സൂചിപ്പിച്ച മറ്റ് മെമ്പർമാർക്ക് സ്ഥലമില്ല എന്നുള്ളതായിരുന്നു പരാതി. പക്ഷേ കൊല്ലങ്കോട് സ്ഥലമുണ്ട്. ആ സ്ഥലം ഫയർ അന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ടി 13.09.2013-ലെ സർക്കാർ ഉത്തരവ് നമ്പർ 391/13/റവന്യൂ പ്രകാരം കൊല്ലങ്കോട് വില്ലേജ് റീസർവ്വേ നമ്പർ 583/11-ൽ ഉൾപ്പെട്ട ട്രഷറി വകുപ്പിന്റെ കൈവശമുള്ള 50 സെന്റ് സ്ഥലം വിട്ടുതരാമെന്ന് ഉത്തരവായിട്ടുണ്ട്. ആ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. സ്ഥലം കിട്ടിയാലുടൻതന്നെ മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ ഫയർ ഡിപ്പാർട്ടുമെന്റിന് സാമ്പത്തിക പരാധീനതകളുണ്ട് എന്നത് വാസ്തവമാണ്. എം.എൽ.എ. മാരുടെ ഫണ്ട് ഉപയോഗിച്ചോ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചോ കെട്ടിടം പണിതാൽ മറ്റ് എക്യുപ്മെന്റ്സ് പ്രൊവൈഡ് ചെയ്യുന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ്. ഇന്നിവിടെ സബ്മിഷൻ അവതരിപ്പിച്ച നാലോളം എം.എൽ.എ.മാർ ഫയർ സ്റ്റേഷന്റെ ആവശ്യമാണ് ഉന്നയിച്ചത്. ശ്രീ. പി.സി. വിഷ്ണുനാഥും ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഫയർ ഡിപ്പാർട്ടുമെന്റിന് ആവശ്യമായ ഫിനാൻസ് അലോക്കേഷനില്ലാത്തതാണ് ഏറ്റവും വലിയ പ്രശ്നം.

ആധുനിക കാലഘട്ടത്തിൽ അഗ്നിശമന വിഭാഗത്തെ ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ്. ഇത്തവണ ധനകാര്യ വകുപ്പുമന്ത്രി 20 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചതിനേക്കാൾ അഡീഷണലായി 15 കോടി രൂപ കൂടി തരാമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ അതുകൊണ്ടും പര്യാപ്തമാകുന്നില്ല. കൂടുതൽ ഫണ്ട് വരുന്ന മുറയ്ക്ക് ഗവൺമെന്റ് ഇത്തരം കാര്യങ്ങൾ നിശ്ചയമായും പരിഗണിക്കുമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

## അംശകച്ചേരി-ചെറുകുളം റോഡിന്റെ പ്രവൃത്തി

ശ്രീ. എ.കെ. ശശീന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ പത്ത് വർഷത്തിനുമുമ്പ് പ്രവർത്തനം ആരംഭിച്ച റോഡാണ് കക്കോടി-അംശകച്ചേരി-ചെറുകുളം റോഡ്. അതിന്റെ പണി 500 മീറ്റർ മാത്രമാണ് ഇപ്പോൾ പൂർത്തിയായിട്ടുള്ളത്. അഡ്വാൻസായി 49 ആളുകൾ സ്ഥലം അനുവദിച്ചിരുന്നു. അവർക്കുപോലും നഷ്ടപരിഹാരം കൊടുത്തിട്ടില്ല. സർവ്വേ ഡിപ്പാർട്ടുമെന്റിന്റെ കെടുകാര്യസ്ഥതമൂലം അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാനും കഴിഞ്ഞിട്ടില്ല. അതിന്റെ ഫലമായി ആ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പാടെ സ്തംഭിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ആവശ്യമായ പണം അനുവദിച്ചും അക്വിസിഷൻ നടപടികൾ വീണ്ടും ആരംഭിക്കാൻ കളക്ടർക്ക് ആവശ്യമായ നിർദ്ദേശം നൽകിയും ഈ റോഡിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ വേണ്ട കാര്യങ്ങൾ ചെയ്യണമെന്ന് മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിലെ അംശകച്ചേരി-ചെറുകുളം റോഡ് വീതികൂട്ടി പരിഷ്ക്കരിക്കരിക്കുന്നതിന് 30.01.2011-ലെ സർക്കാർ ഉത്തരവ് പ്രകാരം 305 ലക്ഷം രൂപ ഭരണാനുമതി നൽകിയിരുന്നു. സർവ്വേ നടപടികൾ പൂർത്തിയാക്കി ഭൂമി ഏറ്റെടുക്കുന്ന തിനുള്ള നടപടി ക്രമങ്ങൾ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ ലാന്റ് അക്വിസിഷൻ വിജ്ഞാപനം കാലഹരണപ്പെട്ടു. നഷ്ടപരിഹാരം നൽകി സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി ക്രമങ്ങൾ ഉടനെ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് റോഡ് വീതികൂട്ടി പരിഷ്ക്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## അങ്കമാലി-നെടുമ്പാശ്ശേരി എയർപോർട്ട് ബൈപ്പാസ് നിർമ്മാണം

ശ്രീ. ജോസ് തെറ്റയിൽ: സർ, ഇത് വളരെ ഗൗരവമായ ഒരു ഗതാഗത പ്രശ്നമാണ്. നാഷണൽ ഹൈവേ 47-ൽ തൃശ്ശൂരിനും എറണാകുളത്തിനും ഇടയ്ക്ക് ഏറ്റവും കൂടുതൽ തിരക്ക് അനുഭവപ്പെടുന്ന സ്ഥലമാണ് അങ്കമാലി. തിരുവനന്തപുരം-അങ്കമാലി സ്റ്റേറ്റ് ഹൈവേ നാഷണൽ ഹൈവേയുമായി സംഗമിക്കുന്ന കേരളത്തിലെ ഏക സെന്ററും ഇതുതന്നെയാണ്. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിന്റെ സാമീപ്യവും അതുപോലെ വല്ലാർപ്പാടം കണ്ടെയ്നറിന്റെ തിരക്കുംകൊണ്ട് അവിടെ ഇപ്പോൾ ഗതാഗത കുരുക്കിന്റെ പ്രശ്നമാണ്. അതുകൊണ്ടാണ് ബൈപ്പാസിന്റെ കാര്യത്തെക്കുറിച്ച് വർഷങ്ങളായുള്ള ആവശ്യം വന്നിട്ടുള്ളത്. ഇത് മനസ്സിലാക്കി കഴിഞ്ഞ

സർക്കാരിന്റെ കാലത്ത് 1000 കോടി രൂപയുടെ പദ്ധതിയിൽപ്പെടുത്തി ബൈപ്പാസിന് വകകൊളളിച്ചിട്ടുളളതായിരുന്നു. അതിനെത്തുടർന്ന് ആർ.ബി.ഡി.സി.യുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ ആർ.ബി.ഡി.സി.യെ ചുമതലപ്പെടുത്തി 25 ലക്ഷം രൂപ കൊടുക്കുകയും ചെയ്തു. ഇപ്പോൾ ഈ ഗവൺമെന്റിന്റെ നാലാമത്തെ ബഡ്ജറ്റും കഴിഞ്ഞു. ഈ ബഡ്ജറ്റിലും ഒരു തുകയും വച്ചിട്ടില്ല. ഇതിന്റെ തുക കണക്കാക്കിയിരിക്കുന്നത് അങ്കമാലി മുതൽ നെടുമ്പാശ്ശേരി എയർപോർട്ടുവരെയുളള രണ്ട് ഘട്ടത്തിൽ, ഒന്നാം ഘട്ടത്തിന് 275 കോടി രൂപയും ബാക്കി 175 കോടി രൂപയുമാണ് വരുന്നത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും എക്സൈസ് വകുപ്പുമന്ത്രിയുടെയും എം.പി.മാരുടെയും എം.എൽ.എ.മാരുടെയുമൊക്കെ യോഗത്തിൽ ഈ വർക്ക് പി.പി.പി. ആയി ചെയ്യണമെന്നൊക്കെ ആവശ്യപ്പെട്ടിരുന്നു. അതിന്റെ പുരോഗതിയൊന്നും ഇതുവരെ വന്നിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്കമാലിയിൽ വന്നപ്പോൾ ഇതിന്റെ ആവശ്യത്തെക്കുറിച്ച് പറയുകയും ബഡ്ജറ്റിൽ വകകൊളളിക്കാത്തതിനാൽ സപ്ലിമെന്ററിയായി ഉൾക്കൊളളിക്കാമെന്നും കഴിഞ്ഞ ബഡ്ജറ്റ് കഴിഞ്ഞപ്പോൾ പറഞ്ഞതാണ്. അതിൽ ഉൾപ്പെടുത്തിയില്ലെന്നുമാത്രമല്ല ഈ ബഡ്ജറ്റിലും ഉൾപ്പെടുത്തിയിട്ടില്ല. വളരെ ഗുരുതരമായ ഗതാഗത പ്രശ്നം അനുഭവപ്പെടുന്ന അങ്കമാലി എയർപോർട്ടിലേയ്ക്കുപോകുന്ന ആളുകൾ മുഴുവൻ അവിടെ stranded ആവുകയാണ്. ഈ സ്ഥിതി മാറുന്നതിനുവേണ്ടി അങ്കമാലി-നെടുമ്പാശ്ശേരി എയർപോർട്ട് ബൈപ്പാസിന്റെ നിർമ്മാണം

അടിയന്തരമായി തുടങ്ങാനുള്ള സംവിധാനമുണ്ടാക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, എൻ.എച്ച്. 47–ൽ കരയാമ്പറമ്പ് മുതൽ അങ്കമാലി റെയിൽവേ സ്റ്റേഷൻ വരെ ഒന്നാം ഘട്ടവും അങ്കമാലി റെയിൽവേ സ്റ്റേഷൻ മുതൽ നെടുമ്പാശ്ശേരി വരെ രണ്ടാം ഘട്ടവും ഉൾപ്പെടുന്ന അങ്കമാലി–നെടുമ്പാശ്ശേരി എയർപോർട്ട് ബൈപ്പാസ് നിർമ്മിക്കുന്നതിന്റെ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കൺസൾട്ടന്റ് സ്ഥാപനമായ കിറ്റ്കോയെ ചുമതലപ്പെടുത്തുകയും കിറ്റ്കോ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നു. പി.പി.പി. മാതൃകയിലും ഡിസൈൻ ബിൽഡ് ഓപ്പറേറ്റ് ഫിനാൻസ് ആന്റ് ട്രാൻസ്ഫർ മാതൃകയിലുമായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി മാർച്ച് 15–ാം തീയതിക്കുമുമ്പായി സമർപ്പിക്കണമെന്ന് ആർ.ബി.ഡി.സി. മാനേജിംഗ് ഡയറക്ടർ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാരിന് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭരണാനുമതി ലഭിച്ച ഒരു വർക്ക് അല്ല ഇത്. ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞിട്ടുണ്ടെങ്കിൽ അത് പുതുക്കാനും ഗവൺമെന്റ് തയ്യാറാണ്. കഴിഞ്ഞ ഗവൺമെന്റ് ഭരണാനുമതി കൊടുത്തിട്ടില്ല എന്നുകൂടി ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുന്നു.

**ഓണാട്ടുകര പാക്കേജ്**

ശ്രീ. സി. കെ. സദാശിവൻ: സർ, കുട്ടനാട് പാക്കേജിനോട് അനുബന്ധമായി പ്രഖ്യാപിച്ച ഓണാട്ടുകര കാർഷിക പാക്കേജ് ത്വരിതപ്പെടുത്തണമെന്ന ആവശ്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി നെൽക്കൃഷി വികസനത്തിനുവേണ്ടി അനുവദിച്ച 12 കോടി രൂപയിൽ 25 ശതമാനം തുക പോലും നാളിതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടില്ല. തരിശുഭൂമി കൃഷിയോഗ്യമാക്കി മാറ്റുന്നതിനും ഓരുവെള്ളം പാടങ്ങളിലേയ്ക്ക് കയറാതെ കൃഷിയെ രക്ഷിക്കുന്നതിനും വേണ്ടി ഫലപ്രദമായ പദ്ധതി തയ്യാറാക്കുന്നതിന് പദ്ധതിയുടെ നിർവ്വഹണ ചുമതലയുള്ള ഓണാട്ടുകര വികസന ഏജൻസിക്ക് കഴിഞ്ഞിട്ടില്ല. ജലനിർഗ്ഗമന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ചുമതല ഇറിഗേഷൻ ഡിപ്പാർട്ടമെന്റിനാണ്. ഇതിനായി 252.75 കോടി രൂപ അനുവദിച്ച് നാലു വർഷം കഴിഞ്ഞിട്ടും ഒരു പൈസപോലും ചെലവഴിക്കാൻ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് സാധിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുമെങ്കിലും ടെണ്ടർ ഏറ്റെടുക്കാൻ ആരും തയ്യാറാകുന്നില്ല. ചില പ്രോജക്ടുകൾ ടെണ്ടർ ചെയ്യാതെയും കിടക്കുകയാണ്. കനാലുകൾ, പുഴകൾ നീർച്ചാലുകൾ, എല്ലാംകൂടി ചേർത്ത് പന്ത്രണ്ട് വാട്ടർ ഷെഡുകളായി തിരിച്ച് ഏഴ് പദ്ധതികൾ ടെണ്ടർ ചെയ്തെങ്കിലും ഒന്നിന്റെയും നിർമ്മാണം ആരംഭിച്ചിട്ടില്ല. അഞ്ച് വാട്ടർ ഷെഡുകളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുപോലുമില്ല. കുളങ്ങൾ നവീകരിക്കുന്നതിനുള്ള ചുമതല സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റിനാണ്. കായംകുളം മണ്ഡലത്തിൽ രണ്ട് ഘട്ടങ്ങളിലായി 48 കുളങ്ങളാണ് ഏറ്റെടുക്കാൻ പോകു

ന്നത് എന്നാണ് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളിൽ നിന്നും അറിയാൻ സാധിച്ചത്. ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലത്തിൽ ഏതാണ്ട് അൻപതോളം കുളങ്ങളും ശ്രീ. രമേശ് ചെന്നിത്തലയുടെ മണ്ഡലത്തിൽ ഏതാണ്ട് അറുപതോളം കുളങ്ങളുണ്ടെങ്കിലും ഒന്നിന്റേയും നവീകരണപ്രവർത്തനം പൂർത്തിയാക്കാതെ ഇഴഞ്ഞുനീങ്ങുകയാണ്. നാൽപ്പത്തിയെട്ട് കുളങ്ങളുള്ള എന്റെ മണ്ഡലത്തിൽ ഫസ്റ്റ് ഫേസിൽപ്പെട്ട പതിനൊന്ന് കുളങ്ങളുള്ളിൽ രണ്ടെണ്ണത്തിന്റെ നിർമ്മാണം മാത്രമാണ് പൂർത്തീകരിച്ചത്. കഴിഞ്ഞദിവസം കേന്ദ്രമന്ത്രി ശ്രീ. കെ. സി. വേണുഗോപാൽ കളക്ടറേറ്റിൽ വിളിച്ചുകൂട്ടിയ യോഗത്തിൽ ഞാനും പങ്കെടുത്തിരുന്നു. സെക്കന്റ് ഫേസിൽപ്പെട്ട നൂറുകണക്കിന് കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കായുള്ള ഫയൽ അങ്ങയുടെ മേശപ്പുറത്ത് കൂട്ടിവച്ചിരിക്കുകയാണെന്നാണ് അതിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചത്. ആ ഫയലുകളൊക്കെ ഒപ്പിട്ടുകൊടുത്താൽ അതിന് എ.എസ് ലഭിക്കും. അങ്ങ് ഒപ്പിട്ടുകൊടുക്കാത്തതുകൊണ്ട് എ.എസ്. കൊടുക്കാൻ കഴിയുന്നില്ല. ഒരു വർഷം മാത്രം അവശേഷിക്കുന്ന ഈ ഘട്ടത്തിൽപ്പോലും കുട്ടനാട് പാക്കേജിന്റെ കാര്യമെന്തായിയെന്ന് എല്ലാവർക്കുമറിയാം. ഇക്കണോമിക് റിവ്യൂ പ്രകാരം കുട്ടനാട് പാക്കേജിനായി 1841 കോടി രൂപ അനുവദിച്ചതിനുപുറമേ 13-ാം ധനകാര്യ കമ്മീഷൻ 300 കോടി രൂപ അനുവദിച്ചെങ്കിലും വെറും 106 കോടി രൂപ മാത്രം ചെലവഴിച്ചുള്ളൂവെന്നാണ് പറയുന്നത്. കുട്ടനാട് പാക്കേജിന്റെ ദുരവസ്ഥ ഇതിനുണ്ടാകാതിരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണം. ഇവിടെ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് എന്ത് ജോലിയാണ് ചെയ്യുന്നത്; എന്താണ് ഇവർ ചെയ്തുകൊണ്ടിരിക്കുന്നത്? കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന ഫണ്ട് ലാപ്സാക്കിക്കളയുന്ന കുറ്റകരമായ

അനാസ്ഥയാണ് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. കുട്ടനാട് പാക്കേജ് പൊളിച്ചുകുളമാക്കിയതുപോലെ ഓണാട്ടുകര പാക്കേജും ആ നിലയിലേയ്ക്ക് വരുന്നത്. ഇതുസംബന്ധിച്ച് അങ്ങേയ്ക്ക് ജാഗ്രത വേണം അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെടണം. ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ ഉണ്ടാകണം. അങ്ങയുടെ മേശപ്പുറത്തിരിക്കുന്ന ഫയലുകൾ ഒപ്പിടാൻ അങ്ങ് തയ്യാറാകണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യങ്ങളിൽ ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ നിർദ്ദേശപ്രകാരം അംഗീകരിച്ചു ലഭിച്ച കുട്ടനാട് പാക്കേജിൽ ഓണാട്ടുകര മേഖലയ്ക്കായി നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതികൾ ഒന്നൊന്നായി പറയാം. ഓണാട്ടുകര പ്രദേശത്തെ തോടുകൾ കുളങ്ങൾ മുതലായവയുടെ പുനരുദ്ധാരണം നവീകരണത്തിനും വേണ്ടി 2,48,39,000 (രണ്ടുകോടി നാൽപ്പത്തിയെട്ട് ലക്ഷത്തി മുപ്പത്തിയൊമ്പതിനായിരം ) രൂപയുടെ നീർത്തട പദ്ധതി ജലസേചന വകുപ്പ് സർക്കാരിന്റെ **എഫ്.എം.ബി**. സ്കീമിൽ അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്നു. കേന്ദ്ര സർക്കാരിന്റെ പദ്ധതി വിഹിതമായ 11,25,00,000 (പതിനഞ്ച് കോടി ഇരുപത്തിയഞ്ച് ലക്ഷം) രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായ 3,75,00,000 (മൂന്നു കോടി എഴുപത്തിയഞ്ച് ലക്ഷം) രൂപയും ഉൾപ്പെടെ 15,00,00,000 (പതിനഞ്ച്) കോടി രൂപ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പന്ത്രണ്ട് നീർത്തട പ്രവർത്തികൾക്കായി തിരിച്ചാണ് നടപ്പിലാക്കുന്നത്. ടി. പ്രവർത്തികൾ പലതവണ ടെണ്ടർ ചെയ്തുവെങ്കിലും ഭൂരിഭാഗം ടെണ്ടറുകളും പ്രതികരണമില്ലാത്തതിനാൽ തുകയൊന്നും വിനിയോഗിച്ചിട്ടില്ല.

വിശദവിവരങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൃഷി വകുപ്പിൻകീഴിൽ ഓണാട്ടുകര വികസന ഏജൻസി മുഖേന ഒന്നാം വിള നെൽക്കൃഷിക്കുള്ള പന്ത്രണ്ടുകോടി രൂപയുടെ പദ്ധതി ആർ.കെ.വി.വൈ. സ്കീമിൽ അനുവദിക്കുകയും 4,10,00,000 (നാല് കോടി പത്ത് ലക്ഷം) രൂപ റിലീസ് ചെയ്യുകയും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി 421 ഹെക്ടർ തരിശുനിലങ്ങളിൽ കൃഷിയിറക്കുകയും വിത്തും മറ്റ് ഉപാധികളും നൽകുകയും ചെയ്തു. പന്ത്രണ്ട് അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 1,65,00,000 (ഒരു കോടി അറുപത്തിയഞ്ച് ലക്ഷം) രൂപയുടെ തരിശു കൃഷി നടപ്പിലാക്കി 1199 ഹെക്ടർ പ്രദേശത്ത് 2009–10 അധികമായി കൃഷിയിറക്കിയിട്ടുണ്ട്. കൃഷി വകുപ്പിൻകീഴിൽ 592 ഹെക്ടർ പ്രദേശത്ത് എള്ളുകൃഷി പ്രോത്സാഹിപ്പിക്കുകയും ഹരിപ്പാട് കായംകുളം ബ്ലോക്കുകളിലായി 3118 കൃഷിക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയുമുണ്ടായി. ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി **0.027** കോടി രൂപയുടെ പദ്ധതിപ്രകാരം 700 ഹെക്ടർ പ്രദേശത്ത് എള്ളുകൃഷി നടപ്പിലാക്കി. പാക്കേജിൻകീഴിൽ രാഷ്ട്രീയ കൃഷി വികാസ് യോജന സ്കീമിൽ കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുന്ന പദ്ധതി ഓണാട്ടുകരയിലെ കർഷകർക്കും പ്രയോജനപ്രദമാണ്. ഓണാട്ടുകരയിലെ കാർഷിക ഗവേഷണം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്കായി ഒ.ആർ.എ.ആർ.എസ്. കായംകുളത്തിന് ഒരു കോടി നൂറ്റിത്തൊണ്ണൂറ്റിയേഴ് ലക്ഷം രൂപ അനുവദിക്കുകയും ഒരു കോടി ആയിരത്തി അറുന്നൂറ്റി നാൽപ്പത്തിയഞ്ച് ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 13–ാം ധന

കാര്യ കമ്മീഷനുകീഴിൽ ഓണാട്ടുകര കാർഷിക ഗവേഷണ കേന്ദ്രത്തിനായി ഒരു കോടി ഇരുപത്തിയൊൻപത് ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചതിൽ ഒരു കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രാദേശിക നെൽവിത്തിനങ്ങളുടെ സംരക്ഷണവും നെൽകൃഷി ചെയ്യുന്ന മണ്ണിനങ്ങളുടെ ജൈവ പുനരുജ്ജീവനവുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പതിമൂന്നാം ധനകാര്യ കമ്മീഷനുകീഴിൽ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന കുളങ്ങളുടെയും കിണറുകളുടെയും പുനരുദ്ധാരണത്തിനുവേണ്ടി പതിനഞ്ചുകോടി രൂപയുടെ ഒന്നാംഘട്ട പദ്ധതിയും ഇരുപത്തിയഞ്ച് കോടി രൂപയുടെ രണ്ടാംഘട്ട പദ്ധതിയും ഓണാട്ടുകര മേഖലയിലെ കർഷകർക്ക് പ്രയോജനപ്രദമാകും. 21-ാം തീയതി അതിന്റെ തുടക്കം കുറിക്കുന്നതാണ്. മൃഗസംരക്ഷണ വകുപ്പ്, മത്സ്യബന്ധനവകുപ്പ്, വനം വകുപ്പ് എന്നിവ നടപ്പിലാക്കുന്ന പശുവിതരണ പദ്ധതി, ആട് വിതരണം, താറാവ് വളർത്തൽ, മത്സ്യകുഞ്ഞുങ്ങളുടെ വിതരണം, കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കുക എന്നീ പദ്ധതികളുടെ ആനുകൂല്യം ഓണാട്ടുകര മേഖലയ്ക്കാകെ ലഭ്യമായിട്ടുണ്ട്. പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുവേണ്ടിയുള്ള കമ്മിറ്റികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, എ.പി.സി.യുടെയും ചീഫ് സെക്രട്ടറിമാർ എന്നിവർ തലവന്മാരായ പ്രോസ്പിരിറ്റി കൗൺസിൽ, കോ-ഓർഡിനേഷൻ കമ്മിറ്റി, ടാസ്ക് ഇംപ്ലിമെന്റേഷൻ കമ്മിറ്റി എന്നീ കമ്മിറ്റികൾ യോഗം ചേർന്ന് പദ്ധതികളുടെ പുരോഗതി അവലോകനം നടത്തുകയും പദ്ധതിയുടെ നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട സ്പീക്കറും ആഭ്യന്തര വകുപ്പുമന്ത്രിയും ശ്രീ. സുധാകരനും അവിടത്തെ ജനപ്രതിനിധികൾ അടക്കം എല്ലാവരും ആവശ്യപ്പെട്ടതിന്റെ ഭാഗമായി നടത്തി

വരുന്നുണ്ട്. ഇതിലുള്ളത് ടെണ്ടറുകൾ പ്രതികരിക്കുന്നില്ലെന്നുള്ളതാണ്. അതിനുവേണ്ടി റീ ടെണ്ടർ വച്ച് ഉടൻതന്നെ നടപടികൾ സ്വീകരിക്കുന്നതാണ്.

**പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പാർപ്പിട സമുച്ചയം**

ശ്രീ. പി. കെ. ഗുരുദാസൻ: സർ, കൊല്ലത്ത് റെയിൽവേ ഗേജ് കൺവെർഷന്റെ കാലത്ത് 1974–ൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 54 കുടുംബങ്ങളെ അവിടെ നിന്നും ഒഴിപ്പിക്കുകയുണ്ടായി. അതിനെതിരെ ശക്തമായ പ്രതിഷേധം ജനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായതിനെത്തുടർന്ന് മൂന്നേക്കറോളം വരുന്ന റെയിൽവേയുടെ തന്നെ ചതുപ്പ് സ്ഥലത്ത് അവർക്ക് താമസിക്കുവാൻ സൗകര്യം കൊടുത്തു. നാൽപ്പത് വർഷമായി അവർ അവിടെ താമസിക്കുകയാണ്. ഇപ്പോൾ അവിടെ 300 കുടുംബങ്ങളായി മാറി. അവിടെ മഴ പെയ്താൽ വെള്ളപ്പൊക്കവും വേനൽക്കാലമായാൽ തീപിടിത്തവുമുൾപ്പെടെ വലിയ പ്രകൃതി ദുരന്തങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ സ്ഥലം കോർപ്പറേഷന് വിട്ടുകൊടുത്താൽ അവർക്കാവശ്യമായ ഫ്ളാറ്റ് നിർമ്മിച്ചുകൊടുക്കാൻ കോർപ്പറേഷൻ സന്നദ്ധമാണ്. ഈ സ്ഥലം കോർപ്പറേഷന് വിട്ടുകൊടുക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ഇ. അഹമ്മദിന്റെ നേതൃത്വത്തിൽ ഇതുസംബന്ധിച്ച് ഒരു ചർച്ച നടന്നിരുന്നു. അവിടത്തെ എം.പി.മാർ നിരന്തരമായി ആവശ്യപ്പെടുന്ന ഇക്കാര്യത്തിന്മേൽ ഗവൺമെന്റ് നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇതുസംബന്ധിച്ച് ശ്രീ. മല്ലികാർജ്ജുന ഗാർഗെയ്ക്ക് ഒരു കത്തെഴുതുകയും അനുകൂലമായ തീരുമാനമെടുക്കാമെന്ന് അറിയിച്ചെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചില്ല. ഈ സ്ഥലം കോർപ്പറേഷന് ലഭ്യമാക്കാൻ ആവശ്യമായ നടപടി

ബഹുമാനപ്പെട്ട ഗവൺമെന്റ് സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, വളരെ ന്യായമായ ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. ബഹുമാനപ്പെട്ട എം.പി. ശ്രീ. പീതാംബര കുറുപ്പ് ഇക്കാര്യത്തെ സംബന്ധിച്ച് റെയിൽവെ അധികൃതരുമായി സംസാരിച്ച വിവരം എന്നെ അറിയിച്ചിരുന്നു. ഇപ്പോൾ 406.8 സെന്റ് സ്ഥലമാണ് അവിടെയുള്ളത്. ആളുകൾ അവിടെ വർഷങ്ങളായി താമസിക്കുകയാണ്. റെയിൽവെ ഇക്കാര്യത്തിൽ ഇപ്പോൾ എടുത്തിട്ടുള്ള ഒരു സ്റ്റാന്റ്, അവർക്ക് പട്ടയം കൊടുക്കണമെങ്കിൽ........... ..... ചിന്നക്കടയിൽ അണ്ടർപാസ്സിനുവേണ്ടി കോർപ്പറേഷൻ എടുത്തിരുന്ന ഒരു സ്ഥലമുണ്ട്. അന്ന് സ്ഥലമെടുത്ത സമയത്ത് പരസ്പരം സംസാരിച്ച് ഒരു സംഖ്യ തീരുമാനിച്ചിരുന്നു. അതുപോലൊരു സംഖ്യ നൽകണമെന്നാണ് അവർ പറഞ്ഞത്. അക്കാര്യം റെയിൽവേയോട് സംസാരിച്ചു. ഇപ്പോൾ അത് കോർപ്പറേഷനെ ഏൽപ്പിക്കാൻ അവർ തീരുമാനിച്ചുകഴിഞ്ഞു. പക്ഷേ, ഒരു ഉഭയകക്ഷി ചർച്ച നടത്തി സംഖ്യ തീരുമാനിക്കണമെന്നാണ് ഇപ്പോൾ പറയുന്നത്. ഇവരെ ഒരു ഘട്ടത്തിൽ ഇങ്ങോട്ട് മാറ്റിതാമസിപ്പിച്ചതുകൊണ്ട് നഷ്ടപരിഹാരമില്ലാതെ തന്നെ ആ സ്ഥലം വിട്ടുകൊടുക്കണമെന്നുള്ള കാര്യം അവരോട് സംസാരിക്കാം. അത് സാധ്യമല്ല, വല്ല സംഖ്യയും കൊടുക്കണമെന്നാണെങ്കിൽ അക്കാര്യവും കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെടുത്താം. ഏതായാലും ആ പ്രശ്നം പരിഹരിക്കണം. പരിഹരിക്കുവാനുള്ള എല്ലാ നടപടിയും ഈ ഗവൺമെന്റ് കൈക്കൊള്ളും.

**ബ്ലോക്ക് പഞ്ചായത്തുകളിലെ ബി.പി.എൽ. ലിസ്റ്റിൽ ഉപഭോക്താക്കളെ ഉൾപ്പെടുത്തൽ**

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വളരെ പ്രധാനപ്പെട്ടതും സാധാരണക്കാരന്റെ സാങ്കേതികമായിട്ടുള്ളതുമായ ഒരു പ്രശ്നം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി വളരെയേറെ ശ്ലാഘിക്കപ്പെട്ടതും ഐക്യരാഷ്ട്രസഭയുടെ അംഗീകാരം ലഭിച്ചതുമായ പരിപാടിയാണ്. മുഖ്യമന്ത്രിയുടെ പ്രത്യേക അനുമതിയോടുകൂടി അർഹതപ്പെട്ട ധാരാളം എ.പി.എൽ. കാർഡ് ഉടമകളെ ബി.പി.എൽ. കാർഡ് ഉടമകളാക്കി മാറ്റുകയുണ്ടായി. ബി.പി.എൽ. കാർഡ് ഉടമകൾക്ക് മറ്റ് പല കാര്യങ്ങൾക്കും ഉദാഹരണത്തിന് വിദ്യാഭ്യാസ ആവശ്യം, ബാങ്ക് ലോൺ, ഹോസ്പിറ്റൽ ആവശ്യം, ഇലക്ട്രിസിറ്റി കണക്ഷൻ ഇതിനൊക്കെ ബന്ധപ്പെട്ട ബ്ലോക്കിൽ നിന്ന് ബി.പി.എൽ. സർട്ടിഫിക്കറ്റ് വാങ്ങേണ്ടിവരും. ബി.പി.എൽ. കാർഡ് പ്രകാരം പൊതുവിതരണ സമ്പ്രദായം അനുസരിച്ചുള്ള ആനുകൂല്യങ്ങളും സൗകര്യങ്ങളും ലഭിക്കുന്നതിന് കാർഡിൽ മാത്രം മാറ്റം വരുത്തിയാൽ മതി. എന്നാൽ ഈ പറഞ്ഞ ആവശ്യങ്ങൾക്ക് ബി.പി.എൽ. സർട്ടിഫിക്കറ്റിനുവേണ്ടി ബ്ലോക്ക് പഞ്ചായത്തുകളെ സമീപിക്കുമ്പോൾ ജനസമ്പർക്ക പരിപാടിയിലൂടെ കൺവെർട്ട് ചെയ്ത കാർഡ് ഉടമകൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ലിസ്റ്റിൽ അവരുടെ പേരില്ലെന്ന കാരണത്താൽ ബി.പി.എൽ. സർട്ടിഫിക്കറ്റ് നൽകുന്നില്ല. അതുകൊണ്ട് ഗവൺമെന്റ് അടിയന്തിരമായി ഈ വിഷയത്തിൽ ഇടപെട്ട് ഇങ്ങനെ കൺവെർട്ട് ചെയ്ത പുതിയ കാർഡുകൾക്കുകൂടി ബി.പി.എൽ. സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള സൗകര്യമുണ്ടാക്കണം. എന്റെ മണ്ഡലത്തിലും ഇങ്ങനെയുള്ള രണ്ടുമൂന്ന് വിഷയങ്ങൾ

വന്നു. ഇത് ഒരു മണ്ഡലത്തിലോ, ഒരു ജില്ലയിലോ ഉള്ള പ്രശ്നമായിരിക്കില്ല. അതുകൊണ്ടാണ് ഈ പൊതു വിഷയം സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നത്. ഇങ്ങനെ ജനസമ്പർക്ക പരിപാടിയിലൂടെ കൺവെർട്ട് ചെയ്തിട്ടുള്ള കാർഡുകൾക്ക് ബി.പി.എൽ. സർട്ടിഫിക്കറ്റ് കൂടി ലഭിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ ജില്ലാകളക്ടർമാർ മുഖാന്തിരം നടപ്പാക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട സർക്കാരിനോടും ഡിപ്പാർട്ടുമെന്റിനോടും അപേക്ഷിക്കുകയാണ്.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, തദ്ദേശസ്വയം ഭരണ വകുപ്പാണ് സംസ്ഥാനത്ത് ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നത്. 05–11–2011–ലെ സർക്കാർ ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ എ.പി.എൽ.–ൽ നിന്നും ബി.പി. എൽ–ലേയ്ക്ക് മാറ്റി റേഷൻ കാർഡുകൾ വിതരണം ചെയ്യണമെന്ന് ലഭിച്ച അപേക്ഷകളിൽ പുതിയ പട്ടികയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി അർഹതപ്പെട്ടവർക്ക് ബി.പി.എൽ. കാർഡുകൾ ലഭ്യമാക്കുവാനുള്ള അധികാരം ജില്ലാകളക്ടർമാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. കൂടാതെ 27–04–2012–ലെ സർക്കാർ ഉത്തരവ് പ്രകാരം നിലവിലെ ബി.പി.എൽ. പട്ടികയിൽ നിന്നും സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ആദായ നികുതി കൊടുക്കുന്നവർ, സ്വന്തമായി ഒരു ഏക്കറിന് മുകളിൽ ഭൂമിയുള്ളവർ, സ്വന്തമായി 1000 ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ, 4 ചക്രവാഹനം സ്വന്തമായുള്ളവർ എന്നിവരെ ഒഴിവാക്കിയും

ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ, മാനസിക-ശാരീരിക വൈകല്യമുള്ളവർ, ഓട്ടിസം ബാധിച്ചവർ, ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ, എയ്ഡ്സ്, ക്യാൻസർ രോഗികൾ, ഡയാലിസിസിന് വിധേയരാകുന്നവരും പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും കുടുംബാംഗങ്ങളായിട്ടുണ്ടെങ്കിൽ ഈ കുടുംബത്തെയും ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുവാൻ മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം തീരുമാനമായിട്ടുണ്ട്. ഇവർക്ക് ബി.പി.എൽ. സർട്ടിഫിക്കറ്റ് കൊടുക്കണമെന്നുള്ള ഒരു വിഷയം ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാട്ടുകയുണ്ടായി. തീർച്ചയായും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുമായി ഇക്കാര്യം ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ സാധിക്കും.

**<u>പുതിയ പെൻസ്റ്റോക്ക് പൈപ്പ് സ്ഥാപിക്കൽ</u>**

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, എന്റെ മണ്ഡലത്തിൽപ്പെടുന്ന വെള്ളത്തൂവൽ പഞ്ചായത്തിലെ ഒരു അപകടസാധ്യത ഒഴിവാക്കാനായാണ് ഞാൻ ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നത്. പൊന്മുടി ഡാമിൽ നിന്നും വരുന്ന പെൻസ്റ്റോക്ക് പൈപ്പിൽ വാൽവ് ഹൗസിലെ ബട്ടർഫ്ളൈ വാൽവിൽ ഉണ്ടായിട്ടുള്ള അപകടമാണ് മുമ്പ് ചില ജീവനുകൾ നഷ്ടപ്പെടാൻ ഇടയാക്കിയത്. ഇപ്പോഴാണെങ്കിൽ ചെങ്കുളം മുതൽ വെള്ളത്തൂവൽ വരെയുള്ള എൽ.പി.റ്റി. 800 മീറ്ററും എച്ച്.പി.റ്റി. 900 മീറ്ററും വരുന്ന പെൻസ്റ്റോക്ക് പൈപ്പുകളിൽ 400 സ്ഥലങ്ങളിലായി ചോർച്ചകളുള്ളതായി ആ പ്രദേശവാസികൾ കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യം യാഥാർത്ഥ്യമാണെന്ന് എനിക്കും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുകയും അവർ അത് നന്നാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും

അവരെക്കൊണ്ടും സാധിക്കാത്തതിനാൽ ജനങ്ങൾ വലിയ ആശങ്കയിലാണ്. അതുകൊണ്ട് അവ പുന:സ്ഥാപിക്കപ്പെടേണ്ടതാണ്. 500 വീടുകളുള്ള ഒരു ചെറിയ ഗ്രാമീണ പട്ടണവും അംഗൻവാടി സ്കൂൾ, എൽ.പി. സ്കൂൾ, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ തുടങ്ങിയവ സ്ഥിതിചെയ്യുന്ന ഈ പ്രദേശം ഇനിയൊരു ദുരന്തത്തിലേയ്ക്ക് പോകരുതെന്നുള്ളതുകൊണ്ടാണ് ഈ രണ്ട് പെൻസ്റ്റോക്ക് പൈപ്പുകളും പുന:സ്ഥാപിക്കണമെന്ന ആവശ്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് വെള്ളത്തൂവൽ പഞ്ചായത്തിലെ പ്രശ്നമാണ്. 2007-ലെ അപകടത്തെക്കുറിച്ച് അങ്ങ് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ആ അപകടത്തിനുശേഷം അന്നത്തെ ഗവൺമെന്റ് സി.പി.ആർ.ഐ. എന്നുപറയുന്ന ഇന്ത്യാ ഗവൺമെന്റിന്റെ സെൻട്രൽ പവർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെക്കൊണ്ട് ഒരു അന്വേഷണം നടത്തിക്കുകയും അതിനൊരു പ്രോജക്റ്റ് തയ്യാറാക്കുകയും അതിന്റെ പ്രവൃത്തി 2009-ൽ തുടങ്ങുകയും ചെയ്തു. എന്നാൽ ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ പെൻസ്റ്റോക്കിൽ ചോർച്ചകളുണ്ട് എന്നുള്ളതുകൊണ്ട് സി.പി.ആർ.ഐ.-യെക്കൊണ്ടുതന്നെ വീണ്ടും 2013-ൽ ഒരു സ്റ്റഡി നടത്തിച്ചു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ മാസം 17-ാം തീയതി അവിടത്തെ പ്രവർത്തനം തുടങ്ങുകയാണ്. ആ റിപ്പയർ കൊണ്ടുതന്നെ പ്രശ്നം തീർക്കാൻ സാധിക്കും. മറ്റ് അപകടങ്ങളൊന്നുമില്ല എന്നാണ് സി.പി.ആർ.ഐ. റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

## പുതിയ വൈദ്യുതി സെക്ഷൻ ഓഫീസ്

ശ്രീ. ആർ. രാജേഷ്: സർ, മാവേലിക്കര മണ്ഡലത്തിലെ വള്ളിക്കുന്നം കേന്ദ്രീകരിച്ച് ഒരു വൈദ്യുതി സെക്ഷൻ ഓഫീസ് അനുവദിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. വൈദ്യുതി ബോർഡിൽ ഏറെ വർഷക്കാലം മുമ്പ് കൊടുത്ത ശുപാർശയാണ് ഇത്. വള്ളിക്കുന്നം കേന്ദ്രീകരിച്ച് ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്നത് നാട്ടിലെ വലിയൊരു ആവശ്യവും കൂടിയാണ്. ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം, വള്ളിക്കുന്നം, ചാരുംമൂട്, താമരക്കുളം, കൊല്ലം ജില്ലയിലെ ഓച്ചിറ എന്നീ പഞ്ചായത്തുകളിലായിട്ടാണ് നിലവിലുള്ള സെക്ഷൻ ഓഫീസ് സ്ഥിതിചെയ്യുന്നത്. 119 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയിലാണ് ഈ സെക്ഷൻ ഓഫീസിന്റെ നിലവിലെ പ്രവർത്തനപരിധി. വൈദ്യുതി വിതരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഇത് വലിയൊരു ബുദ്ധിമുട്ടുണ്ടാക്കുന്നു. പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതോടുകൂടി ഏതാണ്ട് 54 സ്ക്വയർ കിലോമീറ്ററിലേയ്ക്ക് ഈ സെക്ഷൻ ഓഫീസിന്റെ പരിധി മാറ്റാൻ സാധിക്കും. ഒരു പുതിയ സെക്ഷൻ ഓഫീസ് വരുമ്പോൾ നിലവിലെ ഓഫീസുകളിൽ കൺസ്യൂമേഴ്സിന്റെ വലിയ കുറവുണ്ടാകില്ല. 12,031 കൺസ്യൂമേഴ്സാണ് നിലവിൽ വൈദ്യുതി ബോർഡിന്റെ ശുപാർശ അനുസരിച്ച് ഈ സെക്ഷൻ ഓഫീസിലുള്ളത്. കൃഷ്ണപുരത്തുനിന്നും 8700, ചാരുംമൂട് 3211, കറ്റാനം സെക്ഷൻ ഓഫീസിൽ നിന്ന് 120 എന്ന നിലയിൽ 12031 കൺസ്യൂമേഴ്സ് എന്ന നിലയിലാണ് ഇത് ക്രമീകരിച്ചിട്ടുള്ളത്. ഇത് വരുന്നതോടുകൂടി കൃഷ്ണപുരത്തിനോ ചാരുംമൂടിനോ കറ്റാനത്തിനോ കൺസ്യൂമേഴ്സിന്റെ വലിയ കുറവുണ്ടാകുന്നില്ല. എല്ലാ സ്ഥലത്തും ഒരേ നിലയിലുള്ള കൺസ്യൂ

മേഴ്സാണ് ഉണ്ടാകുക. അതുകൊണ്ട് നാട്ടിലെ വൈദ്യുതി പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കാനുള്ള അടിയന്തര ഇടപെടൽ എന്ന നിലയിൽ ഈ സെക്ഷൻ ഓഫീസ് അടിയന്തിരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി, (ശ്രീ ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം നോംസിൽ ഉൾപ്പെടാത്തതുകൊണ്ട് അത് ഉടനെ തുടങ്ങാൻ കഴിയില്ലെന്നാണ് എനിക്ക് എഴുതി വന്നിട്ടുള്ള റിപ്പോർട്ടിലുള്ളത്. പക്ഷേ ബഹുമാനപ്പെട്ട മെമ്പർ ഈ സബ്മിഷൻ തരുന്നതിന്റെ ഒരു ദിവസം മുമ്പ് എന്നോട് നേരിട്ട് സംസാരിച്ചപ്പോൾ അവിടത്തെ ബുദ്ധിമുട്ടുകളെക്കുറിച്ചൊക്കെ പറഞ്ഞു. ഒരു പുതിയ മെമ്പറാണെന്നുള്ള പരിഗണന വച്ചുകൊണ്ട് ഇക്കാര്യം ഇപ്പോൾ ഈ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

**ഇ.എഫ്.എൽ. നിയമത്തിന്റെ പേരിൽ ഭൂമി നഷ്ടപ്പെട്ട കർഷകരുടെ പ്രശ്നങ്ങൾ**

ശ്രീ. സണ്ണി ജോസഫ്: സർ, പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ നടപ്പിലാക്കുന്ന പല നിയമനടപടികളെ സംബന്ധിച്ചും മനുഷ്യനുള്ള ആശങ്ക, കസ്തൂരിരംഗൻ പ്രശ്നമായാലും സി.ആർ.ഇസഡിന്റെ വ്യവസ്ഥ സംബന്ധിച്ചാണെങ്കിലും സാധാരണക്കാരനും പാവപ്പെട്ടവനുമുള്ള പ്രയാസങ്ങളെക്കുറിച്ചാണ് ഈ സഭ ചർച്ച ചെയ്തത്. അതിനേക്കാളെല്ലാം കിരാതമായിട്ടുള്ള ന്യായവും നീതിയും യുക്തിയും ഇല്ലാത്ത മനുഷ്യത്വരഹിതമായ ഒരു നിയമമാണ് ഇ.എഫ്.എൽ. നിയമം. ഈ നിയമത്തിലെ വ്യവസ്ഥയനുസരിച്ച്

വനാതിർത്തികളോട് ചേർന്നുകിടക്കുന്ന സ്ഥലം പണമൊന്നും കൊടുക്കാതെ ഏറ്റെടുക്കാൻ സാധിക്കുന്നു, അവിടത്തെ വീടുകളിൽ നിന്ന് കൃഷിക്കാരനെ ഒഴിപ്പിക്കുന്നു. സാധാരണക്കാരനും പാവപ്പെട്ടവനുമായ ആളുകൾ ഒഴിഞ്ഞു കൊടുക്കേണ്ട, ഒഴിഞ്ഞുപോയിട്ടുള്ള വളരെ ഗൗരവപരമായ ഒരു സാഹചര്യം നിലനിൽക്കുന്നു. പതിറ്റാണ്ടുകളായി പണം കൊടുത്ത് വിലയ്ക്ക് വാങ്ങി കൃഷി ചെയ്ത് വീട് വച്ച് നികുതിയടച്ച് കൈവശം വയ്ക്കുന്ന ഭൂമിയിൽ നിന്ന് ഒരു സുപ്രഭാതത്തിൽ കൃഷിക്കാരൻ ഇറങ്ങിപ്പോകേണ്ട, വഴിയാധാരമാകേണ്ട ഒരു സാഹചര്യം വന്നിരിക്കുന്നു. ഇത് ഭരണഘടന അനുശാസിക്കുന്ന Right to life, ജീവിക്കാനുള്ള അവകാശമെന്ന, മൗലീക അവകാശത്തിന്റെ പേരിലുള്ള ഏറ്റവും വലിയ കടന്നുകയറ്റമാണ്. സർക്കാർ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും ആനുകൂല്യങ്ങളും പെൻഷനും മറ്റ് അവകാശങ്ങളുമെല്ലാം വർദ്ധിപ്പിക്കുമ്പോൾ സാധാരണ മനുഷ്യന് കഠിനാദ്ധ്വാനം മാത്രമേ കൈമുതലായിട്ടുള്ളൂ. അവർക്ക് അവരുടെ വീടുകളിൽപ്പോലും ഇന്ന് സുരക്ഷിതത്വമില്ല എന്നൊരു സാഹചര്യം ഈ കിരാതമായ നിയമവ്യവസ്ഥമൂലം ഇവിടെ ഉണ്ടായിരിക്കുന്നു. പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ നമുക്കറിയാം, വിമാനത്താവളത്തിനാകട്ടെ, നാഷണൽ ഹൈവേയ്ക്കാകട്ടെ അല്ലെങ്കിൽ പൈപ്പ്ലൈനിനാകട്ടെ, അതിനൊക്കെ എത്ര വില കൊടുത്താണ് ഭൂമി ഏറ്റെടുക്കുന്നത്. ഒരു നയാപൈസ വില കൊടുക്കാതെ പാവപ്പെട്ടവന്റെ കൈവശമുള്ള ഭൂമി ഏറ്റെടുക്കുന്നു. അത് ഏറ്റവും കിരാതമായ നടപടിയാണ്. അത് സംബന്ധിച്ച് പല ആവശ്യങ്ങളും ഉയർന്നുവന്നു. ഇന്നുതന്നെ നിയമസഭാ കവാടത്തിൽ ഇ.എഫ്.എൽ. പീഡിത കർഷകരുടെ സമരം നടക്കുകയാണ്. പല എം.എൽ.എ. മാരും അങ്ങോട്ട് പോയിരിക്കുകയാണ്. ബഹുമാ

ന്യനായ ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ. തന്നെ ഇതേ വിഷയത്തിൽ ഒരു സബ്മിഷൻ ഇവിടെ ഉന്നയിച്ചിരുന്നു. ഈ ആശങ്കകളെല്ലാം ബഹുമാന പ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പാകെ കൊണ്ടുവന്നിട്ട് 13–11–2011–ന് ഒരു യോഗം വിളിക്കുകയും കേരളത്തിൽ ഇത് നടപ്പിലാക്കില്ല, നിയമ ഭേദഗതി വരുത്തി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കും എന്ന് തീരുമാനിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ വനം പ്രിൻസിപ്പൽ സെക്രട്ടറിയും ബന്ധപ്പെട്ട കസ്റ്റോഡിയൻ ഓഫ് വെസ്റ്റഡ് ഫോറസ്റ്റിന് അയച്ച കത്തുണ്ട്. ആ കത്തിൽ പറഞ്ഞിരിക്കുന്നു, It is decided that no fresh notification of EFL is resorted to unless it is recommended by District Committee. The amendment of the Kerala Forest EFL Act in this regard are under processing and I am also to inform you that decision in respect of EFL notification has been frozen till the amendment of this Act. ഇത്തരത്തിൽ വനം പ്രിൻസിപ്പൽ സെക്രട്ടറി കസ്റ്റോഡിയൻ ഓഫ് വെസ്റ്റഡ് ഫോറസ്റ്റിന് കത്തയച്ചിട്ടുപോലും ഇ.എഫ്.എൽ. നടപടികൾ തുടരുന്നു. അതുകൊണ്ട് ആവശ്യമായ നിയമനടപടികൾ അടിയന്തരമായി സ്വീകരിച്ച് പാവപ്പെട്ട കൃഷിക്കാരനെ രക്ഷിക്കണം. ഗവൺമെന്റ് അതിലേയ്ക്ക് കനിവ് കാണി ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 112 ബ്ലോക്കുകളി ലായി 14810.91 ഹെക്ടർ ഭൂമിയാണ് ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്തിട്ടുള്ളത്. ഇതിൽ രണ്ടുഹെക്ടറിൽ താഴെയുള്ളതും 482 പ്ലോട്ടുകളി

ലുള്ളതുമായ 417.33 ഹെക്ടർ ഭൂമിയും ഉൾപ്പെടുന്നുണ്ട്. ഇ.എഫ്.എൽ. ആക്ടിന്റെ മൂന്നാം വകുപ്പുപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനം സംബന്ധിച്ച് തർക്കപരിഹാരത്തിനായി വിജ്ഞാപന തീയതി മുതൽ ആറു മാസത്തിനകമോ അല്ലെങ്കിൽ ആക്ടിന്റെ പ്രാരംഭ തീയതി മുതൽ അഞ്ചു വർഷത്തിനകമോ ബന്ധപ്പെട്ട ഇ.എഫ്.എൽ. ട്രൈബ്യൂണലിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. 2003-ലെ വനം നിയമത്തിൽ 2009-ലെ 39-ാം നമ്പർ ഭേദഗതി ആക്ട് പ്രകാരം പുതുതായി ചേർക്കപ്പെട്ട 10 (എ) വകുപ്പു പ്രകാരവും രണ്ട് ഹെക്ടറിൽ താഴെ വിസ്തൃതിയുള്ള ഭൂമിയുടെ നിക്ഷിപ്ത മാക്കൽ സംബന്ധിച്ച വിജ്ഞാപനത്തെക്കുറിച്ച് തർക്കം എന്തെങ്കിലു മുണ്ടെങ്കിൽ നിയമഭേദഗതി നിലവിൽവന്ന തീയതിയായ 20-08-2009 മുതൽ ആറുമാസത്തിനകമോ പുതിയ ഇ.എഫ്.എൽ. വിജ്ഞാപനം പുറപ്പെടുവിക്കു കയാണെങ്കിൽ ആ വിജ്ഞാപന തീയതി മുതൽ ആറുമാസത്തിനകമോ അപേക്ഷ സമർപ്പിക്കാമായിരുന്നു. പ്രസ്തുത വിജ്ഞാപനത്തിൽപ്പെട്ട ഭൂമി യുടെ ഇതുസംബന്ധിച്ചത് ഒഴിച്ച് അപേക്ഷകൾ സമർപ്പിക്കേണ്ട സമയം 19-02-2010 വരെയായിരുന്നു. ഇങ്ങനെ ലഭിക്കുന്ന അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക സമിതിയെ രൂപീകരിച്ചി ട്ടുണ്ട്. കമ്മിറ്റിയിൽ താഴെപ്പറയുന്ന ആളുകളാണ് അംഗങ്ങൾ. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ ചെയർമാനായും വർക്കിംഗ് പ്ലാൻ ഓഫീസറും സയന്റി സ്റ്റുകളായി രണ്ടാളുകളും പ്രദേശത്തെ നിയമസഭാ അംഗവും ഗ്രാമപഞ്ചാ യത്ത് പ്രസിഡന്റും പ്രദേശത്തെ കൃഷി ഓഫീസറും ആർ.ഡി.ഒ. അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന ആൾ എന്നിവരടങ്ങുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ശുപാർശസഹിതം

സർക്കാരിന് സമർപ്പിക്കുന്നതും അതിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്. ഇതാണ് നിയമവ്യവസ്ഥ. ഇതുവരെ ലഭിച്ച അപേക്ഷകളിൽ പരിഗണനനാർഹമായ അപേക്ഷ 407 ആയിരുന്നു. അതിൽ നിയുക്ത കമ്മിറ്റി പരിശോധിച്ച അപേക്ഷ 109, സർക്കാർ തീർപ്പ് കൽപ്പിച്ചത് 68, ഇനി പരിശോധിക്കാൻ അവശേഷിക്കുന്നത് 292. അങ്ങ് ഇവിടെ സൂചിപ്പിച്ചത് ശരിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രണ്ടുപ്രാവശ്യം ഇതുസംബന്ധിച്ച് യോഗം ചേർന്നിട്ടുണ്ട്. അത് ഇ.എഫ്.എൽ. –ലെ മൂന്നാം വ്യവസ്ഥയാണ് ചോദ്യം ചെയ്യുന്നത്. കാരണം, അത് പ്രതിഫലം കൂടാതെ നോട്ടിഫൈ ചെയ്ത് ഭൂമിയെടുക്കുന്നതിനെ സംബന്ധിച്ചാണ്. അങ്ങനെ ഭൂമിയെടുക്കുമ്പോൾ രണ്ടേക്കറിൽ താഴെയുള്ള ആളുകളാണ് ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്ന ആളുകളായി ഗവൺമെന്റിന്റെ മുന്നിൽ പല നിവേദനങ്ങൾ മുഖാന്തിരം വന്നിട്ടുള്ളത്. ആ പ്രശ്നങ്ങൾക്ക് ത്വരിതഗതിയിൽ തീരുമാനമുണ്ടാക്കുന്നതിനുവേണ്ടി ഡിപ്പാർട്ടുമെന്റിൽത്തന്നെ ഞാനൊരു സംവിധാനമുണ്ടാക്കിയിട്ടുണ്ട്. പക്ഷേ ആ സംവിധാനം ഡിസ്പ്പോസലിനു മാത്രമേ ഉണ്ടാകുകയുള്ളൂ. ഈ പ്രശ്നം പരിഹരിക്കണമെന്നുണ്ടെങ്കിൽ ആക്ടിനകത്ത് ഭേദഗതിയുണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെടുത്ത യോഗത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഡ്രാഫ്റ്റ് നിയമമുണ്ടാക്കി. ആ നിയമം ലാ ഡിപ്പാർട്ടുമെന്റിൽ വെറ്റുചെയ്യാൻ കൊടുത്തിരിക്കുകയാണ്. അതുകഴിഞ്ഞാൽ ആ നിയമം നിയമസഭയിൽ കൊണ്ടുവന്ന് പാസ്സാക്കിയെങ്കിൽ മാത്രമേ നിലവിൽ ഇ.എഫ്.എൽ.–ൽ വന്നുപെട്ടിട്ടുള്ള കർഷകർക്ക് ശാശ്വതമായ പരിഹാരമുണ്ടാകുകയുള്ളൂ. ഏതായാലും ഗവൺമെന്റ് ആ

നിയമം നിയമസഭയിൽ കൊണ്ടുവരുന്നതാണെന്നുമാത്രം അങ്ങയെ അറിയിക്കുകയാണ്.

## വിദ്യാർത്ഥികൾക്ക് സൗജന്യയാത്ര

ശ്രീമതി കെ. കെ. ലതിക: സർ, നമ്മുടെ സംസ്ഥാനത്ത് എട്ടാം ക്ലാസ്സു വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ പാഠപുസ്തകം, ഭക്ഷണം, യൂണിഫോം എന്നിവ കുറവുകളോടെയാണെങ്കിലും അനുവദിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ യാത്രാ കാര്യത്തിൽ വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കുകൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഇത് സ്വകാര്യ ബസ്സുകളിൽ മാത്രമാണ് പൂർണ്ണമായും ലഭിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ റൂട്ടിലും വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിക്കുന്നില്ല. സൗജന്യ നിരക്ക് ഈടാക്കുന്ന സ്വകാര്യ ബസ്സുകളിൽ വിദ്യാർത്ഥികളെ രണ്ടാംതരം പൗരൻമാരായിട്ടാണ് കരുതുന്നത്. വിദ്യാഭ്യാസ അവകാശനിയമം വന്നതോടെ പ്ലസ് ടു വരെയുള്ള പഠനം ഓരോ വിദ്യാർത്ഥിക്കും സൗജന്യമായി ലഭിക്കേണ്ടത് സർക്കാരുകളുടെ ഭരണഘടനാപരമായ ബാധ്യതയായി കഴിഞ്ഞു. ഈ ഉത്തരവാദിത്വം നിറവേറ്റണമെങ്കിൽ വിദ്യാർത്ഥികൾക്ക് സൗജന്യനിരക്കില്ലാതെ പൂർണ്ണമായി സൗജന്യയാത്ര അനുവദിക്കണം. അപ്രകാരം സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെടെയുള്ള ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യയാത്ര അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇതിനകത്തെ ഒരു പ്രധാന പ്രശ്നം കെ.എസ്.ആർ.ടി.സി.-കൂടി കണക്റ്റഡായി വരുന്നതാണ്. കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക ക്ലേശത്തെക്കുറിച്ച് ഞാൻ ഇന്നലെ ഈ സഭയിൽത്തന്നെ പറഞ്ഞിരുന്നതാണ്. സഭയുടെ രണ്ടുഭാഗത്തുള്ള

ആളുകളും ഒരുപോലെ കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുന്നതിനുവേണ്ടി നടപടിയെടുക്കണമെന്നുള്ള അഭിപ്രായക്കാരാണ്. അവിടെ പെൻഷൻപോലും കൊടുക്കാനുള്ള നിവൃത്തിയില്ല. ശമ്പളംതന്നെ കൃത്യമായി കൊടുക്കണ മെങ്കിൽ വരുമാനം കൂട്ടേണ്ട ഒരു രൂപത്തിലാണ് നിൽക്കുന്നത്. എന്നാൽ ഈ പറഞ്ഞ ഇൻപ്രിൻസിപ്പലിൽ ഞാൻ ഇതിനോട് യോജിക്കുന്ന ആളാണ്. ഈ വാദഗതിയെ ഞാൻ എതിർക്കുന്നില്ല. പക്ഷേ ഡീസലിന്റെ ചാർജ്ജ് വേണ്ടേ, അതോടൊപ്പം ഇത് നടത്തിക്കൊണ്ടുപോകാനുള്ള എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് ഉണ്ടാകണ്ടേ. ഇതിനെല്ലാം കിട്ടുന്ന വരുമാനം മാത്രമേ തികയുകയുള്ളൂ. എന്നാലും കുട്ടികൾ പറയുന്ന കാര്യവും ശരിയാണ്. 14 വയസ്സുവരെയുള്ള കുട്ടിക്ക് സാർവ്വത്രികമായും സൗജന്യമായും വിദ്യാഭ്യാസം കൊടുക്കണമെന്ന് ഭരണഘടനയ്ക്കകത്തെ നിയാമക തത്വത്തിനകത്തുണ്ട്. നമുക്ക് എല്ലാ കാര്യ ങ്ങളും എങ്ങനെയുണ്ടെന്ന് പരിശോധിക്കാം. ഞങ്ങൾ ഇത് റിവൈവ് ചെയ്യാ നുള്ള ഒരു തീവ്രമായ യത്നത്തിൽ നിൽക്കുകയാണ്. ആ രംഗത്ത് റൈറ്റ് ടു എഡ്യൂക്കേഷൻകൂടി വരണമെന്നുള്ള ഒരു തിങ്കിംഗ് ഈ സമൂഹത്തിൽ ശക്ത മായി നിൽക്കുന്ന കാലത്ത് ഞാൻ ഈ പറഞ്ഞ നിർദ്ദേശത്തെ ഒറ്റയടിക്ക് തള്ളിക്കളയുന്നില്ല. പക്ഷേ പ്രാവർത്തികമാക്കാനുള്ള ചില ബുദ്ധിമുട്ടുകളുണ്ട്. അതുകൊണ്ട് ഈ സബ്ജക്ട് ക്ലോസ് ചെയ്യണ്ട, അത് ഓപ്പണായി നിൽക്കട്ടെ. പിന്നീട് തൃപ്തികരമായ രൂപത്തിൽ ഒരു മെച്ചപ്പെട്ട കാലാവസ്ഥവന്ന് എങ്ങനെ ചെയ്യാൻ പറ്റുമെന്ന് അപ്പോൾ കൂട്ടായിട്ട് ആലോചിച്ച് തീരുമാനമെ ടുക്കാം.

## ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, കെ.എസ്.ആർ.ടി.സി.-യെ പ്രതിസന്ധിയിൽനിന്ന് രക്ഷിക്കാൻ സർക്കാർ നടത്തുന്ന ശ്രമം സ്വാഗതാർഹമാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇപ്പോൾ പറയുകയുണ്ടായി, ഓരോ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോഴും കെ.എസ്.ആർ.ടി.സി.-ക്ക് കൂടുതൽ പണം അനുവദിക്കണമെന്ന് എല്ലാവരും ഒരുമിച്ച് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത് എങ്ങനെയെങ്കിലും കെ.എസ്.ആർ.ടി.സി. നിലനിർത്തണമെന്ന ആഗ്രഹമൊന്നുകൊണ്ട് മാത്രമാണ്. സർക്കാരിന്റെ സഹായം സ്വീകരിക്കുന്നതിനോടൊപ്പം കെ.എസ്.ആർ.ടി.സി. സ്വന്തമായി വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികളും കൂടി സ്വീകരിക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി പ്രധാനപ്പെട്ട പട്ടണങ്ങളിലെല്ലാം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത് ആശ്വാസകരമായ നടപടിയാണ്. തമ്പാനൂരും അതിമനോഹരമായ ബസ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്യപ്പെടുകയുണ്ടായി. പലയിടങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം നടന്നുവരികയാണ്. ഈ രീതിയിൽ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികളും കൂടുതൽ ഉണ്ടാകേണ്ടതുണ്ട്. മലപ്പുറം ജില്ലാ ആസ്ഥാനത്ത്, മലപ്പുറം ഠൗണിന്റെ ഹൃദയഭാഗത്തെ രണ്ട് ഏക്കർ 35 സെന്റുസ്ഥലത്താണ് കെ.എസ്. ആർ.ടി.സി. സബ്-ഡിപ്പോ പ്രവർത്തിക്കുന്നത്. ഇവിടെ ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിയുകയാണെങ്കിൽ കെ.എസ്.ആർ.ടി.സി.-ക്ക് വലിയൊരു വരുമാനമാർഗമുണ്ടാകും. ഇവിടെ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് ഈ സഭയിൽ 11-07-2011-ൽ ഞാൻ അവതരിപ്പിച്ച സബ്മിഷന് അന്നത്തെ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ പറഞ്ഞത്, സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി

ഇതിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കാൻ നിശ്ചയിച്ചിട്ടുണ്ടെന്നാണ്. ഇതുമായി ബന്ധപ്പെട്ട് നടന്ന നിരവധി മീറ്റിംഗുകളുടെ മിനിട്ട്സും എഴുത്തു കുത്തുകളും ചോദ്യങ്ങൾക്കുള്ള മറുപടിയുമെല്ലാം വലിയ ഫയലായി മാറി. ഇപ്പോൾ എന്റെ കയ്യിലുള്ള ഫയൽ, കെ.എസ്.ആർ.ടി.സി. മലപ്പുറം സ്റ്റേഷനു മായി ബന്ധപ്പെട്ടതാണ്. ഇത് വലിയ ഫയലായി മാറിയെന്നതൊഴിച്ചാൽ മൂന്നു വർഷമായിട്ടും ശിലാസ്ഥാപനംപോയിട്ട് ഒരു നീക്കവും ഇതുവരെ ഉണ്ടായിട്ടില്ല. 1982-ൽ സബ്-ഡിപ്പോയായി ആരംഭിച്ച ജില്ലാ ആസ്ഥാനത്തെ ഈ ബസ് സ്റ്റേഷൻ ഇപ്പോഴും സബ്-ഡിപ്പോയായിത്തന്നെ തുടരുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ മറ്റ് സ്റ്റേഷനുകളെ അപേക്ഷിച്ച് കൂടുതൽ വരുമാനം ലഭിക്കുന്ന സ്റ്റേഷനായിട്ടുപോലും ഒരു വികസനപ്രവർത്തനവും ഇവിടെ നടന്നിട്ടില്ല. നമ്മുടെ ഗവൺമെന്റ് വന്നതിനുശേഷം ട്രാൻസ്പോർട്ട് വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ബഹുമാന്യരായ രണ്ട് മന്ത്രിമാരുടെ നേതൃത്വത്തിൽ നടപടികൾ ഒട്ടേറെ മുന്നോട്ടുപോയിട്ടുണ്ടെന്ന കാര്യം ഞാൻ ഇവിടെ വിസ്മരിക്കുന്നില്ല. ആഭ്യന്തര വകുപ്പിൽ ഊർജ്ജസ്വലതയുണ്ടാക്കിയ അങ്ങ് നവോന്മേഷം പകരുമെന്ന പ്രതീക്ഷയിലാണ് ജനങ്ങൾ. ആസ്തിവിക സന ഫണ്ടുപയോഗിച്ച് പുതിയ ബസ്സുകളിറക്കാനും എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന റൂട്ടിൽ സർവ്വീസ് നടത്താനും തയ്യാറാണെന്നുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനം ഈ രംഗത്തെ നല്ല കാൽവയ്പായി നമുക്ക് കാണാൻ കഴിയും. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ അങ്ങ് നടത്തുന്ന ശ്രമങ്ങളെ പിന്തുണയ്ക്കുന്നതിനോ ടൊപ്പം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കാനും മലപ്പുറം ജില്ലാ ആസ്ഥാനത്തിന്റെ മുഖഛായ മാറ്റാനും സഹായകരമാകുന്ന മലപ്പുറം

കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട പി. ഉബൈദുള്ള സൂചിപ്പിച്ചത് ഒരു പുതിയ കൺസപ്റ്റാണ്. ആ കൺസെപ്റ്റ് എന്റെ മുൻഗാമികൾ തുടങ്ങിവച്ചതാണ്. ഈ സഭയ്ക്കകത്തുതന്നെ മൂന്നു നാല് മുൻ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിമാരുണ്ട്. തൊട്ടപ്പുറത്ത് ശ്രീ. കെ. ബി. ഗണേഷ് കുമാർ ഉണ്ട്, ശ്രീ. മാത്യു ടി തോമസ് ഉണ്ട്, ശ്രീ. ജോസ് തെറ്റയിൽ പിറകിലുണ്ടാകും, ഞാൻ ചാർജ് ഏറ്റെടുക്കുന്നതിന് തൊട്ടുമുമ്പുള്ള ശ്രീ. ആര്യാടൻ മുഹമ്മദും ഉണ്ട്.

മി. ചെയർമാൻ : തൊട്ടുപിറകിൽ ശ്രീ. വി. എസ്. ശിവകുമാറുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശ്രീ. വി. എസ്. ശിവകുമാർ നേരെ തൊട്ടുപിറകിലുണ്ട്. പിറകിലായതുകൊണ്ടാണ് കാണാതെ പോയത്. അങ്ങേയ്ക്ക് നേരെ മുമ്പിലായതുകൊണ്ട് കാണാനും പറ്റി. ശ്രീ. എൻ. ശക്തനും ഉണ്ട്. ഈ സഭ മുൻ ട്രാൻസ്പോർട്ട് മന്ത്രിമാർക്ക് നല്ല അംഗ ബലമുള്ള സഭയാണ്.

മി. ചെയർമാൻ : മുൻ മന്ത്രിമാരുടെ സമ്മേളനം വിളിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അതെ. ഇത് നല്ല കൺസപ്റ്റാണ്. ഇത് കെ.എസ്.ആർ.ടി.സി.-ക്ക് ലാഭകരമായി മാറണം. കെ.എസ്.ആർ.ടി.സി. ലാഭകരമായി മാറുന്നതിനാവശ്യമായ ഭൂമി നമ്മുടെ കൈയിലുണ്ട്. പക്ഷേ അവിടെ വലിയ തുക മുടക്കത്തക്ക വിധത്തിൽ നമുക്ക് സാമ്പത്തിക

ശക്തിയില്ല. അതേസമയം നമ്മുടെ കൈയിലെ ഭൂമിയും ഇത് മനോഹരമാക്കണമെന്നുള്ള ജനപ്രതിനിധികളുടെ ആഗ്രഹവും ഇതിന് സമ്പത്ത് മുടക്കുന്നതിനുവേണ്ടിയുള്ള ക്രെഡിബിളായിട്ടുള്ള ആളുകളും ഇത് മൂന്നുംകൂടി ചേർന്നെങ്കിലേ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകൂ. ശ്രീ. പി. ഉബൈദുള്ള പറഞ്ഞത് നല്ല പ്രൊപ്പോസലാണ്. അദ്ദേഹം പറഞ്ഞ പ്രൊപ്പോസൽ മാത്രമല്ല, ഈ സഭയിലുള്ള എല്ലാ അംഗങ്ങളുടെയും മുമ്പിൽ ഞാൻ ഒരു നിർദ്ദേശം വയ്ക്കുകയാണ്. വ്യാപാരകേന്ദ്രമായി വരാൻ സാധ്യതയുള്ള ഏറ്റവും നല്ല സ്ഥലങ്ങൾ വയബിൾ പ്രോജക്ടായി വരുമെങ്കിൽ അതിന് പറ്റത്തക്കവിധത്തിൽ ഗൗരവതരമായ ആലോചന ഈ കാര്യങ്ങളെക്കുറിച്ച് നടത്താം. അതിൽ ശ്രീ പി. ഉബൈദുള്ള പറഞ്ഞത് കുറേ അഡ്വാൻസായ കാര്യമാണ്. അതുകൊണ്ട് അതിൽ നമുക്ക് പ്രധാനപ്പെട്ട രൂപത്തിൽ പോകാം. ആസ്തിവികസന ഫണ്ടുകൊണ്ടുമാത്രം ഇത് തീരില്ല. കാരണം ആസ്തിവികസന ഫണ്ടിൽനിന്നും കിട്ടുന്നത് 5 കോടി രൂപയാണ്. അതിൽ ഒരുകോടി രൂപയ്ക്കുവേണ്ടി ഇപ്പോൾ പല ആളുകളും പ്രൊപ്പോസൽ തന്നു. വണ്ടി വാങ്ങുന്നതിനുവേണ്ടി അവർതന്നെ എഴുതിതന്നിട്ടുണ്ട്. അതിന് ഞാൻ അവരോട് നന്ദിയും പറയുകയാണ്. ഇത് നമുക്ക് ഒരു പുതിയ പ്രൊപ്പോസലായി കൊണ്ടുവന്ന് കെ.എസ്.ആർ.ടി.സി.ക്ക് .....

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, ഒരു ബസിന് എത്ര രൂപയാണ്?

മി. ചെയർമാൻ : വേറെ ആരും ഇടപെടേണ്ട. സമയം ഒത്തിരി വൈകി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അദ്ദേഹം ഒന്ന് ഇടപെട്ടുകൊള്ളട്ടേ.

മി. ചെയർമാൻ : ഇല്ല. ഇന്ന് 32 സബ്മിഷനുകളുണ്ട്. അങ്ങനെ ഇടപെടാൻ കഴിയില്ല. അങ്ങ് മറുപടിപറഞ്ഞോ, പ്ലീസ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : .................... (മൈക്ക് ഓഫ്)..................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അതിന്റെയൊക്കെ ഡീറ്റെയിൽസ് നമുക്ക് ഡിസ്കസ് ചെയ്യാം. സഭയിൽ അപ്പുറത്തും ഇപ്പുറത്തും ചർച്ച ചെയ്താൽ പ്രശ്നം തീരില്ലല്ലോ? അതൊരു പ്രോജക്ടായിട്ടു തന്നെ കൊണ്ടുവരാം. അങ്ങനെ പ്രോജക്ടായി........................ അവനവന്റെ നിയോജക മണ്ഡലത്തിൽ നിൽക്കും. നിങ്ങൾ പറയുന്ന റൂട്ടായിരിക്കും. നമുക്ക് ഒരൊറ്റ കണ്ടീഷനെയുള്ളു. 8,000–നും 10,000–നും മദ്ധ്യേ കളക്ഷൻ വേണം. അതാണ് നമ്മുടെ പ്രശ്നം. അങ്ങനെവന്നാൽ നമുക്ക് വേറെ ഡിസ്കസ് ചെയ്യാം. ഇതിൽ ഇന്ററസ്റ്റുള്ള എം.എൽ.എ.–മാരുടെ യോഗം ഞാൻ തന്നെ വിളിച്ചുകൂട്ടും. എന്നിട്ട് നിങ്ങളുടെ നിർദ്ദേശം കറക്ടായി കേൾക്കും. ആ നിർദ്ദേശത്തിൽ ഞാൻ പറഞ്ഞതിനെക്കാൾ അപ്പുറത്ത് എന്തെങ്കിലും ഒരു നല്ല അമെന്റ്മെന്റ് ഉണ്ടാകുകയാണെങ്കിൽ അതും നമ്മൾ അക്സെപ്ട് ചെയ്യും. ഒറ്റ കണ്ടീഷൻ മാത്രമേയുള്ളു. നമ്മുടെ യാത്രാപ്രശ്നം നാട്ടിൻപുറത്ത് തീരണം. കെ.എസ്.ആർ.ടി.സി.–ക്ക് സാമ്പത്തിക ബാധ്യത വരരുത്. ഇത് രണ്ടുംകൂടി ചേർന്നൊരു ബ്ലന്റ്. അതിന് പറ്റത്തക്കവിധത്തിലാണ് ഈ സ്കീമിനെക്കുറിച്ച് ആലോചിച്ചത്. പക്ഷേ ഈ സ്കീമിന് അനുകൂലമായി അങ്ങടക്കം ഒത്തിരി നിയമസഭാ അംഗങ്ങൾ എന്നോടുതന്നെ സംസാരിച്ചിട്ടുണ്ട്. രണ്ടാമത്തെ പ്രശ്നം ഈ പറയുന്ന പ്രോജക്ടാണ്. ഈ പ്രോജക്ടും ഏറ്റവും പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഇതുപോലെ.......... ഇപ്പോൾ നിലവിലുള്ള പ്രോജക്ട് തുടങ്ങുന്നതിൽ ഞാൻ പങ്കാളിത്തമുള്ള ആളല്ല.

പക്ഷേ പ്രോജക്ട് നല്ല കാഴ്ച്ചപ്പാടായിരുന്നു. അതെങ്ങനെ വിപുലപ്പെടുത്താം അത് നമുക്ക് എങ്ങനെ കെ.എസ്.ആർ.ടി.സി.–ക്ക് കൂടുതൽ ലാഭകരമാക്കാം എന്നുള്ളത് പരിശോധിച്ചുനോക്കും. ഇതൊരു പ്രോജക്ടായി തന്നെ നമ്മൾ അംഗീകരിക്കുകയാണ്. അതോടൊപ്പം ശ്രീ. പി. ഉബൈദുള്ള പറഞ്ഞതു പോലെ മലപ്പുറത്തിന് ആ സന്ദർഭത്തിൽ ആദ്യത്തെ പ്രയോറിറ്റി തന്നെയെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുകയാണ്.

## ശിവഗിരിയുടെ അടിസ്ഥാന സൗകര്യ വികസനം

ശ്രീ. വർക്കല കഹാർ : സർ, തീർത്ഥാടന കേന്ദ്രമായ ശിവഗിരിയുടെ അടിസ്ഥാന വികസനം ഉറപ്പാക്കണമെന്ന സബ്മിഷനാണ് എനിക്ക് സഭയുടെ മുമ്പാകെ വയ്ക്കാനുള്ളത്. മതമേതായാലും മനുഷ്യൻ നന്നായാൽ മതിയെന്ന മഹിതമായ സന്ദേശം നൽകിയ ഋഷിവര്യനായ ശ്രീനാരായണ ഗുരു തന്റെ ജീവിതം അതിന്റെ ഏറ്റവും വലിയ മാതൃകയാക്കി. അദ്ദേഹ ത്തിന്റെ ശിഷ്യഗണങ്ങളിലും പണ്ഡിതസൗഹൃദ വലയത്തിലും നാനാജാതി മതസ്ഥരും മതവിശ്വാസികൾ അല്ലാത്തവരും ഉണ്ടായിരുന്നു. സാഹിത്യ സാംസ്കാരിക നായകനായ സഹോദരൻ അയ്യപ്പൻ അതിലൊരാളാണ്. സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ച കേരളത്തെ സമദർശ നത്തിന്റെയും സഹിഷ്ണുതയുടെയും വിളനിലമാക്കിയ വമ്പിച്ച സാമൂഹ്യ വിപ്ലവത്തിന്റെ ശിൽപ്പിയാണ് ശ്രീനാരായണ ഗുരു. കേരളീയ നവോത്ഥാന ത്തിന്റെ നായകനാണ് അദ്ദേഹം. ഗുരുദേവന്റെ മഹാസമാധി സ്ഥാനമായ ശിവഗിരിയിലെ ഭക്തജനങ്ങളുടെ വരവ് പത്തിരട്ടിയായി മാറിക്കഴിഞ്ഞു. എന്നാൽ അമ്പത് വർഷത്തിനുമുമ്പുള്ള അടിസ്ഥാന സൗകര്യമാണ് അവിടെ നിലവിലുള്ളത്. മഹാസമാധിയിലേക്കുള്ള റോഡ് അപകടക്കെണി പോലെയാ

ണ്. സമാധിക്കും ജയന്തിക്കും തീർത്ഥാടകർക്കും ജനങ്ങൾക്കും വല്ലാത്ത വീർപ്പുമുട്ടലാണ് അനുഭവപ്പെടുന്നത്. ഇത് സാധാരണ കാഴ്ച്ചയാണ്. ആയിര ക്കണക്കിന് വാഹനങ്ങൾ വരുന്നതുമൂലം നിരന്തരമായി പാർക്കിംഗ് പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടി നേരത്തെ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കാലത്ത് അവിടെ ഒരു ഹെലിപ്പാഡുണ്ടാക്കുന്നതിനു വേണ്ടി 50 ലക്ഷം രൂപ നൽകിയിരുന്നു. ആ വർക്ക് ടെണ്ടർ ചെയ്തു. അതു പോലെ ഡിപ്പാർട്ടുമെന്റൽ എക്സിക്യൂഷൻ വഴി ചെയ്യാനുമുള്ള നടപടിയു ണ്ടായി. പക്ഷേ തെരഞ്ഞെടുപ്പ് വന്നതുകാരണം ആ വർക്ക് പിന്നീട് നടന്നില്ല. അതോടൊപ്പം തന്നെ സമാധിയിലേക്കുള്ള നിലവിലുള്ള റോഡ് തീർത്ഥാടന കാലത്തും ജയന്തിയുടെ കാലയളവിലും അങ്ങനെയുള്ള വിശേഷകാലയള വിലെല്ലാം ഏറ്റവും കൂടുതൽ പ്രശ്നങ്ങളുണ്ടാക്കുന്നു. യാത്രക്കുരുക്കു ണ്ടാക്കി യാത്രക്കേണിപോലെയാണ് അവിടെത്തെ സ്ഥിതി. മഹാസമാധി യിലേക്കുള്ള റോഡ് അപകടക്കേണി പോലെയാണ്. ആയിരക്കണക്കിന് വാഹനങ്ങൾ വരും. അതുകൊണ്ട് ആ റോഡ് പുനർനിർമ്മിക്കുന്നതിനുവേണ്ടി യുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ പാർക്കിംഗ് സൗകര്യവും ഹെലിപ്പാഡും ഏർപ്പെടുത്തണം. ...............സർ, ഇത് വലിയ പ്രശ്നമാണ്.

<u>മി. ചെയർമാൻ</u> : അംഗങ്ങൾ കൂട്ടംകൂടി നിൽക്കരുത്. സീറ്റിലിരിക്കണം. വളരെ പ്രധാനപ്പെട്ട ഒരു സബ്മിഷൻ ഉന്നയിക്കുകയാണ്.

<u>ശ്രീ. വർക്കല കഹാർ</u> : അതുപോലെ ശിവഗിരിയിലെ അന്തർദ്ദേശീയ കൺവെൻഷൻ സെന്ററിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് രണ്ടുകോടി രൂപയും ഈ ഗവൺമെന്റിന്റെ കാലത്ത് മൂന്ന് കോടി രൂപയും നൽകുകയുണ്ടായി. ആ

കൺവെൻഷൻ സെന്ററിന്റെ പണി മുന്നോട്ടുനീക്കാൻ കഴിയാത്ത രീതിയിൽ വഴിമുട്ടി നിൽക്കുകയാണ്. ആ അന്തർദ്ദേശീയ കൺവെൻഷൻ സെന്ററിന്റെ പണി തീർക്കുന്നതിനുവേണ്ടിയുള്ള സഹായം ഉണ്ടാകണം. അതുപോലെ തന്നെ ട്രാഫിക് ജാമും ഗതാഗതക്കുരുക്കും ഉണ്ടാകുമ്പോൾ വാഹനങ്ങൾക്കും ആളുകൾക്കും കടന്നുപോകാൻ കഴിയാതാകും. നിലവിലുള്ള ശിവഗിരി – തൊടുവേ റോഡിൽ ഇംപ്രൂവ്മെന്റ് നടത്തിയാൽ വലിയ അളവിൽ പരിഹാരമുണ്ടാകും. അതുകൊണ്ട്

ജാതിഭേദം മതദ്വേഷം

ഏതുമില്ലാതെ സർവ്വരും

സോദരത്വേന വാഴുന്ന

ഒരു മാതൃകാ ലോകത്തിനുവേണ്ടി തന്റെ ആയുസും വപുസും ആത്മതപസും ത്യജിച്ച ശ്രീനാരായണ ഗുരുദേവന്റെ മഹാസമാധി സ്ഥിതി ചെയ്യുന്ന ശിവഗിരിയുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടി കേരള സർക്കാർ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം വർക്കല കഹാർ ശിവഗിരി തീർത്ഥാടന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യവികസനം ഉറപ്പാക്കുന്നത് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ഗവൺമെന്റ് വളരെയേറെ ശ്രദ്ധചെലുത്തുന്ന ഒരു വിഷയമാണത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അവിടെ കൺവെൻഷൻ സെന്ററിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി ഇതിനകം 3 കോടി രൂപ നൽകിക്കഴിഞ്ഞു.

ബാക്കി തുകകൂടി നൽകുവാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടനകേന്ദ്രങ്ങളിലൊന്നാണ് ശിവഗിരി എന്ന് അദ്ദേഹം സൂചിപ്പിച്ചു. അവിടെ ഗുരുദേവന്റെ സമാധിസ്ഥലത്തേക്കുള്ള റോഡിന്റെ പരിമിതികളെക്കുറിച്ച് പറഞ്ഞു. ആ റോഡ് ഏറ്റവും നല്ല രീതിയിൽ നവീകരിക്കുന്നതിന് ഏതാണ്ട് ഒന്നരക്കോടി രൂപയോളം ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് ടൂറിസം വകുപ്പ് നേരിട്ട് ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഹെലിപ്പാഡിന്റെ കാര്യവും ഇവിടെ സൂചിപ്പിച്ചു. എല്ലാ വർഷങ്ങളിലും വിശിഷ്ടവ്യക്തികളുൾപ്പെടെ വരുന്ന ഒരു തീർത്ഥാടന കേന്ദ്രമെന്ന നിലയ്ക്ക് ഹെലികോപ്റ്റർ ഇറങ്ങുന്നതിന് ഹെലിപ്പാഡ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുക എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ആ സൗകര്യം ഒരുക്കുന്ന കാര്യത്തെക്കുറിച്ചും ഗവൺമെന്റ് ആലോചിക്കുന്നതാണ്. ഏതായാലും ശിവഗിരിയുടെ സമഗ്രമായ വികസനത്തിന് ഗവൺമെന്റിന്റെ പരിമിതികൾക്കകത്തുനിന്നുകൊണ്ട് പരമാവധി കാര്യങ്ങൾ ചെയ്യുമെന്ന് സൂചിപ്പിക്കുന്നു.

## നദീതീര ടൂറിസം പദ്ധതി

ശ്രീ. പി. കെ. ബഷീർ: സർ, വളരെ പ്രകൃതിസുന്ദരമായ ഒരു പ്രദേശമാണ് ഏറനാട് നിയോജകമണ്ഡലത്തിലെ കീഴുപറമ്പ് മുതൽ അരീക്കോട് വരെയുള്ള പ്രദേശം. 7 കിലോമീറ്ററോളം വരുന്ന ആ പ്രദേശത്ത് ചാലിയാറിന്റെ തീരത്തുകൂടി ഒരു തീരദേശറോഡും അതിനോടനുബന്ധിച്ച് ബോട്ട്ജെട്ടി, പാർക്ക് ഇങ്ങനെയുള്ള സൗകര്യങ്ങളുമുണ്ടാക്കിയാൽ ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കാൻ സാധിക്കും. ടൂറിസം വികസനത്തിന് ധാരാളം സാധ്യതയുള്ള പ്രദേശമാണ്. അതുപോലെ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട എട

വണ്ണയിൽ ഒരു പാർക്ക് സ്ഥാപിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു. പത്തുകൊല്ലത്തോളം അദ്ദേഹം ആ പ്രദേശത്തിന്റെ എം.എൽ.എ.യായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ആ കാര്യത്തിൽകൂടി ഒരു നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിൽകൂടി അഭ്യർത്ഥിക്കാനുള്ളത്.

പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട നദികളിലൊന്നാണ് ചാലിയാർ. ആ നദിതീരത്ത് ഇവിടെ സൂചിപ്പിച്ചതുപോലെ കീഴുപറമ്പ് മുതൽ എടവണ്ണ വരെയുള്ള ഭാഗമാണ് ബഹുമാനപ്പെട്ട അംഗം പി.കെ. ബഷീറിന്റെ മണ്ഡലത്തിലുൾപ്പെടുന്നത്. ആ പ്രദേശങ്ങളിൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഒരു നദീതീര ടൂറിസം പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ടൂറിസം വകുപ്പ് ആലോചിക്കുകയും അതിനുവേണ്ടി മലപ്പുറം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനെ ഒരു റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി ചുമതലപ്പെടുത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രോജക്ട് റിപ്പോർട്ട് ഇപ്പോൾ ലഭ്യമായിട്ടുണ്ട്. ജലോത്സവം, വാട്ടർ പാർക്ക്, റിക്രിയേഷൻ പാർക്ക് തുടങ്ങിയവ ഈ നദീതീരത്ത് ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങളാണ് ആ പ്രോജക്ടിലുള്ളത്. അത് നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കും. അതോടൊപ്പംതന്നെ എടവണ്ണയിൽ ചാലിയാറിന്റെ തീരത്ത് ഒരു പാർക്ക് ഉടൻതന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

**അനാഥാലയങ്ങളും ധർമ്മസ്ഥാപനങ്ങളും നേരിടുന്ന പ്രശ്നങ്ങൾ**

ശ്രീ. സി. മോയിൻകുട്ടി: സർ, എന്റെ സബ്മിഷൻ വളരെയേറെ ഗൗരവമുള്ള ഒരു വിഷയത്തെ സംബന്ധിച്ചാണ്. പാർശ്വവൽക്കരിക്കപ്പെട്ട അനാഥ

ക്കുട്ടികളെ സംരക്ഷിച്ച്, അവർക്ക് മത–ബൗദ്ധിക വിദ്യാഭ്യാസം നൽകി, നല്ല ഭക്ഷണവും വസ്ത്രവും നൽകി സംരക്ഷിക്കുന്ന, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയന്ത്രണത്തിൽ 2099 അനാഥാലയങ്ങളാണ് അംഗീകാരമുള്ള തായിട്ടുള്ളത്. ഈ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നിരവധി സംവിധാനങ്ങളു ണ്ട്. അഡീഷണൽ ചീഫ് സെക്രട്ടറി മേൽനോട്ടം വഹിക്കുന്നു, ബഹുമാന പ്പെട്ട മുഖ്യമന്ത്രി ചെയർമാനാണ്, ജില്ലാതലങ്ങളിൽ ജില്ലാ കളക്ടർമാർ അതിന്റെ മോണിട്ടറിംഗ് നടത്തുകയാണ്. പക്ഷേ, യോഗങ്ങളൊന്നും കൃത്യ മായി നടക്കുന്നില്ല. അതുകൊണ്ടുതന്നെ ഒരുപാട് പ്രയാസങ്ങളും ബുദ്ധിമുട്ടു കളുമുണ്ട്. ജില്ലാതലത്തിൽ എട്ടു ജില്ലകളിൽ സാമൂഹ്യനീതി ഓഫീസർമാരില്ല. ഇതു വളരെ ദു:ഖകരമാണ്. അതുകൊണ്ട് യഥാസമയം ഗ്രാന്റ്പോലും നൽകു ന്നതിനുവേണ്ടി സാധിക്കുന്നില്ല. ഇതിനിടയിലാണ് മനുഷ്യാവകാശ കമ്മീ ഷന്റെ ഇടപെടലുണ്ടായത്. സ്വഭാവികമായി അവർക്ക് ഇടപെടാനുള്ള അവകാ ശമുണ്ട്. പക്ഷേ, ഇത്തരം സംവിധാനങ്ങളൊക്കെ നിലനിൽക്കുമ്പോൾപോലും വില്ലേജ് ഓഫീസർക്ക് ഇത് പരിശോധിക്കാനുള്ള സാഹചര്യമുണ്ടാകുന്നു. അതുസംബന്ധിച്ച പത്രവാർത്തകൾ വരുന്നു. ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷൻ അക്കാര്യം ഇവിടെ ഉന്നയിച്ചതും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതുമാണ്. വളരെ വേദനാജനകമായ റിപ്പോർട്ടാണ് ഇതുസംബന്ധിച്ച് വരുന്നത്. ഇത്രയും വലിയ ഒരു സേവനം ചെയ്യുന്ന ഒരു സ്ഥാപനത്തെ, ആയിരക്കണക്കിനാളുകളുള്ള, കോടിക്കണക്കിന് രൂപ മുതൽമുടക്കുള്ള ഈ സ്ഥാപനങ്ങളെ കാടടച്ചു വെടിവയ്ക്കുന്ന തരത്തിലുള്ള ഭീതിജനകമായ റിപ്പോർട്ടുകളാണ് പത്രങ്ങളിൽ വരുന്നത്. ഇതിൽ സ്വഭാവികമായും കള്ളനാ ണയങ്ങളുണ്ടാകാം. അവരെ തിരിച്ചറിയണം, കണ്ടെത്തി നടപടി സ്വീകരിക്ക

ണം. ഒരു സംശയവുമില്ല. പക്ഷേ, അതേ അവസരത്തിൽ ഇത്രയും ഗൗരവതര മായ ഒരു വിഷയം കൈകാര്യം ചെയ്യുന്ന ഒരു വകുപ്പിനെതിരായി നിരന്തര മായ വാർത്തകൾ, ഇതു മുഴുവൻ വാണിഭമാണ്, ആളുകളെ കയറ്റി അയ യ്ക്കലാണ്, പീഡനമാണ് എന്നുവരുമ്പോൾ സ്വഭാവികമായും എലിയെ ചുടാൻ ഇല്ലം ചുടുക എന്നു പറഞ്ഞ രൂപത്തിൽ ഇത് വളരെയേറെ പ്രയാസ മുണ്ടാക്കുകയാണ്. അതുകൊണ്ടുതന്നെ കള്ളനാണയങ്ങളെ കണ്ടെത്തണം. അതോടൊപ്പം ഏറ്റവും പ്രധാനപ്പെട്ട ഈ സേവന മേഖലയെ തിരിച്ചറിയാനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഈ പട്ടിണിപ്പാവങ്ങളെ, പാർശ്വവൽക്കരി ക്കപ്പെട്ട ഇത്തരമാളുകളെ കൈപ്പിടിച്ചുയർത്തുന്ന ഈ സംവിധാനത്തെ സഹാ യിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. **1,000** രൂപയാണ് ഇപ്പോൾ കൊടുക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം എല്ലാ ക്ഷേമപ ദ്ധതികളുടെയും തുക വർദ്ധിപ്പിച്ചു. വൻപിച്ച തോതിൽ ഇതും വർദ്ധിപ്പിച്ചിട്ടു ണ്ട്. യാതൊരു സംശയവുമില്ല. അതിനെ സ്വാഗതം ചെയ്യുകയാണ്. അതോ ടൊപ്പം 1,500 രൂപയെങ്കിലും ഇവർക്ക് കിട്ടുന്നതിനുള്ള സാഹചര്യമുണ്ടാക്ക ണം. 2014 മാർച്ചിലാണ് നിലവിലുള്ള ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കാലാവധി അവസാനിക്കുന്നത്. തുടർനടപടികളൊന്നുമായിട്ടില്ല. ഇനി ഒന്നര മാസം മാത്രമേയുള്ളൂ. അടിയന്തരമായി അതിന്റെ തെരഞ്ഞെടുപ്പ് നടത്തുന്ന തിനാവശ്യമായിട്ടുള്ള സംവിധാനങ്ങളും കാര്യങ്ങളുമുണ്ടാകണം. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള അനാഥക്കുട്ടികൾ ചില കർശന നിയന്ത്രണങ്ങൾ അനാഥാലയങ്ങളിൽ അനുഭവിച്ചുവരുന്നതായി അറിയാൻ സാധിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി എന്റെ മണ്ഡലത്തിൽ വന്നപ്പോൾ അക്കാര്യങ്ങൾ സൂചിപ്പിച്ചിരുന്നു. ആ വസ്തുത എന്തായിയെന്നും അത്തരം സാങ്കേതികത്വ

ത്തിന്റെ എന്തെങ്കിലും നൂലാമാലകളുണ്ടെങ്കിൽ അതുകൂടി പരിഹരിച്ച് സുഗമമായി സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനുള്ള സാഹചര്യങ്ങളുണ്ടാക്കണം. അതോടൊപ്പം ഡെഡിക്കേറ്റഡായി ഈ രംഗത്ത് പ്രവർത്തിക്കുന്ന ആളുകളുടെ ആത്മാഭിമാനത്തെ മുറിപ്പെടുത്തുന്ന റിപ്പോർട്ടുകൾ മാധ്യമങ്ങളിൽ വരുന്നത് ഗവൺമെന്റ് ഗൗരവമായി കാണണം എന്നുകൂടി സൂചിപ്പിക്കുകയാണ്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ 1133 അനാഥാലയങ്ങളും 512 വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിലായി 63363 അന്തേവാസികളും നിലവിലുണ്ട്. അനാഥാലയങ്ങളുടെയും മറ്റ് ധർമ്മസ്ഥാപനങ്ങളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല അവലോകന സമിതിയും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റിയുടെ കൺവീനർ ജില്ലാ സാമൂഹ്യനീതി ഓഫീസറാണ്. ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റി മൂന്നുമാസത്തിലൊരിക്കൽ കൂടുകയും അനാഥാലയങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്ത് പരിഹാരം കണ്ടെത്തുകയും സംസ്ഥാനതല അവലോകന സമിതിയിൽ പരിഗണിക്കേണ്ട വിഷയങ്ങൾ കൊണ്ടുവരികയുമാണ് ചെയ്യുന്നത്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ എട്ട് ജില്ലകളിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ നിലവിലില്ലാത്തതിനാൽ പദ്ധതി പ്രവർത്തന

ങ്ങൾ തടസ്സപ്പെടാത്ത രീതിയിൽ ഈ ഒഴിവുകൾക്ക് പകരം ജീവനക്കാർക്ക് ചുമതല നൽകിയിട്ടുണ്ട്. അവലോകന സമിതികൾ യോഗം ചേരുന്ന കാര്യ ത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതാണ്. പ്രസ്തുത തസ്തികയിലേക്ക് പ്രൊമോഷനുവേണ്ടിയുള്ള സെലക്ട് ലിസ്റ്റ് നിലവിലില്ലാത്തതുമൂലമാണ് റെഗുലർ നിയമനം നടത്താൻ സാധിക്കാത്തത്. സെലക്ട് ലിസ്റ്റ് തയ്യാറാക്കാൻ 28/1/2014-ൽ ഡി.പി.സി. യോഗം കൂടിയെങ്കിലും ചില സാങ്കേതിക തടസ്സ ങ്ങൾ പി.എസ്.സി. ഉന്നയിച്ചതിന്റെ പേരിൽ തീരുമാനമെടുക്കാൻ കഴിഞ്ഞില്ല. എങ്കിലും ടി തസ്തികയിലേക്ക് കഴിവതുംവേഗം നിയമനം നടത്തുവാൻ ശ്രമി ക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനാഥാലയ ങ്ങളുടെ ഗ്രാന്റ് 250 രൂപയിൽനിന്നും ഘട്ടംഘട്ടമായി 525 ആക്കി, 700 ആക്കി, ഈ പുതിയ ബഡ്ജറ്റിലൂടെ പ്രസ്തുത ഗ്രാന്റ് 1,000 രൂപയായി പ്രഖ്യാപിച്ച കാര്യം ഇത്തരുണത്തിൽ പറയാൻ ആഗ്രഹിക്കുന്നു. ഇവിടെ ചില കാര്യങ്ങൾ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചു. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അക്കാ ര്യം ഇവിടെ അവതരിപ്പിച്ചു. നല്ല ഉദ്ദേശത്തോടുകൂടി നല്ല രീതിയിൽ നട ക്കുന്ന അനാഥാലായങ്ങളെ ഒരുതരത്തിലും ഇടപെട്ട് തകർക്കുന്നതിന് ഈ ഗവൺമെന്റ് അനുവദിക്കുകയില്ല. അതേ സമയം കള്ളനാണയങ്ങളുണ്ടെ ങ്കിൽ അവരെ കണ്ടെത്തി കർശനനടപടികളും സ്വീകരിക്കേണ്ടതുണ്ട്. തെര ഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. മാർച്ച് 2 എന്ന രീതിയിൽ തന്നെയാണ് മുന്നോട്ടുനീങ്ങുന്നത്. മാർച്ച് 2-ന് കാലാവധി തീരുന്ന മുറയ്ക്ക് പുതിയ ഓർഫനേജ് കൺട്രോൾ ബോർഡ് വരു ന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**ദേശീയ ഗ്രാമീണ ഉപജീവന മിഷൻ**

ശ്രീ. എ. റ്റി. ജോർജ്: സർ, ഗ്രാമപ്രദേശങ്ങളിൽ ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ പ്രമുഖസ്ഥാനം വഹിച്ചിരുന്ന ഐ.ആർ.ഡി.പി. മുതൽ എസ്.ജി.എസ്.വൈ. വരെയുള്ള ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾക്ക് പകരമായി സർക്കാർ രൂപംനൽകിയ ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യം അകറ്റുന്നതിന് 1980-ൽ കേന്ദ്ര സർക്കാർ ആരംഭിച്ച ഐ.ആർ.ഡി.പി. പദ്ധതിയും 1999-ൽ ആരംഭിച്ച എസ്.ജി.എസ്.വൈ. പദ്ധതിക്കും പകരമായാണ് 2011-ൽ കേന്ദ്ര ഗവൺമെന്റ് ഗ്രാമീണ ഉപജീവന മിഷന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. നമ്മുടെ സംസ്ഥാനത്ത് ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ പ്രവർത്തനങ്ങൾ ഒരു ചലനവും സൃഷ്ടിക്കുന്നില്ല. ഐ.ആർ.ഡി.പി. വഴി സാമ്പത്തിക സഹായം ലഭിച്ച നിരവധി സംരംഭങ്ങൾ ഇപ്പോഴും നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ കാണുവാൻ സാധിക്കും. സ്വയംസഹായ സംഘങ്ങൾ ഗ്രാമപ്രദേശങ്ങളിൽ പുതിയ പുതിയ പദ്ധതികളാരംഭിക്കുകയും അതുവഴി കുറച്ചെങ്കിലും ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുവാൻ കഴിയുകയും ചെയ്തു. ഇപ്പോഴും പല പദ്ധതികളും നടപ്പിലാക്കി വരുന്നുവെങ്കിലും കഴിഞ്ഞ രണ്ടുവർഷമായി ഇത്തരത്തിലുള്ള സ്വയംസഹായ സംഘങ്ങളെ സഹായിക്കുവാൻ പദ്ധതികൾ ഒന്നുമില്ലാത്തതിനാൽ സ്വയംസഹായ സംഘങ്ങൾ ജാതി-മത സംഘടനകളുടെ ബാനറിൽ ഒത്തുചേർന്ന് പ്രവർത്തിക്കുന്നതായി കാണുന്നു. 2011-12 സാമ്പത്തിക വർഷം 5,183 ലക്ഷം രൂപയും 2012-13 സാമ്പത്തിക വർഷം 5,260 ലക്ഷം രൂപയും കേന്ദ്ര സർക്കാർ ഈ പദ്ധതി

ക്കായി സംസ്ഥാനത്തിന് നൽകിയിട്ടുണ്ട്. 2013–14 സാമ്പത്തിക വർഷം ഇൻഡ്യയിലാകമാനം 3,938 ലക്ഷം രൂപ കേന്ദ്ര സർക്കാർ ഗ്രാമീണ ഉപജീവന മിഷന്റെ പ്രവർത്തനങ്ങൾക്കായി മാറ്റി വച്ചിരിക്കുന്നു. ഇതിൽ 3,811 ലക്ഷം രൂപയും കേരളത്തിന് അനുവദിച്ചതായാണ് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ള ത്. ഇതിൽനിന്നും നമ്മൾ എത്ര തുക ചെലവഴിച്ചുവെന്നും ഏത് ആവശ്യ ത്തിന് ചെലവഴിച്ചുവെന്നും ജനപ്രതിനിധികൾക്കുപോലും അറിയുവാൻ കഴി യുന്നില്ല. ജില്ലാതലത്തിൽ കൂടുന്ന ജില്ലാ വികസന സമിതിയോഗങ്ങളിലോ കേന്ദ്ര ഗ്രാമവികസന വകുപ്പുവഴി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശകലനം നടത്തുന്ന ജില്ലാതല വിജിലൻസ് & മോണിട്ടറിംഗ് സമിതി യോഗങ്ങളിലോ ഈ പദ്ധതിയെക്കുറിച്ച് ചർച്ചകൾ നടത്താറില്ല. ദേശീയ ഉപജീവന മിഷന്റെ പ്രവർത്തനങ്ങൾ സുതാര്യമായി നടപ്പിലാക്കുവാനും ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുവാൻ എം.എൽ.എ.മാരുടെ നേതൃത്വത്തിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ മൂന്നുമാസം കൂടുമ്പോൾ യോഗം വിളിച്ചു ചേർക്കുവാനും ഈ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കു വാൻ ഒരു സംസ്ഥാന സെൽ രൂപീകരിക്കുവാനും വേണ്ട നടപടികളുണ്ടാക ണമെന്ന് അഭ്യർത്ഥിക്കുന്നു. 2011 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന് ലഭിച്ച തുകയും ചെലവഴിച്ച തുകയും കൈവരിച്ച ഭൗതികലക്ഷ്യവും ഭൗതിക ലക്ഷ്യം കൈവരിക്കുവാൻ സാധിക്കാത്തത് കൊണ്ട് കേന്ദ്ര സഹായത്തിന് കുറവ് വന്നിട്ടുണ്ടോ എന്നും മറുപടിയിൽ വിശദീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, എസ്.ജി.എസ്.വൈയുടെ നേട്ടവും കോട്ടവും വിശകലനം

ചെയ്യുന്നതിനായി നിയോഗിച്ച രാധാകൃഷ്ണൻ കമ്മിറ്റിയുടെ പഠനത്തെതുടർന്നാണ് കേരളത്തിൽ കുടുംബശ്രീയേയും ആന്ധ്രാപ്രദേശിലെ സർപ-യുടേയും മാതൃകയിൽ ദരിദ്രജനങ്ങളുടെ സാമൂഹികസംഘടനാ സംവിധാനത്തിലൂടെ പ്രത്യേക മിഷൻ രീതിയിൽ എൻ.ആർ.എൽ.എം. നടപ്പിലാക്കാൻ ശുപാർശചെയ്തത്. ഇതിന്റെ നോഡൽ ഏജൻസിയായി സംസ്ഥാനഗ്രാമീണ ഉപജീവന മിഷൻ കുടുംബശ്രീയെ ചുമതലപ്പെടുത്തി കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. എൻ.ആർ.എൽ.എം. പദ്ധതിയിൽ 2012–13 സാമ്പത്തിക വർഷം 57 കോടി രൂപയുടെ വാർഷിക കർമ്മപദ്ധതിക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകുകയും 38 കോടി രൂപ കേന്ദ്രവിഹിതവും 6.56 കോടി രൂപ സംസ്ഥാനവിഹിതവും ചേർത്ത് ആകെ 44.67 കോടി രൂപ കുടുംബശ്രീക്ക് ലഭ്യമായിട്ടുണ്ട്. 2012–13 സാമ്പത്തിക വർഷം എൻ.ആർ.എൽ.എം. പദ്ധതി പ്രവർത്തനങ്ങൾക്കായി 20.66 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2013–14 സാമ്പത്തിക വർഷം എൻ.ആർ.എൽ.എം. പദ്ധതി പ്രവർത്തനങ്ങൾക്കായി ആകെ 91.86 കോടി രൂപയുടെ വാർഷിക കർമ്മപദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും 60.49 കോടി രൂപയുടെ വാർഷിക കർമ്മപദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ കേന്ദ്രവിഹിതമായി 10.03 കോടി രൂപ കുടുംബശ്രീ മിഷന് ലഭിക്കുകയും മുൻ ബാക്കിയുൾപ്പെടെ നാളിതുവരെ 14.79 കോടി രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുമുണ്ട്. ഉപജീവനതൊഴിലുകളുമായി ബന്ധപ്പെട്ട് ഓരോ ജനവിഭാഗങ്ങൾക്കിടയിലും നിലനിൽക്കുന്ന പ്രശ്നങ്ങൾ വിവിധ തൊഴിൽ സംരംഭങ്ങളുടെ നിലനിൽപ്പിനായുള്ള പിൻതുണക്രമീകരണങ്ങളുടെ അനിവാര്യത

എന്നിവയുടെ വിശദമായ പശ്ചാത്തലപഠനം നടത്തി, ഏകദേശം 6 മാസം നീണ്ടുവരുന്ന പ്രവർത്തനങ്ങളിലൂടെ ബി.പി.എൽ., എസ്.സി./എസ്.ടി., മാന സിക വെല്ലുവിളികൾ നേരിടുന്നവർ എന്നീ കുടുംബങ്ങളിൽനിന്ന് ഇനിയും കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാകാത്തവരെ അംഗങ്ങളായി ഉൾപ്പെടുത്തി സമ്പൂർണ്ണ അയൽക്കൂട്ട പ്രഖ്യാപനം കുടുംബശ്രീയുടെ പതി നഞ്ചാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച പരിപാടി യിൽവച്ച് നടത്തുകയുണ്ടായി. അതിദരിദ്രരായ യുവാക്കൾക്ക് തൊഴിൽ ലഭ്യ മാക്കുന്നതിന്റെ ഭാഗമായി എൻ.ആർ.എൽ.എം. പദ്ധതിയുടെകീഴിൽ 'ആജീവിത സ്കിൽസ്' എന്ന പദ്ധതിക്കും തുടക്കംകുറിച്ചിട്ടുണ്ട്. കുടുംബശ്രീ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നിയോജകമണ്ഡലാടി സ്ഥാനത്തിൽ അതാത് എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഓരോ നിയോജകമണ്ഡലത്തിലെയും പ്രവർത്തന ങ്ങൾ അതാത് എം.എൽ.എ.-മാർക്ക് നേരിട്ട് വിലയിരുത്തുന്നതിന് മോണിറ്റ റിംഗ് മുഖേന സാധ്യമാകും. ഈ മോണിറ്ററിംഗ് കമ്മിറ്റിക്ക് എൻ.ആർ. എൽ.എം. പദ്ധതിയും വിലയിരുത്താനുള്ള അവകാശമുണ്ട്. അതുകൊണ്ട് എം.എൽ.എ.-മാർ തന്നെ മുൻകയ്യെടുത്ത് എൻ.ആർ.എൽ.എം. പ്രവർത്തന ങ്ങളുടെ മുന്നോട്ടുള്ള പുരോഗതി ഇത്തരം കമ്മിറ്റികളിൽ വിലയിരുത്തണ മെന്ന് പറയാനാഗ്രഹിക്കുന്നു. കൂടാതെ സംസ്ഥാനതലത്തിൽ 14 എം.എൽ. എ.-മാർ അംഗങ്ങളായും സാമൂഹ്യനീതി വകുപ്പുമന്ത്രി അദ്ധ്യക്ഷനുമായുള്ള കുടുംബശ്രീ സംയോജിത മേൽനോട്ട സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയും ഇടയ്ക്കിടയ്ക്ക് യോഗംചേർന്ന് കാര്യങ്ങൾ വിലയിരുത്തുന്നുണ്ട്. എത്ര പണം കൃത്യമായി ചെലവഴിക്കുന്നു എന്ന കാര്യങ്ങളും ഇതിലും കൂടു

തലായി മോണിറ്ററിംഗും സംബന്ധിച്ച് വിശകലനം ചെയ്യുന്നതിനുവേണ്ടിയിട്ടു ള്ള സംവിധാനം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന്റെയടിസ്ഥാനത്തിൽ ഉണ്ടാക്കുന്നതാണ്.

**108 ആംബുലൻസിന്റെ സേവനം**

ശ്രീ. കെ. മുരളീധരൻ: അത്യാസന്ന നിലയിലുള്ള രോഗികളെ അടിയന്തരമായി ആശുപത്രിയിലെത്തിക്കാൻ സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനമാണ് 108 ആംബുലൻസ്. തിരുവനന്തപുരം നഗരത്തിൽ ഏറ്റവും കാര്യക്ഷമമായി ഇത് പ്രവർത്തിച്ചിരുന്നു. എന്നാൽ ഈ അടുത്ത കാലത്ത് മാനേജുമെന്റ് മാറ്റത്തിനെത്തുടർന്ന് ഇത് ഏതാണ്ട് കുത്തഴിഞ്ഞ സ്ഥിതിയിലെത്തിയിരിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ വീടിന് ഏതാനും വാരയകലെ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ശാസ്തമംഗലത്ത് 2014 ജനുവരി മാസം 30–ാം തിയതി രാവിലെ 11 മണിക്കും 11.30–നും മദ്ധ്യേ സ്വന്തം വീട്ടിൽവച്ച് രക്തസ്രാവം ഉണ്ടായതിനെത്തുടർന്ന് ശ്രീരംഗം (എ–16)–ൽ താമസിക്കുന്ന നാരായണൻ–സരോജിനി ദമ്പതികളുടെ മകൾ ജ്യോതിയെ (33 വയസ്സ്) അടിയന്തരമായി ആശുപത്രിയിൽ കൊണ്ടുപോകാൻ 108 ആംബുലൻസ് വിളിച്ചപ്പോൾ രോഗിക്ക് ബോധമുണ്ടോയെന്നാണ് അധികൃതർ ആദ്യം ചോദിച്ചത്. ബോധമുണ്ടെന്ന് ബന്ധുക്കൾ പറഞ്ഞപ്പോൾ എത്താൻ നിർവ്വാഹമില്ല എന്നായിരുന്നു മറുപടി. ഇതിനെത്തുടർന്ന് ശാസ്തമംഗലത്തുനിന്ന് ടാക്സി പിടിച്ച് ജ്യോതിയെ ബന്ധുക്കൾ പേരൂർക്കട ഗവൺമെന്റ് ആശുപത്രിയിലെത്തിച്ചു. തുടർന്ന് അവിടത്തെ ഡോക്ടറുടെ നിർദ്ദേശപ്രകാരം പേരൂർക്കട ആശുപത്രി വളപ്പിലുള്ള 108 ആംബുലൻസിൽ

ശ്രീചിത്ര മെഡിക്കൽ സെന്ററിലേക്ക് റഫർ ചെയ്തു. അവിടെനിന്നും ശ്രീചിത്ര മെഡിക്കൽ സെന്ററിലെത്തിയപ്പോൾ സമയം വൈകിപ്പോയതിനാൽ ശരീരത്തിന്റെ ഒരു ഭാഗം തളർന്നുപോയി. ഇപ്പോൾ ജ്യോതി വെന്റിലേറ്ററിൽ കഴിയുകയാണ്. ഈ സംഭവം വിവിധ മാധ്യമങ്ങളിൽ 2014 ഫെബ്രുവരി 2–ാം തീയതി പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ സംഭവം അത്യന്തം ദാരുണമായിട്ടുള്ള ഒന്നാണ്. രോഗിക്ക് ബോധമില്ലെങ്കിൽ മാത്രമേ 108 ആംബുലൻസിൽ കൊണ്ടുപോകാവൂ എന്ന് എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെന്റ് നൽകിയിട്ടുണ്ടോ? ഇത്തരത്തിൽ സാധാരണ ജനങ്ങളുടെ ജീവന് യാതൊരു വിലയും കൽപ്പിക്കാത്ത നടപടി ഏത് ഭാഗത്തുനിന്നുണ്ടായാലും അത് തികച്ചും അപലപനീയമാണ്. അതിനെതിരെ ശക്തമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. അതുകൊണ്ട് ഗവൺമെന്റ് അടിയന്തര അന്വേഷണം നടത്തണമെന്നും കുറ്റക്കാർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും അവിടെ ആശുപത്രിയിൽ ചികിത്സയിലുള്ള ശ്രീമതി ജ്യോതിയുടെ ചികിത്സയുടെ എല്ലാ ചെലവുകളും സർക്കാർ വഹിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, സബ്മിഷനിൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചിരുന്ന പരാതി വളരെ ഗൗരവമായിട്ടുതന്നെ സർക്കാർ കാണുകയാണ്. ഇതിനെ സംബന്ധിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ രോഗിയുടെ ബന്ധുക്കളുമായി സംസാരിക്കുകയും സംഭവത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എം.ഡി.–യെ ചുമതലപ്പെടുത്തുകയും ചെയ്തു. ശ്രീ. കെ. മുരളീധരന്റെ 04–01–2014–ലെ കവറിംഗ് ലെറ്ററോടുകൂടി ഇതുസംബന്ധിച്ച പരാതി ലഭിച്ചപ്പോൾത്തന്നെ അന്വേഷിച്ച് അടിയ

ന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യവകുപ്പ് സെക്രട്ടറിയെ ചുമതല പ്പെടുത്തിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. ഇപ്പോൾ ശ്രീചിത്ര മെഡിക്കൽ സെന്ററിൽ ചികിത്സയി ലിരിക്കുന്ന രോഗി അപകടനില തരണം ചെയ്തുവരുന്നതായി ആശുപത്രി അധികൃതരെ ഞാൻതന്നെ ബന്ധപ്പെട്ടപ്പോൾ അറിയാൻ സാധിച്ചു. അടിയന്തര സാഹചര്യങ്ങളിൽ രോഗികളെ ആശുപത്രിയിലെത്തിക്കുകയെന്ന ഉദ്ദേശ്യ ത്തോടുകൂടിയാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 108 ആംബുലൻസ് സർവ്വീസുകൾ ആരംഭിച്ചിട്ടുള്ളത്. ഈ സേവനം കെ.എം. എസ്.സി.എൽ. കരാർ വ്യവസ്ഥയിലാണ് നടത്തിവരുന്നത്. രോഗിക്ക് ബോധ മുണ്ടെങ്കിൽ 108 ആംബുലൻസിന്റെ സേവനം ലഭ്യമാക്കരുത് എന്ന യാതൊരുവിധ നിർദ്ദേശവും ഗവൺമെന്റ് നൽകിയിട്ടില്ല. ഇതിൽ വീഴ്ച വരു ത്തുന്ന ജീവനക്കാർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. സെക്രട്ടറിയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ രോഗിക്ക് സാമ്പത്തിക സഹായം നൽകുന്നതുൾപ്പെടെയുള്ള നടപടികൾ ഗവൺമെന്റ് ആലോചി ക്കുന്നതാണ്. 108 ആംബുലൻസ് ജനങ്ങൾക്ക് വളരെയധികം പ്രയോജനകര മായ സർവ്വീസാണ് ഇതുവരെ നടത്തിക്കൊണ്ടിരിക്കുന്നത്. കരാർ വ്യവസ്ഥയി ലാണ് കെ.എം.എസ്.സി.എൽ. ഏജൻസികളെ ഏൽപ്പിച്ചുകൊണ്ടിരിക്കുന്നത്. എന്തായാലും ഈ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന്/മോണിറ്റർ ചെയ്യുന്ന തിന് ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതാണ് എന്നുകൂടി ഈയവ സരത്തിൽ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

**കൊണ്ടോട്ടി കമ്മ്യൂണിറ്റി ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തൽ**

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : സർ, കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുമായി ബന്ധപ്പെട്ട് 2 പ്രധാന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഒന്നാമതായി കൊണ്ടോട്ടി പുതിയ താലൂക്കായി പ്രഖ്യാപിച്ചുകൊണ്ട് ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്നതാണ്. കോഴിക്കോട് വിമാനത്താവളം, ഹജ്ജ് ഹൗസ് എന്നിവയുടെ തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന ഈ ആശുപത്രി അത്യാഹിത വിഭാഗമുൾപ്പെടെയുള്ള താലൂക്കാശുപത്രിയായി ഉയർത്തേണ്ടതുണ്ട്. ദിവസവും 500–ൽ അധികം ഒ.പി.–യും ധാരാളം അഡ്മിഷനും നടക്കുന്നുണ്ട്. കേരളത്തിൽ അർബുദരോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. മലപ്പുറം ജില്ലയിലും പഞ്ചായത്തുതലത്തിൽ എന്റെ മണ്ഡലത്തിലെ വാഴക്കാട് പഞ്ചായത്തിലുമാണ് അർബുദരോഗികൾ കൂടുതലുള്ളത് എന്നും കണക്കുകൾ സൂചിപ്പിക്കുന്നു. ക്യാൻസർ നേരത്തേ കണ്ടെത്തി ചികിത്സിച്ചാൽ സുഖപ്പെടുന്ന ഒന്നാണ്. ഇതിനുവേണ്ട പദ്ധതി ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതിനാൽ ഈ പദ്ധതിയിൽ മലപ്പുറം ജില്ലയിലെ ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനേയും ഉൾപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. ശിവകുമാർ)</u> : സർ, കൊണ്ടോട്ടി സി.എച്ച്.സി.–യിൽ 29 കിടക്കകളാണ് അനുവദിച്ചിട്ടുള്ളത്. ശരാശരി ഒ.പി. അഞ്ഞൂറും ഐ.പി. ഇരുപതുമാണ്. ആറ് ഡോക്ടർമാരുൾപ്പെടെ 36 തസ്തികകൾ ഇവിടെ നിലവിലുണ്ട്. ഒരു

ഏക്കർ 36 സെന്റ് സ്ഥലത്ത് മെയിൽ വാർഡ്, ഫീമെയിൽ വാർഡ്, ലേബർ റൂം വാർഡ്, ഓഫീസ് കെട്ടിടം, ഇമ്മ്യൂണൈസേഷൻ റൂം, വാക്സിൻ സൂക്ഷിക്കുന്നതിനുള്ള റൂം, കോൺഫറൻസ് ഹാൾ, ഡോക്ടർമാരുടെ ക്വാർട്ടേഴ്സ്, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിങ്ങനെയുള്ള ഭൗതിക സാഹചര്യങ്ങൾ ഇപ്പോൾ ഇവിടെയുണ്ട്. അധികമായി ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയും അധിക തസ്തിക സൃഷ്ടിക്കുകയും ചെയ്താൽ മാത്രമേ കൊണ്ടോട്ടി സി.എച്ച്.സി. –യെ താലൂക്ക് ആശുപത്രിയായി ഉയർത്താൻ സാധിക്കുകയുള്ളൂ. ഇതു സംബന്ധിച്ചുള്ള പ്രൊപ്പോസൽ ഗവൺമെന്റിന് ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിഗണിക്കുന്നതാണ്. കേരളത്തിൽ അർബുദരോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായാണ് ആർ.സി.സി. യുടെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. സംസ്ഥാനത്ത് പ്രതിവർഷം 50000–ത്തോളം പുതിയ ക്യാൻസർ രോഗികൾ രജിസ്റ്റർ ചെയ്യപ്പെടുന്നു. മലബാർ മേഖലയിൽ കോഴിക്കോട് മെഡിക്കൽ കോളേജിലും തലശ്ശേരി മലബാർ ക്യാൻസർ സെന്ററിലുമാണ് ക്യാൻസർ രോഗത്തിനുള്ള ചികിത്സ ലഭ്യമായിട്ടുള്ളത്. മലപ്പുറം ജില്ലയിൽനിന്നും റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സ തേടിയെത്തുന്ന രോഗികളുടെ എണ്ണം കൂടിവരുന്നുണ്ട്. ഈ വസ്തുത കണക്കിലെടുത്ത് മലപ്പുറം ജില്ലയിൽ ഇൻക്കലിന്റെ ആഭിമുഖ്യത്തിൽ ഒരു ക്യാൻസർ സെന്റർ ആരംഭിക്കുന്നതിനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്. വ്യവസായവകുപ്പ് അതിന് അനുമതി നൽകിയിട്ടുണ്ട്. റീജിയണൽ ക്യാൻസർ സെന്ററിന്റെ ഉപകേന്ദ്രമായ പാലക്കാട്, Early Cancer Detection Centre മുഖേന മലപ്പുറം ജില്ലയിലും മുൻകൂർ ക്യാൻസർ നിർണ്ണയ ക്യാമ്പുകളും ബോധവത്ക്കരണ ക്ലാസ്സുകളും നടത്തിവരുന്നു.

കണ്ണൂർ ജില്ലയിൽ തലശ്ശേരിയിലെ മലബാർ ക്യാൻസർ സെന്ററും ഇതിന്റെ സേവനം നടത്തിവരുന്നു. ആയിരക്കണക്കിന് വരുന്ന ക്യാൻസർരോഗികൾക്ക് കിടത്തിചികിത്സാസൗകര്യങ്ങൾ അപര്യാപ്തവും അപ്രാപ്യവുമാണെന്ന വസ്തുത ഉൾകൊണ്ടുകൊണ്ട് സംസ്ഥാന ആരോഗ്യവകുപ്പ് ജില്ലാ ക്യാൻസർ കെയർ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം മലബാർ മേഖലയിൽ പാലക്കാട്, കണ്ണൂർ, കാസർഗോഡ്, മലപ്പുറം ജില്ലയിലെ തിരൂർ, കോഴിക്കോട് ജില്ലയിലെ വടകര എന്നീ ജില്ലാ ആശുപത്രികളിലും വയനാട് ജില്ലയിലെ നല്ലൂർനാട് ആശുപത്രിയിലും ജില്ലാ ക്യാൻസർ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ്, കോഴിക്കോട് ആശുപത്രികളിലെ പ്രവർത്തനം കീമോതെറാപ്പി പരിശീലനം നേടിയ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നതോടെ ആരംഭിക്കുന്നതാണ്. മറ്റ് ആശുപത്രികളിൽ പരിശീലനം ലഭിച്ച ഡോക്ടർമാരെയും സ്റ്റാഫ് നഴ്സുമാരെയും വിന്യസിക്കുകയും കീമോതെറാപ്പി ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകിവരികയും ചെയ്യുന്നു. ഈ സ്ഥാപനങ്ങളിലെല്ലാം ക്യാൻസർ രോഗം നിർണ്ണയിക്കുന്നതിനുള്ള സംവിധാനങ്ങളും സാങ്കേതിക പരിശീലനം ലഭിച്ച ജീവനക്കാരുമുണ്ട്. Early Cancer Detection ക്ലിനിക്കുകൾ റീജിയണൽ ക്യാൻസർ സെന്ററിന്റ സഹായത്തോടുകൂടി സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ നടന്നുവരുന്നു. എല്ലാ ജില്ലാ ആശുപത്രികളിലും ദന്തരോഗവിഭാഗത്തോട് അനുബന്ധിച്ച് ഓറൽ ക്യാൻസർ ഡിക്റ്റഷൻ ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു.

**ജലസംഭരണ ടാങ്ക് പ്രവർത്തനക്ഷമമാക്കൽ**

<u>ശ്രീ. പാലോട് രവി</u> : സർ, വർഷങ്ങളായി അരുവിക്കരയിൽ 16 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഒരു ജലസംഭരണിയിൽ നിന്നാണ് തലസ്ഥാന ത്തേയ്ക്കും ചുറ്റും വെള്ളമെടുത്തുകൊണ്ടിരിക്കുന്നത്. ഇനി വരുന്ന നാലു മാസവും ഓരോ ദിവസവും പുതിയ കണക്ഷൻ കൊടുത്തുകൊണ്ടിരിക്കുക യാണ്. ഫ്ളാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ വന്നുകൊണ്ടി രിക്കുന്നു. കണക്ഷൻ ഇഷ്ടംപോലെ കൂടിയിരിക്കുകയാണ്. ഇത് മുന്നിൽ കണ്ടുകൊണ്ടാണ് ഏതാണ്ട് രണ്ടര കോടി രൂപ ചെലവിൽ 16 ലക്ഷം ലിറ്റർ വെള്ളംകൊണ്ട് എല്ലായിടത്തും വെള്ളം എത്തിക്കാൻ കഴിയില്ല എന്നു കണ്ട തുകൊണ്ടാണ് അരുവിക്കര വാട്ടർ അതോറിറ്റി ഡിവിഷൻ ഓഫീസിന്റെ പരി സരത്ത് 26 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ടാങ്കിന്റെ പണി പൂർത്തിയാ ക്കിയത്. രണ്ടര വർഷത്തോളമായി ഈ ടാങ്കിന്റെ പണി പൂർത്തിയായിട്ട്. ഈ ടാങ്കിന്റെ പണി പൂർത്തിയായിട്ട് ആ ടാങ്കിൽ നിന്നും വെള്ളം ജലവിത രണ പൈപ്പുമായി കൂട്ടിയോജിപ്പിക്കുന്ന ഇന്റർ കണക്ഷൻ വാൽവ് സ്ഥാപി ക്കുന്നതിനുവേണ്ടി രണ്ടുവർഷമായി ടെണ്ടർ ചെയ്യുകയാണ്. എന്നിട്ടും അത് നടന്നില്ല. ഇത് പൂർത്തിയായിട്ട് രണ്ടര വർഷമായി. 49 ലക്ഷം ലിറ്റർ വെള്ളം സംഭരണശേഷിയുള്ള ടാങ്കിന്റെ പണി പൂർത്തിയായിട്ട് ഒരു ഇന്റർലിങ്കിന്റെ ടെണ്ടർ നടക്കുന്നില്ല. ഇത് ആരെ സഹായിക്കാനാണ്? പ്രസ്തുത ടെണ്ടർ നട പ്പിലായി കഴിഞ്ഞാൽ തിരുവനന്തപുരത്ത് ഇന്ന് കിട്ടുന്നതിനെക്കാൾ എത്രയോ ഇരട്ടി വെള്ളം ഇവിടെ എത്തിക്കാൻ കഴിയും. പൂർത്തിയായിട്ടില്ലെന്നുമാത്ര മല്ല വീണ്ടും റീ-ടെണ്ടർ ചെയ്തിരിക്കുകയാണ്. ഇത് ജിക്ക എന്നു പറയുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ചേർന്ന്, ഇതിനകത്ത് എന്തൊക്കെയോ സംശയങ്ങൾ ഉണ്ടാക്കത്തക്കതരത്തിലാണ് ഇതിന്റെ പ്രവർത്തനങ്ങൾ

അവിടെ നടന്നിരിക്കുന്നത്. അതുകൊണ്ടാണ് ഞാൻ ഇത് നിയമസഭയിൽ ഉന്നയിക്കാൻ കാരണം. രണ്ടു വർഷത്തിനുശേഷവും ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ല, ഇന്റർലിങ്ക് നടന്നിട്ടില്ല. മനോഹരമായ ടാങ്ക് അവിടെ കെട്ടിവച്ചിട്ടുണ്ട്. മാത്രമല്ല, തിരുമലയുടെയും സ്ഥിതി ഇതാണ്. അവിടെയും രണ്ടര കോടി രൂപ ചെലവാക്കി ടാങ്കിന്റെ പണി പൂർത്തിയായിട്ട് വർഷം രണ്ടായി. അതുപോലെ മൺവിള..... ഇതെല്ലാം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമാണ്. അവിടെയും ഇതുപോലുള്ള ടാങ്കിന്റെ പണി അനിശ്ചിതത്വത്തിൽ ചെന്നു നിൽക്കുന്നു. ചില സ്ഥലങ്ങളിൽ നടക്കുന്ന കുറ്റകരമായ അനാസ്ഥകാരണം തിരുവനന്തപുരത്തും പരിസര പ്രദേശങ്ങളിലും പൂർണ്ണമായി കുടിവെള്ള ക്ഷാമം ഇല്ലാതാക്കാനുള്ള പണി പൂർത്തീകരിക്കാൻ കഴിയാത്ത ഒരവസ്ഥ വന്നിരിക്കുകയാണ്. അതും നിസ്സാര കാര്യങ്ങളുടെ പേരിൽ. ഇതിനെക്കുറിച്ച് അങ്ങ് അന്വേഷിക്കണം. ഇന്റർലിങ്ക് എത്രയും വേഗം നടപ്പിലാക്കാൻ.... സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിലാണ് ടെണ്ടറിംഗ് നടപടികൾ ഇരിക്കുന്നത്. അടുത്ത ടെണ്ടർ നടപടികളുടെ ഗൗരവം ഈ ഉദ്യോഗസ്ഥന്മാർ കാണണ്ടേ? ഇത് കുടിവെള്ളത്തിന്റെ പ്രശ്നമാണ്. ഇനി വരുന്ന അഞ്ചു മാസം വെള്ളത്തിനുവേണ്ടി നെട്ടോട്ടമോടുന്ന ഒരു കാലഘട്ടമാണ്. അതുകൊണ്ട് അങ്ങ് ഈ വിഷയം പേഴ്സണലായി നോക്കുകയും ഇതിന്റെ പിന്നിൽ എന്തെങ്കിലും തിരിമറികൾ നടന്നിട്ടുണ്ടോ എന്ന് അന്വേഷിക്കണം. ഇത് ഏതെങ്കിലും കമ്പനിയെ സഹായിക്കാൻ വേണ്ടിയുള്ളതാണോ എന്ന് അന്വേഷിക്കണം. അതിനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. എത്രയും വേഗം ഇന്റർലിങ്കിന്റെ പണി പൂർത്തിയാക്കി കൂടുതൽ ജലം നമ്മുടെ പ്രദേശങ്ങളിൽ എത്തിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, അരുവിക്കര ഡിവിഷൻ ഓഫീസ് പരിസരത്ത് പുതുതായി ജിക്ക പദ്ധതിയിൽ ഉൾപ്പെടുത്തി 2.49 കോടി രൂപ ചെലവിൽ പണി കഴിപ്പിച്ച 29 ലക്ഷം ലിറ്റർ ജലസംഭരണ ശേഷിയുള്ള ജല സംഭരണി നിലവിലുള്ള പഴയ 16 ലക്ഷം ലിറ്റർ ശേഷിയുള്ള സംഭരണിക്ക് പകരമായി നിർമ്മിച്ചിട്ടുള്ളതാണ്. പുതുതായി നിർമ്മിച്ച ജലസംഭരണി നിലവിലുള്ള 48 ഇഞ്ച് കാസ്റ്റെൻ ലൈനുമായി ബന്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള ടെണ്ടർ 19–10–2012–ൽ വിളിക്കുകയും എന്നാൽ ക്വാട്ട് ചെയ്ത റേറ്റ് എസ്റ്റിമേറ്റ് തുകയെക്കാൾ വളരെ കൂടുതലായതു കാരണം ടെണ്ടർ ക്യാൻസൽ ചെയ്ത് റീ–ടെണ്ടർ ചെയ്യുവാൻ ഉത്തരവാകുകയും അതിൻ പ്രകാരം 2012–ലെ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് പുതുക്കി ടെണ്ടർ വിളിക്കാനുള്ള നടപടികൾ സൂപ്രണ്ടിംഗ് ഓഫീസിൽ അന്തിമഘട്ടത്തിലാണ്. ഈ പണികൾ പൂർത്തിയായാൽ മാത്രമേ പുതിയ ജലസംഭരണി പ്രവർത്തനക്ഷമമാക്കാൻ കഴിയൂ. നിലവിൽ പഴയ ജലസംഭരണി ഇപ്പോഴും പ്രവർത്തിക്കുന്നതിനാൽ കേരളത്തിലേയ്ക്കുള്ള ജലത്തിന്റെ അളവിൽ കുറവൊന്നും ഉണ്ടാകുന്നില്ല. പഴയ ടാങ്കിന്റെ കാലപഴക്കം പരിഗണിച്ചും 2036–ഓടെ കേരളത്തിലുണ്ടാകുന്ന വർദ്ധിച്ച ജല ഉപഭോഗവും കണക്കിലെടുത്തുമാണ് 29 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള പുതിയ ടാങ്ക് നിർമ്മിച്ചിട്ടുള്ളത്. ഇതൊരു ബാലൻസിംഗ് ടാങ്കായാണ് ഡിസൈൻ ചെയ്തിട്ടുള്ളത്. ഇത് റീ–ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി താമസിക്കുന്നതിനെപ്പറ്റി പ്രത്യേകം അന്വേഷിക്കുന്നതാണ്. ആ ടെണ്ടർ നടപടി എത്രയും പെട്ടെന്ന് ഉണ്ടാകാൻ അടിയന്തരമായ നിർദ്ദേശം നൽകുന്നതാണ്.

## മീനാട് കുടിവെള്ള പദ്ധതി

ശ്രീമതി പി. അയിഷാ പോറ്റി : സർ, ജപ്പാൻ സഹായത്തോടുകൂടിയുള്ള കൊല്ലം ജില്ലയിലുള്ള മീനാട് കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം പൂർണ്ണ തോതിൽ ആക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്. 2003–ൽ തുടങ്ങിയ പദ്ധതി നാളിതുവരെ പൂർത്തീകരിക്കാതെ എടുക്കുന്ന കോൺട്രാക്ടർ ഇഴച്ചിഴച്ച് കൊണ്ടുപോകുമ്പോൾ അതിന് ശക്തമായ നടപടി ഇല്ലാതെ വരുന്നു എന്നുള്ളതാണ് ഞങ്ങൾ മീറ്റിംഗുകളിലൊക്കെ ഇടപെടുമ്പോൾ ലഭിക്കുന്ന മറുപടി. കൊല്ലം ജില്ലയിൽ ഈ പദ്ധതി കടന്നുപോകുന്ന ഉമ്മന്നൂർ, വെളിയം പഞ്ചായത്തുകളെല്ലാം എന്റെ മണ്ഡലത്തിൽപ്പെട്ടതാണ്. അവിടെ പൈപ്പുകൾ വഴി വെള്ളം കൊല്ലത്തേയ്ക്ക് പോകുന്നുണ്ട്. എന്നാൽ ഇവിടെ താമസിക്കുന്നവർക്ക് വെള്ളം കിട്ടുന്നില്ല. അവർ അപേക്ഷ കൊടുത്ത് കാത്തിരിക്കുകയാണ്. ഇവർക്കെല്ലാം വലിയതോതിൽ കുടിവെള്ളം കൊടുക്കാൻ കഴിയുന്ന ഈ പദ്ധതി എത്രയും പെട്ടെന്ന് ഹൗസ് കണക്ഷൻ കൂടി കൊടുത്തുകൊണ്ട് ഈ പദ്ധതിയുടെ പ്രയോജനമുണ്ടാകുന്ന തരത്തിലേക്ക് അടിയന്തരമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. കൂടാതെ കഴിഞ്ഞ വർഷത്തെ കടുത്ത വരൾച്ചയിൽ ഈ ടാങ്കിൽ നിന്നുമാണ് കൊല്ലം ജില്ലയുടെ ഒരുപാട് ഭാഗത്തേക്ക് വെള്ളം കൊണ്ടുപോയത്. തൊട്ടടുത്തുള്ള പഞ്ചായത്തുകളിലെ ജനങ്ങൾക്കുപോലും കിട്ടാത്ത അവസ്ഥയാണുള്ളത്. അത് അടിയന്തരമായി പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ജപ്പാൻ സഹായത്തോടെ കൊല്ലം ജില്ലയിൽ നടപ്പിലാക്കുന്ന മീനാട് കുടിവെള്ള പദ്ധതിയിലെ പൈപ്പ്ലൈൻ പണികൾ 2013 ജൂണിൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഡിസ്ട്രിബ്യൂഷൻ പൈപ്പ് സ്ഥാപിക്കുന്ന പണികൾക്ക് ആദ്യം നൽകിയിരുന്ന കരാറുകൾ അവസാനിപ്പിച്ച് വീണ്ടും ടെണ്ടർ ചെയ്ത് കരാറുകൾ ഏർപ്പെടുത്തേണ്ടി വന്നതിനാലാണ് കാലതാമസം നേരിട്ടത്. 963 കി.മീറ്ററിൽ 779 കി.മീറ്റർ ദൈർഘ്യം വരുന്ന ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ പഞ്ചായത്ത് നഗരസഭ പ്രദേശത്തുകൂടി കുടിവെള്ളം ലഭ്യമാകത്തക്കവിധം 184 കി.മീ. ദൈർഘ്യത്തിൽ ലൈൻ ചാർജ് ചെയ്തിട്ടുണ്ട്. ഇതുവരെ മീനാട് കുടിവെള്ള പദ്ധതി പ്രകാരം 2130 കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. മീനാട് കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട ജിക്കാ കുടിവെള്ള പദ്ധതി നടപ്പാക്കാനുള്ള കാലതാമസം ഒഴിവാക്കി പ്രവർത്തനം പൂർത്തിയാക്കുവാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പുമന്ത്രി തലവനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി ചീഫ് സെക്രട്ടറി ഉൾപ്പെട്ട എംപവേർഡ് കമ്മിറ്റി ഫണ്ട് റിലീസിംഗ് കമ്മിറ്റി എന്നിവ സർക്കാർ തലത്തിൽ ജിക്കാ പ്രോജക്ടിന്റെ നടത്തിപ്പിനായി പ്രത്യേകം ഏർപ്പെടുത്തിയിട്ടുണ്ട്. 81 ശതമാനം പുരോഗതി കൈവരിച്ചിട്ടുളള മീനാട് പദ്ധതി 2014 ഡിസംബറോടെ കമ്മീഷൻ ചെയ്യാൻ കഴയുന്നതാണ്.

(മേശപ്പുറത്തുവച്ച കടലാസുകൾ)